2008 മാർച്ച്
അമാൻ 1386
1429 സഫർ - റ. അവ്വൽ
പുസ്തകം 80 ലക്കം 2
വരിസംഖ്യ - 150 ക.
ഒറ്റപ്രതി - 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

**ഖുത്വ്ബ**

**6** ജീവദായകമായ സ്വർഗ്ഗീയജലം
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

**ലേഖനം**

**8** ഫറോവയുടെ മരണം : ചില വിയോജിപ്പുകൾ
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**13** ഖലീഫ ദൈവനിയമിതനോ!
അഹ്മദ്ഖാൻ, കളിയിയ്ക്കവിള

**19** മുസ്‌ലിഹ് മൗഊദ് (റ):
സുവിശേഷ ദർശനങ്ങളുടെ ദിവ്യസാക്ഷാത്ക്കാരം
മൗലവി മുഹമ്മദ് അയ്യൂബ്

**22** സാമുവൽ ഹനിമാൻ
ഹോമിയോപ്പതിയുടെ ഉപജ്ഞാതാവ്
സുഹൈൽ സക്കിയുദ്ദീൻ ഹുസ്സയിൻ, ബോസ്റ്റൺ, യു.എസ്.എ.

**29** ഒന്നാം ഖലീഫ ഹദ്റത്ത്
മൗലാനാ നൂറുദ്ദീൻ സാഹിബ്
എ.ക്യു. മഹ്ദി

**31** സാമ്പത്തിക മൂല്യങ്ങൾ
മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ്

**35** ഖിലാഫത്തിനു അന്ത്യംകുറിച്ച
പാശ്ചാത്യാധിനിവേശം
പി. മുഹമ്മദ് കുട്ടശ്ശേരി

**കവിത**

**34** മൈത്രിയുടെ രാജപാത
കെ.പി.എ. പുന്നോൽ

**കുറിപ്പുകൾ**

**39** ജനാധിപത്യം പാകിസ്താനിൽ വേരുപിടിക്കുമോ?

**49** അനുസ്മരണം, വാർത്തകൾ

**ചീഫ് എഡിറ്റർ :** **മുഹമ്മദ് അയ്യൂബ്**, Mob: 9895308227
**എഡിറ്റർ :** **ഏ. എം. മുഹമ്മദ് സലിം**, Mob: 9895263384
**മാനേജർ :** **അഹ്മദ് ഹസ്സൻ**, Mob: 9446482108

**അസി. മാനേജർ**
കെ.എം. അഹമ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

*വിലാസം*
**സത്യദൂതൻ, ജി.എച്ച്.റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 6520733
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്


**സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നാളേക്കുവേണ്ടി താൻ മുൻകൂട്ടി ഒരുക്കി വെച്ചിട്ടുള്ളതെന്താണെന്ന് ഓരോ മനുഷ്യനും ചിന്തിക്കട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞനാകുന്നു തീർച്ച. (59:19)**

## നബിവചനം

നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും അഞ്ചുനേരത്തെ നമസ്ക്കാരം നിർവഹിക്കുകയും റമസാൻ മാസത്തിൽ നോമ്പനുഷ്ഠിക്കുകയും സക്കാത്തുകൊടുക്കുകയും ഭരണകർത്താക്കളെ അനുസരിക്കുകയും ചെയ്താൽ സ്വർഗത്തിൽ നിങ്ങൾക്ക് പ്രവേശിക്കാൻ കഴിയും.

(തിർമിദി)

**യുഗശബ്ദം**



# പിശാചിന്റെ വലയിൽ വീഴരുത്!

**വാഗ്ദത്ത മസീഹ് (അ)**

മനുഷ്യനെ വഴിപിഴപ്പിക്കുന്നതിനും അവന്റെ കർമാനുഷ്ഠാനങ്ങളെ താറുമാറാക്കുന്നതിനും വേണ്ടി പിശാച് എപ്പോഴും തക്കം പാർത്തിരിക്കുകയും കുഴപ്പമുണ്ടാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. നമസ്കരിക്കുമ്പോൾ, അതിലും മറ്റുള്ളവർ കാണണം എന്നു തുടങ്ങിയ ചിന്ത കലർത്തി കുഴപ്പമുണ്ടാക്കാനാഗ്രഹിക്കുന്നത് പിശാചാണ്. നമസ്കാരത്തിന് നേതൃത്വം കൊടുക്കുന്ന ഇമാമിനേയും ഈ ബലായിൽ അകപ്പെടുത്താൻ അവനാഗ്രഹിക്കുന്നു. അതുകൊണ്ട് അവന്റെ ആക്രമണത്തിന് ഒരിക്കലും വിധേയനാവാൻ പാടില്ല. കലഹക്കാരേയും കുറ്റവാളികളേയും അവൻ തുറന്ന നിലയിൽ ആക്രമിക്കുന്നു. ***(മൽഫൂസാത്ത് )***

മുഖക്കുറിപ്പ്

# മുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

പരിശുദ്ധമായ തങ്ങളുടെ പിന്തുടർച്ചക്ക് സന്താനങ്ങളില്ലാതെ ദുഃഖിച്ച ചില പ്രവാചകന്മാരുണ്ടായിരുന്നു. അവർ ദൈവത്തോടു മനംനൊന്തു പ്രാർത്ഥിച്ചപ്പോൾ ദൈവം അവർക്ക് പരിശുദ്ധരായ സന്താനങ്ങളെ നൽകി. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഇസ്‌ലാമിന്റെ ദയനീയമായ അവസ്ഥയിൽ വ്രണിതചിത്തനായി നീറുന്ന ഹൃദയത്തോടെയാണ് ഹോശിയാർപൂരിലെ ഒരു കെട്ടിടത്തിൽ സുദീർഘമായ ആരാധനയിലും പ്രാർത്ഥനയിലും നിമഗ്നനായത്. ദൈവത്തോട് ഹൃദയമുരുകി വിലാപങ്ങളുരുക്കഴിച്ചുകൊണ്ടുള്ള ഏകാന്തവും തീവ്രവുമായ നാൽപത് ദിവസത്തെ ഒരു തപോയജ്ഞമായിരുന്നു അത്. ഒടുവിൽ ദൈവത്തിൽ നിന്നും തന്റെ ദുഃഖവിലാപങ്ങൾക്ക് പരിഹാരമായി യുഗപ്രഭാവവാനായ ഒരു ദിവ്യ സുതനെക്കുറിച്ചുള്ള സുവിശേഷം ഹദ്റത്ത് അഹ്മദി(അ)ന് വെളിപാടായി നൽകപ്പെട്ടു. ആ വാഗ്ദത്ത പുത്രനായിരുന്നു ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ). സുവിശേഷത്തിൽ ഹദ്റത്ത് അഹ്മദ് (അ)നെ അഭിസംബോധന ചെയ്ത് അല്ലാഹു അരുളി:

*'ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നൽകുന്നു. നീ എന്നോട് ചോദിച്ചപ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർത്ഥനകൾക്കു സ്വീകാരം നൽകുകയും നിന്റെ യാത്ര നിനക്ക് അനുഗ്രഹകരമാവുകയും ചെയ്തിരിക്കുന്നു. ആകയാൽ നിനക്ക് സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്ക് നൽകപ്പെടും. ഒരു പാവനപുത്രൻ നിനക്ക് ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽ നിന്നും നിന്റെ സന്തതിയിൽ നിന്നുമുള്ളവൻ തന്നെയായിരിക്കും... അവൻ ലോകത്ത് വന്നു തന്റെ മസീഹി ഗുണവും റൂഹുൽ ഹഖിന്റെ അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും അവൻ കലിമത്തുല്ലാഹ് ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹം അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവർ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും....*

1889 ജനുവരി 12ന് വാഗ്ദത്ത മസീഹി(അ)ന് വാഗ്ദാനം ചെയ്യപ്പെട്ട ആ ഉത്തമസുതൻ പിറന്നുവീണു. പ്രവചനത്തിൽ പറയപ്പെട്ട എല്ലാ ലക്ഷണങ്ങളും അദ്ദേഹത്തിൽ അത്ഭുതകരമായ കണിശതയോടെയാണ് പിന്നീട് പുലർന്നത്. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 1914ൽ അഹ്മദിയ്യ ജമാഅത്തിന്റെ സാരഥ്യമേറ്റെടുത്തു.1965ൽ അദ്ദേഹം ദിവംഗതനാകുകയും ചെയ്തു. അഹ്മദിയ്യാ ജമാഅത്തിലെ ഖലീഫയായി അദ്ദേഹം വിരാജിച്ച അരനൂറ്റാണ്ട്, ലോക ചരിത്രത്തിലെ ഏറ്റവും സംഭവ ബഹുലമായ ഒരു കാലഘട്ടമായിരുന്നു. അദ്ദേഹത്തിന്റെ ദൈവികനിയോഗത്തിന്റെ സാക്ഷ്യപത്രം കൂടിയായിരുന്നു ഈ കാലഘട്ടവുമായുള്ള മുസ്‌ലിഹ്മൗഊദിന്റെ സാന്തത്യം. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ, 1917ലെ കമ്മ്യൂണിസ്റ്റ് വിപ്ലവം, വാർത്താവിനിമയരംഗത്തെ വളർച്ച,1920ലെ ലീഗ് ഓഫ് നേഷൻസിന്റെ രൂപീകരണം, തുർക്കി ഖിലാഫത്തിന്റെ പതനം, 1929 ലെ ആഗോള സാമ്പത്തിക തകർച്ച , 1932ലെ ആറ്റത്തിന്റെ വിഭജനം, ഹിറ്റ്ലറുടേയും ഫാസിസത്തിന്റേയും മുന്നേറ്റം, കമ്പ്യൂട്ടർയുഗത്തിന്റെ ആരംഭം, ഹിരോഷിമയിലേയും നാഗസാക്കിയിലേയും ആറ്റംബോംബ് വർഷം, ഐക്യരാഷ്ട്രസഭയുടെ രൂപവത്കരണം, ഇസ്രായേലിന്റെ ജനനം, ഇന്ത്യാ-പാക്ക് വിഭജനം, 1950-ലെ കൊറിയൻ യുദ്ധം, സ്ഫുട്നിക്കിന്റെ വിക്ഷേപം അങ്ങനെ മാനവരാശിയുടെ ഭാഗധേയം നിർണയിച്ച നിരവധി ലോകസംഭവങ്ങൾക്ക് മുമ്പിൽ സ്ഥാപിച്ച ഒരു ഇസ്‌ലാമിക ദർപ്പണം പോലെ അദ്ദേഹം നിലകൊണ്ടു. പരിവർത്തനാത്മകമായ ഒരു യുഗസന്ധിയോട് ഇസ്‌ലാമികമായി പ്രതികരിക്കുകയും പ്രതിപ്രവർത്തിക്കുകയും ചെയ്ത ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ ജീവിതം ഭാവിലോകത്തിന്റെ മാർഗരേഖയായിത്തീരും.

അഹ്മദിയ്യാ ജമാഅത്തിനു നേരിട്ട അഗ്നിപരീക്ഷണങ്ങളെല്ലാം ജ്ഞാനത്തിന്റെ അറ്റം കണ്ട സ്ഥിതപ്രജ്ഞനായ ആ മഹാമനീഷി ധീരമായി നേരിടുകയുണ്ടായി . ഖിലാഫത്തിലുണ്ടായ ഭിന്നിപ്പ്, അഹ്റാരികളുടേയും മൗദൂദികളുടേയും പ്രക്ഷോഭം ഇന്ത്യപാക്ക് വിഭജനത്തെതുടർന്ന് പലായനം, വിദേശങ്ങളിലെ മതപ്രചാരണം, സാഹിത്യ പ്രസിദ്ധീകരണം, റബ്‌വാ നാഗരിയുടെ നിർമ്മാണം മുതലായ സംഘർഷഭരിതവും പ്രശ്നസങ്കീർണ്ണവുമായ ഒരു പരീക്ഷണ കാലഘട്ടത്തെ അഹമദിയ്യാ ജമാഅത്തിന്റെ വിജയസോപനത്തിലേക്കുള്ള ചവിട്ടുപടവുകളാക്കി ആ ദിവ്യാത്മാവ് മാറ്റുകയായിരുന്നു. യുഗങ്ങളെ പ്രകാശപൂർണമാക്കുന്ന മുസ്‌ലിഹ് മൗഊദ് ഹസ്റത്ത് മിർസാബശീറുദ്ദീൻ (റ) നെക്കുറിച്ചുള്ള ചിന്തകൾ പ്രാർത്ഥനാനിർഭരമായി ഞങ്ങൾ കൂടി ഒരിയ്ക്കൽ അനുസ്മരിക്കുന്നു. ■

## ഖുത്ബ

# ജീവദായകമായ സ്വർഗ്ഗീയജലം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

***28-12-2007ൽ ബയ്ത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവ്വഹിച്ചത്***

സുവാർത്തകളടങ്ങിയ ദൃഷ്ടാന്തങ്ങളിൽ ഉണ്ടാകുന്ന ഒരു നിർവൃതി എന്താണെന്നുവെച്ചാൽ, സത്യവിശ്വാസി അവയുടെ ഇറക്കം കൊണ്ട് ദൃഢവിശ്വാസത്തിലും ദൈവജ്ഞാനത്തിലും വിശ്വാസശക്തിയിലും അഭിവൃദ്ധിപ്പെടുന്നതിനോടൊപ്പം അല്ലാഹുവിന്റെ സവിധത്തിൽ നിന്നുള്ള - അവന്റെ നാമം ആദരണീയമാണ്. ഉന്നതവും സുവാർത്തകളുടെ അടയാളങ്ങളിൽ നിറഞ്ഞുനില്ക്കുന്നതുമായ അനുഗ്രഹങ്ങളും പ്രത്യക്ഷവും അപ്രത്യക്ഷവും പ്രകടവും മറഞ്ഞതുമായ ഔദാര്യങ്ങളും ദർശിക്കുന്ന കാരണത്താൽ സ്നേഹത്തിലും അനുരാഗത്തിലും ദിനേന വളർന്നുകൊണ്ടിരിക്കുന്നു. വിശുദ്ധഖുർആനെ യഥാർത്ഥ നിലയിൽ പിൻപറ്റുന്നവർ ആ അടയാളങ്ങൾ എപ്പോഴും കണ്ടുകൊണ്ടിരിക്കുമെന്നുള്ള അനശ്വരമായ വാഗ്ദാനം നല്ക്കുകയാണ് ചെയ്തത്. ***ലഹുമുൽ ബുശ്റാ ഫിൽ ഹയാത്തിദ്ദുൻയാ വൽ ആഖിറ ലാ തബ്ദീല ലികലിമാത്തില്ലാഹ് ദാലിക്ക് ഹുവൽ ഫൗസുൽ അളീം.*** വിശ്വാസികളായവർ ഈ ലോകത്തും സുവാർത്തകൾ അടങ്ങിയ ദൃഷ്ടാന്തം കണ്ടുകൊണ്ടിരിക്കും. ഇക്കാരണത്താൽ അവർ ഇഹത്തിലും പരത്തിലും ദൈവജ്ഞാനത്തിന്റേയും ദൈവസ്നേഹത്തിന്റേയും മൈതാനങ്ങളിൽ അപാരമായ നിലയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടേയിരിക്കും. അല്ലാഹു പറഞ്ഞ കാര്യങ്ങളാണിത്. അതൊരിക്കലും അസ്തമിച്ചുപോകുകയില്ല. സുവാർത്തകൾ അടങ്ങിയ ദൃഷ്ടാന്തങ്ങൾ പ്രാപിക്കുകയെന്നതാണ് മഹത്തായ വിജയം. അതായത് സ്നേഹത്തിന്റെയും ഈശ്വരീയ ജ്ഞാനത്തിന്റെയും അവസാന സ്ഥാനംവരെയെത്തുക. അല്ലാഹുവിന്റെ എല്ലാ അടയാളങ്ങളേയും ഭീകരവും ഭീഷണവുമായി മനസ്സിലാക്കിക്കൊണ്ട്, ഖുർആനിക വചനത്തിന് അല്ലാഹു തഖ്വീഫിന്റെ വീക്ഷണത്തിൽ മാത്രമാണ് ദൃഷ്ടാന്തങ്ങൾ അയക്കുന്നതെന്ന് ഇപ്പോൾ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഒന്ന് തഖ്വീഫിന്റെ (ഭയപ്പെടുത്തൽ ) ഉദ്ദേശ്യത്തോടെയുള്ളതും മറ്റൊന്ന് തബ്ശീറിന്റെ (സുവാർത്ത അറിയിക്കൽ) ഉദ്ദേശ്യത്തോടെയുള്ളതുമാണ്.

രണ്ടു തരത്തിലുള്ള ദൃഷ്ടാന്തങ്ങളുടെ യാഥാർത്ഥ്യം ഇതാണ്. സത്യവിശ്വാസിക്കുള്ള ദൃഷ്ടാന്തം, അവനിൽ നന്മയും ഹൃദയഭക്തിയും വർദ്ധിപ്പിക്കുന്നതാണ്.

സത്യവിശ്വാസിയല്ലാത്തവർക്കും നിഷേധികൾക്കും ഭയപ്പെടുത്തുന്ന ദൃഷ്ടാന്തമാണ്. അല്ലാഹുവിന്റെ ഒരു കർമ്മവും ഒരിക്കലും പരിമിതമാകുകയില്ലെന്ന യാഥാർത്ഥ്യത്തെ മനസ്സിലാക്കാത്തവർക്കാണ് ഇത് മനസ്സിലാക്കിക്കൊടുത്തിരിക്കുന്നത്. ഭീഷണമായ സംഭവങ്ങൾ വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ടിരിക്കുന്നത്. അതിൽ നിന്ന് പാഠം പഠിച്ചുകൊണ്ട് തന്റെ ദുൻയാവും ആഖിറത്തും ഒരുക്കുന്നവർ ഭാഗ്യവാന്മാരാണ്.

അല്ലാഹുതആല വിവിധ സ്ഥലങ്ങളിൽ വിവിധ ഉദാഹരണത്തിലൂടെ, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ ആരാണ് വിശ്വസിക്കുന്നതെന്ന് പറഞ്ഞിരിക്കുന്നു. അവരിൽ എന്തെന്തെല്ലാം പ്രത്യേകതകൾ ഉണ്ടാവേണ്ടതാണ്. അല്ലെങ്കിൽ ആരുടെ ഈമാനിലാണ് വർദ്ധനയുണ്ടാകുന്നത്? ഉദാഹരണത്തിന് ഇബ്റാഹിം എന്ന അധ്യായത്തിൽ അല്ലാഹു പറയുന്നു.

*സത്യമായും നാം മൂസായെ നമ്മുടെ ദൃഷ്ടാന്തങ്ങളോടുകൂടി അയച്ചു. നിന്റെ ജനതയെ എല്ലാവിധ അന്ധകാരങ്ങളിൽ നിന്നും പുറത്തു കൊണ്ടുവന്ന് പ്രത്യാശയിലേക്ക് നയിക്കുകയെന്നും അവരെ അല്ലാഹുവിന്റെ നാളുകളെ സംബന്ധിച്ച് ഓർമ്മപ്പെടുത്തുകയെന്നുമുള്ള സന്ദേശം നല്കിക്കൊണ്ട്. അങ്ങേ*

*യറ്റം സഹനം കൈക്കൊള്ളുകയും കൂടുതൽ നന്ദി കാണിക്കുകയും ചെയ്യുന്നവർക്ക് തീർച്ചയായും അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.*

ഇവിടെ ഹദ്റത്ത് മൂസാ(അ) യെ സ്മരിച്ചുകൊണ്ട് പറയുന്നത്, മൂസാ(അ)യുടേയും അദ്ദേഹത്തിന്റെ അനുയായികളുടേയും സഹനവും നന്ദിയുമാണ് അവർക്ക് പ്രയോജനപ്പെട്ടതെന്ന് പറഞ്ഞിരിക്കുന്നു. വിശുദ്ധഖുർആനിൽ ഇത് പറഞ്ഞതിന്റെ ഉദ്ദേശ്യം മുസ്‌ലിംകളും അക്കാര്യം മനസ്സിലാക്കാനാണ്. പക്ഷേ, സഹനത്തിന്റേയും നന്ദിയുടേയും ഉദ്ദേ ശ്യം, എന്തുണ്ടായാലും എങ്ങനെയുണ്ടായാലും ഏതവസ്ഥയിലായാലും വീട്ടിലിരിക്കുക എന്നതല്ല. മറിച്ച്, അനുഗ്രഹങ്ങളെ ആദരിക്കുകയെന്നതാണ് അതിന്റെ ഉദ്ദേശ്യം. നന്ദി പ്രകടനവും ഉണ്ടാകണം, ഉള്ളതുകൊണ്ട് തൃപ്തിപ്പെടുകയും വേണം, സഹിക്കുകയും വേണം. നബി (സ) തിരുമേനി മൂസാ(അ) കൊ ണ്ടുവന്നതിനേക്കാളുപരിയായിട്ടുള്ള ധർമ്മശാസ്ത്രപരമായ കല്പനകളാണ് കൊണ്ടുവന്നത്.

ആ മഹാത്മാവ് അവസാന ശരീഅത്ത് കൊണ്ടുവന്നു. തത്ഫലമായി ദീൻ അതിന്റെ പൂർണ്ണതയിലെത്തി. അതു കൊണ്ട് നബി (സ) യെ വിശ്വസിക്കുന്നവരുടെ സഹനത്തിന്റേയും നന്ദിയുടേയും നിലവാരം വളരെ ഉയർന്നതായിരിക്കേണ്ടതാണ്. എങ്കിലെ, നബി (സ)യുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങളുടെ യഥാർത്ഥ അനന്തരാവകാശികളായിത്തീരുകയുള്ളൂ. ഹദ്റത്ത് മൂസാ (അ)യുടെ ജനത അനുഗ്രഹങ്ങളുടെ ആദരിച്ചിരുന്ന കാലമത്രയും വെളിച്ചം പ്രാപിച്ചു കൊണ്ടിരുന്നു. അനുഗ്രഹങ്ങളെ അവഗണിക്കാൻ തുടങ്ങിയപ്പോൾ അവരിൽ നിന്ന് അത് പിൻവലിച്ചു. ഈ സംഭവം വിവരിക്കുന്നതിന്റെ ഉദ്ദേശ്യം, സഹനവും നന്ദിയും ഒരു നിരന്തരമായ കർമ്മവും കഠിനാദ്ധ്വാനവും ആവശ്യപ്പെടുന്നു എന്നതാണ്. സ്ഥിരചിത്തതയോടുകൂടി അല്ലാഹുവിശുദ്ധ ഖുർആനിലൂടെ നമ്മോട് കല്പിച്ചിട്ടുള്ള നന്മകൾ ചെയ്തുകൊണ്ടേപോകുന്നതിന്റെ പേരാണ് സഹനവും നന്ദിയും. വിശുദ്ധ ഖുർആന്റെ മനോഹരമായ അധ്യാപനത്തിലൂടെ ഇടമുറിയാതെ ജിഹാദെ അക്ബർ ചെയ്യേണ്ട ആവശ്യമുണ്ട്. അതിൽ നമ്മുടെ ആത്മാവിന്റെ ശുദ്ധീകരണവും പ്രബോധനവും അല്ലാഹുവിന്റെ കാരുണ്യത്തിനുള്ള നന്ദി പ്രകടനവുമുണ്ട്.

ഇസ്‌ലാമിന്റെ അങ്ങേയറ്റം അധഃപതനാവസ്ഥയിൽ ഇക്കാലത്ത് അല്ലാഹു മസീഹ് മഹ്ദിയുടെ രൂപത്തിൽ ഒരു 'ജരിയുല്ല' (അല്ലാഹുവിന്റെ ഫയൽവാൻ)യെ അയച്ചതിനേക്കാൾ വലിയ അനുഗ്രഹം മറ്റെന്താകാനാണ്. അദ്ദേഹം നബി (സ) തിരുമേനിയുടെ യഥാർത്ഥ ദാസനാണ്. മൂസായുടെ ജനതയെക്കാളധികം അന്ധകാരത്തിൽ മുങ്ങിക്കിടന്നിരുന്ന ജനതയ്ക്ക് പ്രകാശം നല്കിയ ആ മഹാനായ നബിയുടെ ദാസനാണ്. ഹദ്റത്ത് മൂസായുടെ ഉദാഹരണം നല്കിയതുകൊണ്ടുള്ള ഉദ്ദേശ്യം നബി (സ) യെക്കാൾ മൂസായുടെ സ്ഥാനം ഉയർന്നതാണെന്നല്ല. മറിച്ച് അതുകൊണ്ടുള്ള ഉദ്ദേശ്യം ജനതകളെ അന്ധകാരങ്ങളിൽ നിന്ന് പ്രാകാശത്തിലേക്ക് കൊണ്ടുവരുന്നതിന്നായിട്ട് പ്രവാചകന്മാരെ അയക്കുന്നുവെന്ന് പറയാനാണ്. പ്രാകാശത്തിലേക്ക് വന്നതിനുശേഷം സ്ഥിരചിത്തതയോടെ നിലകൊള്ളുന്ന ജനത അല്ലാഹുവിന്റെ ദൃഷ്ടാന്തമായിത്തീരുന്നു. മടിയന്മാരാകുകയും, സഹനത്തിന്റെയും നന്ദിയുടെയും മാതൃക കാണിക്കാതിരിക്കുകയും ചെയ്യുന്നവരിൽ നിന്ന് അനുഗ്രഹം പിൻവലിക്കുന്നു. അല്ലാഹു പറയുന്നു, ഏ റസൂൽ (സ) മുസ്‌ലിംകൾക്കും പറഞ്ഞുകൊടുക്കുക, ഈ യാഥാർത്ഥ്യത്തെ കൃത്യതയോടെ പാലിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ സുവാർത്തകളടങ്ങിയ ദൃഷ്ടാന്തങ്ങൾക്ക് അർഹരായിത്തീരും. ഈ യാഥാർത്ഥ്യത്തെ മുറുകെ പിടിച്ചുകൊണ്ട്, ഇക്കാലത്ത് അല്ലാഹു മസീഹ് മൗഊദ്(അ)ന്റെ രൂപത്തിലിറക്കിയ ഈ അനുഗ്രഹത്തേയും ആദരിക്കുക; ആ കളഞ്ഞുപോയ മാഹാത്മ്യം തിരിച്ചുവരുന്നതിനുവേണ്ടി, ഈ വചനത്തിൽ അല്ലാഹു പറയുന്നു: *ദക്കിറുഹും ബി അയ്യാമില്ലാഹ്. അതായത് അവരെ അല്ലാഹുവിന്റെ ദിനങ്ങൾ ഓർമ്മിപ്പിക്കുക എന്ന്.*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഇതിനെ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു. അതായത്, അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് എടുത്തുമാറ്റുന്നതിനുള്ള രീതി ഇങ്ങനെയാണ്. ഒന്ന്, അല്ലാഹുവിന്റെ നിഅ്മത്തുകളെക്കുറിച്ച് പറഞ്ഞുകൊടുക്കുക. സത്യവിശ്വാസികളുമായിട്ട് എത്രമാത്രം സുവാർത്തകൾ ബന്ധപ്പെട്ടിരിക്കുന്നുവെന്നും എന്തെന്തെല്ലാം അനുഗ്രഹങ്ങളാണ് സത്യവിശ്വാസികൾക്ക് ലഭിക്കാൻ പോകുന്നതെന്നും പറഞ്ഞുകൊടുക്കുക. രണ്ടാമത്തേത്, ശിക്ഷയെക്കുറിച്ച് ഭയപ്പെടുത്തുക.

ഈ അവസ്ഥകൾ വിശുദ്ധ ഖുർആനിൽ ലിഖിതങ്ങളായി സുരക്ഷിതമാക്കിക്കൊണ്ട് മുസ്‌ലിംകൾക്ക് അനശ്വരമായ, ഉപദേശം നൽകി. അതായത് നിങ്ങളുടെ ദൃഷ്ടി എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പതിഞ്ഞിരിക്കേണ്ടതാണ്. അതിനോടൊപ്പം നന്ദികേട് കാണിച്ചവർക്കു കിട്ടിയ ശിക്ഷയും നോക്കിക്കാണുക. അപ്പോഴാണ് ഒരു മനുഷ്യൻ ശയ്ത്വാന്റെ ആക്രമണത്തിൽ നിന്ന് സുരക്ഷിതനായിരിക്കുന്നത്.

അല്ലാഹു അന്നഹ്ൽ എന്ന

*(ശേഷം 12-ൽ)*

Revelation Rationality Knowledge and Truth

ലേഖനം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

# ഫറോവയുടെ മരണം: ചില വിയോജിപ്പുകൾ

***മോസസി(അ)നെ പിന്തുടർന്ന ഫറോവ മരിച്ചത് ജലത്തിൻ മുങ്ങിയാണോ? വിശുദ്ധ ഖുർആന്റെ സൂക്ഷ്മപഠനങ്ങളും പുരാവസ്തുശാസ്ത്രവും മറ്റൊരു സൂചനയാണ് നൽകുന്നത്. ബൈബിളിൽ നിന്നും വ്യത്യസ്തമായി ഫിർഔന്റെ ജഡം സംരക്ഷിക്കപ്പെടുമെന്ന് പ്രവചിച്ചത് വിശുദ്ധ ഖുർആൻ മാത്രമാണ്. അത് ഖുർആന്റെ ഒരു ദിവ്യാത്ഭുതമാണ്.***

ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കും മുസ്‌ലിംകൾക്കും പൊതുതാല്പര്യമുള്ളതും മതപരമായി പ്രാധാന്യമുള്ളതുമായ മഹത്തായ ഒരു ചരിത്രസംഭവത്തിന്റെ വിവരണം നാം ഇവിടെ നൽകുവാനാരംഭിക്കുകയാണ്. അത് മോസസിന്റെ (അ) പുറപ്പാടു (Exodus)*മായി ബന്ധപ്പെട്ടതാണ്. നൈലിന്റെ അപകടകരമായ ഡെൻറ്റാ പ്രദേശം മോസസും (അ) അദ്ദേഹത്തിന്റെ ജനതയും സുരക്ഷിതമായി മുറിച്ചുകടന്നപ്പോൾ അദ്ദേഹത്തെ പിന്തുടർന്ന ഫറോവയുടെ സൈന്യത്തിന് എന്താണ് സംഭവിച്ചത്.

ബൈബിൾ പഴയനിയമത്തിലും, പുതിയ നിയമത്തിലും, വിശുദ്ധ ഖുർആനിലും ജൂതക്രൈസ്തവ ചരിത്രത്തിൽ ഇതേകാലത്ത് നടന്ന നിരവധി ചരിത്രസംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. പക്ഷേ ഇപ്പോഴത്തെ ചർച്ചക്കായി നാം വളരെ ശ്രദ്ധാപൂർവ്വം തിരഞ്ഞെടുത്തത് പുറപ്പാടാണ്. കാരണം അത് ഹ്രസ്വരൂപത്തിൽ ഖുർആനിക വെളിപാടുകളുടെ ദിവ്യപ്രകൃതി തുറന്നുകാട്ടുന്നു.

ബൈബിൾ അതിന്റെ സമകാലീന ചരിത്രം രേഖപ്പെടുത്തുന്നുവെങ്കിലും അവ താരതമ്യേന പ്രകടമായും ആഴം കുറഞ്ഞവയും ഉപരിതലത്തെ മാത്രം സ്പർശിക്കുന്നതുമാണ്. ബൈബിൾ ഈ സംഭവം രേഖപ്പെടുത്തുന്നത് മോസസിന്റെ താവളത്തിലെ ഒരു അനുയായിയുടെ നിരീക്ഷണ കോണിൽ നിന്നുകൊണ്ടാണ്. ഫറോവയും അദ്ദേഹത്തിന്റെ സൈന്യവും പർവ്വതസമാനമായ രണ്ട് ജലതരംഗങ്ങൾക്കിടയിൽപെട്ട് മുങ്ങിയ സംഭവം മോസസിന്റെ ഈ ക്യാമ്പിൽ വെച്ചാണ് നോക്കി പാർത്ത് കൊണ്ടാണ് മിക്കവാറും ബൈബിൾ രേഖപ്പെടുത്തിയത്. ഫറോവ മുങ്ങുന്നതിന് മുമ്പായി അയാൾക്ക് എന്ത് സംഭവിച്ചു? ഫറോവ മുങ്ങുന്ന നിമിഷത്തിൻ ദൈവത്തിനും ഫറോവക്കുമിടയിൽ നടന്ന സംഭാഷണമെന്ത്? ദൈവത്തോട് ഫറോവ എന്തെങ്കിലും യാചിച്ചിട്ടുണ്ടെങ്കിൽ അതെന്ത്? ഈ സംഗതികളെല്ലാം തന്നെ കരയിൽ നിന്നും സംഭവം നോക്കിക്കാണുന്ന ഒരു നിരീക്ഷകന്റെ നിരീക്ഷണപരിധിക്കപ്പുറത്തുള്ള കാര്യങ്ങളാണ്. ആയതിനാൽ ഫറോവയും അദ്ദേഹത്തിന്റെ സൈന്യത്തിലെ ഓരോരുത്തരും ആരും തന്നെ അവശേഷിക്കാത്തവിധം മുങ്ങിപ്പോയിയെന്നാണ് ബൈബിൾ പ്രതിപാദനം.

***'ഇസ്രയേൽക്കാരെ പിന്തുടർന്ന രഥങ്ങളേയും കുതിരപ്പടയേയും ഫറവോന്റെ മുഴുവൻ സൈന്യത്തേയും വെള്ളം വന്നു മൂടി ഒരുത്തനും ശേഷിച്ചില്ല. വെള്ളം ഇടതും വലതും മതിൽ പോലെ ഉയർന്നു നിന്നിരുന്നതി***

* **പുറപ്പാട് :** ഇസ്രയേൽ ജനം മോസസിന്റെ നേതൃത്വത്തിൽ ഈജിപ്ഷ്യൻ അടിമത്വത്തിൽ നിന്നും മോചിപ്പിക്കപ്പെട്ടു ഫലസ്തീൻ ദേശത്തേക്ക് പലായനം ചെയ്ത സംഭവമാണ് പുറപ്പാട്. ബൈബിളിൽ ഇതേ പേരിൽ ഒരദ്ധ്യായമുണ്ട്. (വിവ:)

***നാൽ ഇസ്രായേൽ ജനം സമുദ്ര ത്തിലൂടെ കടന്നുപോയി. (പുറപ്പാട്: 14:28, 29)***

ഈ ബൈബിൾ പ്രസ്താവന പ്രകാരം വ്യക്തമായും എല്ലാവരും സമുദ്രത്തിൽ മുങ്ങി മരിച്ചിരുന്നു. ഫറോവയും ഇതിൽ നിന്നും രക്ഷ പ്പെട്ടില്ല. സൈന്യത്തിന്റെ പരാജയം പൂർണ്ണമായിരുന്നു. ഈ പ്രസ്താവ നക്ക് വിരുദ്ധമായതാണ് ഇതേസംഭ വത്തെക്കുറിച്ചുള്ള ഖുർആന്റെ വി വരണം. വ്യത്യാസം വളരെ വ്യക്ത മാണ്.

***നാം ഇസ്രായേൽ സന്തതി കളെ സമുദ്രം കടത്തിവിട്ടു. അപ്പോൾ ഫിർഔനും അവന്റെ സൈന്യങ്ങളും അക്രമപരമായും വിദ്വേഷപരമായും അവരെ പിന്തു ടർന്നു. ഒടുവിൽ മുങ്ങുന്ന (വിപ ത്ത്) അവരെ പിടികൂടിയപ്പോൾ. അവൻ പറഞ്ഞു: 'ബനൂഇസ്റാ യീൽ വിശ്വസിച്ചിട്ടുളള ദൈവമ ല്ലാതെ മറ്റൊരു ദൈവവുമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ അനുസരണമുള്ളവരിൽ പെട്ടവനു മാകുന്നു.' എന്ത്! ഇപ്പോഴോ? മുമ്പേ നീ ധിക്കരിച്ചിരുന്നു. നീ കുഴപ്പക്കാ രിൽപ്പെട്ടവനുമായിരുന്നു. അതി നാൽ നിന്റെ ശരീരത്തെ (മാത്രം) നാം ഇന്ന് രക്ഷപ്പെടുത്തും. നിന്റെ പുറകെയുള്ളവർക്ക് നീ ഒരു ദൃ ഷ്ടാന്തമായിരിക്കാൻവേണ്ടി. തീർ ച്ചയായും മനുഷ്യരിൽ അധികം പേരും നമ്മുടെ ദൃഷ്ടാന്തങ്ങളെ ക്കുറിച്ച് അശ്രദ്ധരാണ്. (10:91-93)***

ഖുർആന്റെ ഈ പ്രസ്താവ നക്ക് വിരുദ്ധമായി ഫറോവയുടെ ശരീരത്തിന്റെ വീണ്ടെടുപ്പിന്റെ സാധ്യതയെപറ്റി യാതൊരു സൂച നയും ബൈബിളിൽ കാണുന്നില്ല. അവരിൽപ്പെട്ട ഒരാളും തന്നെ അവ ശേഷിച്ചില്ല എന്നാണ് ബൈബിൾ പരാമർശം. ഫറോവയുടെ ശരീരം. ഭാവിതലമുറക്ക് ഒരു ദൃഷ്ടാന്തം എന്ന നിലയിൽ സംരക്ഷിക്കുമെന്ന് ഖുർആൻ പറയുന്നത് വരെ മനു ഷ്യനെഴുതിയ ചരിത്രത്തിലൊന്നും തന്നെ ഒരിക്കലും അത് സംബന്ധിച്ച് ഒരു പരാമർശമുണ്ടായിട്ടില്ല.

ഖുർആൻ വെളിപ്പെടുന്ന അവ സരത്തിൽ - മരുഭൂമിയുടെ അഗാ ധതകളിൽ അടുക്കുകൾക്ക് മീതെ അടുക്കുകളായി ഈജിപ്ഷ്യൻ രാ ജാക്കന്മാരുടെ മൃതശരീരങ്ങൾ കുഴി ച്ചുമൂടപ്പെട്ടുകിടക്കുകയായിരുന്നു. ആ കാലഘട്ടത്തിൽ മൃതശരീരം മമ്മിയാക്കുന്ന ശാസ്ത്രത്തെ സംബ ന്ധിച്ച് ചുരുക്കം ചിലത് മാത്രമേ ജനങ്ങൾ അറിഞ്ഞിരുന്നുള്ളൂ. അറ ബികൾക്ക് തീർച്ചയായും അതിനെ പറ്റി അറിയില്ലായിരുന്നു. മതപരമോ അല്ലാത്തതോ ആയ ഒരു പുസ്ത കത്തിലോ ഒരു പാരമ്പര്യത്തിലോ ഫറോവയുടെ ശരീരത്തെ രക്ഷപ്പെ ടുത്തിയ വിവരം പരാമർശിക്കുക യോ അതിനുശേഷം അത് സംരക്ഷി ക്കുമെന്ന് പറയുകയോ ചെയ്തിട്ടി ല്ല. ഖുർആന്റെ ഈ പരാമർശം ഈ രണ്ട് അർത്ഥത്തിലും അതുല്യമാ ണ്. എന്തെന്നാൽ പുറം ലോകത്തി ന് ഇത് വരെ അറിയാൻ കഴിഞ്ഞി ട്ടില്ലാത്ത ഭൂതകാലസംഭവങ്ങൾ വെ ളിപാടിലൂടെ ഖുർആൻ അറിയി ക്കുക മാത്രമല്ല, ഭാവിയിൽ, ഖുർആ നിക പ്രസ്താവനയുടെ സത്യത തെളിയിക്കുമെന്ന് പ്രവചിക്കുകയും ചെയ്യുന്നു. ബൈബിൾ വിവരിച്ച സാഹചര്യത്തിൽ ഫറോവയുടെ ശരീരം മുങ്ങുക എന്നത് അസം ഭവ്യമാണെന്ന് കരുതാൻ ന്യായ മുണ്ട്. മുങ്ങിയാൽ തന്നെ വീണ്ടെ ടുക്കാവുന്നതാണ്. അങ്ങിനെ ഒരു ശരീരം വെള്ളത്തിൽ നിന്നും വീ ണ്ടെടുത്താൽ അതിനെ മമ്മിയാക്കു വാൻ നിസ്സാരമല്ലാത്ത പല പ്രശ്ന ങ്ങളുമുണ്ട്.

എന്നിട്ടും ഖുർആന്റെ അവകാ ശവാദം ഫറോവയുടെ ശരീരം സംര ക്ഷിക്കുമെന്നാണ്. ഖുർആൻ അവ തരിക്കുന്ന കാലത്ത് ലഭ്യമായിരുന്ന ചരിത്രപരമായ തെളിവുകൾക്കെ തിരെ ഇത്തരം ഒരു പ്രസ്താവന നൽക എന്നത് ഒരു മനുഷ്യനും സ്വപ്നം കാണാൻ പോലും കഴിയാ ത്ത കാര്യമാണ്. ആളുകൾക്കെല്ലാ മറിയുന്നത്, ഫറോവയുടെ ശരീരം കടൽ വിഴുങ്ങി എന്നന്നേക്കുമായി നഷ്ടപ്പെട്ടുവെന്ന് മാത്രമായിരുന്നു. ഈജിപ്തിലെ ശവകുടീരമോഷ്ടാ ക്കൾപോലും രാജാക്കന്മാരുടെ താഴ്‌വരയിൽ* മറമാടിയ ശവകുടീ രങ്ങളിലേതെങ്കിലുമൊന്നിൽ ഫറോ വയുണ്ടാകുമെന്ന് വിചാരംപോലുമു ണ്ടായിരുന്നില്ല. ഇസ്‌ലാം മതത്തിന്റെ പ്രവാചകനാണ് ഖുർആന്റെ കർ ത്താവെങ്കിൽ, ഇത്തരത്തിൽ അസാ ധാരണമായ ഒരു പ്രസ്താവന നട ത്തുവാൻ അദ്ദേഹത്തിന് എങ്ങിനെ സാധ്യമായി. ഈ പ്രസ്താവന അ ദ്ദേഹത്തെ ഒരു വിധത്തിലും സഹാ യിച്ചിട്ടുണ്ടാവുകയുമില്ല.

എന്തെങ്കിലുമുണ്ടെങ്കിൽ തന്നെ അത് എതിരഭിപ്രായമുണ്ടാക്കുന്നതാ യിരിക്കും. പ്രവാചകന്റെ പ്രസ്താ വന വെല്ലുവിളിക്കപ്പെടുകയാണെ ങ്കിൽ അദ്ദേഹം ഉന്നയിച്ച തർക്കത്തി ന്നനുകൂലമായി യാതൊരു തെളി

* **രാജാക്കന്മാരുടെ താഴ്‌വര :** ഈജിപ്തിലെ നൈൽനദിയുടെ പടിഞ്ഞാറെക്കരയിൽ തീബ്സ് നഗരത്തിനരികെ മിക്ക ഫറോവമാ രേയും അടക്കം ചെയ്ത ഇടുങ്ങിയ താഴ്‌വരയാണ് 'രാജാക്കന്മാരുടെ താഴ്‌വര' എന്നറിയപ്പെടുന്നത്. 60 രാജകീയ ശവക്കുടീരങ്ങളും മമ്മിക ളുമാണ് ഇവിടെനിന്നും കണ്ടെടുത്തത്. 1817ൽ ഇറ്റാലിയൻ പുരാവസ്തു പര്യവേഷകനായ ജി.ബി. ബെൻസോണിയാണ് ആദ്യമായി സെതി ഫറോവ(Sethi Pharoea)യുടെ മമ്മി ഇവിടെ നിന്നും കണ്ടെത്തിയത്. താഴ്‌വരയിലെ ശവകുടീരങ്ങളിൽ സൂക്ഷിച്ചിരുന്ന ഭാരിച്ച സ്വർണവും മറ്റു വിലപിടിപ്പുള്ള വസ്തുക്കളും നിരന്തരം കള്ളന്മാരുടെ കവർച്ചക്ക് വിധേയമായിരുന്നു എന്നിട്ടും 1881ലാണ് തീബ്സിലെ ദെയ്റ-ൽ ബഹാരിയിൽ നിന്നും നാൽപ്പത് മമ്മികളുടെ കൂട്ടത്തിൽ രംസീസ് രണ്ടാമന്റെ മമ്മി കണ്ടെത്തിയത്. ബി.സി. ആയിരാമാണ്ടിൽ ഒരു പുരോ ഹിതനാണ് ഫറോവമാരുടെ എല്ലാ മമ്മികളും ഒരുമിച്ചു കൂടി രാജാക്കന്മാരുടെ താഴ്‌വര എന്നറിയപ്പെടുന്ന ഇവിടെ മറമാടിയത് എന്ന് കരുത പ്പെടുന്നു. (വിവ:)

വും കൊണ്ടുവരുവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. ഒരേയൊരു വഴി ഖുർആന്റെ സത്യവുമായി രാജിയാവുക എന്നത് മാത്രമായിരുന്നു. ഖുർആൻ വെളിപ്പെട്ടു കഴിഞ്ഞ് നിരവധി നൂറ്റാണ്ടുകൾ കഴിഞ്ഞതിനുശേഷമാണ് ഭൂമി ഫിർഔന്റെ രഹസ്യത്തിലേക്ക് വെളിച്ചം വീശിയത്. മോസസി(അ)ന്റെ കാലത്ത് വാണിരുന്നു എന്ന് പറയപ്പെടുന്ന എല്ലാ ഫറോവമാരുടേയും മമ്മിഫൈ ചെയ്ത മൃതദേഹങ്ങൾ വീണ്ടെടുക്കുകയുണ്ടായി.

മോസസി(അ)ന്റെ ഫറോവ റംസീസ് രണ്ടാമനാണോ അതല്ല മറ്റാരെങ്കിലുമാണോ എന്ന വിവാദം ഇപ്പോഴും തുടരുന്നു. വാസ്തവത്തിൽ രാജാക്കന്മാരുടെ താഴ്വരയിൽ നിന്ന് കണ്ടെടുക്കപ്പെട്ട മമ്മികളിലൊന്ന് മോസസു(അ)മായി ഏറ്റുമുട്ടിയ ഫറോവയാണെന്ന കാര്യം ഇപ്പോൾ തർക്കമറ്റതാണ്. അതുകൊണ്ട് ഒരാൾക്ക് നിരൂപിച്ചെടുക്കാവുന്ന ഒരേയൊരു നിഗമനം മുഴുലോകചരിത്രവും രേഖപ്പെടുത്തിയ വിധിതീർപ്പിനെതിരായ ഖുർആന്റെ വിധിതീർപ്പ് മാത്രമാണ് ശരി എന്നാണ്. ***'അതിനാൽ നിന്റെ ശരീരത്തെ മാത്രം നാം ഇന്ന് രക്ഷപ്പെടുത്തും'***. ഇതായിരുന്നു ഖുർആന്റെ വിധി പ്രസ്താവം. ആ വിധി പ്രസ്താവമാണ് ഇന്ന് ലോകത്തിന്റെ വിധി പ്രസ്താവമായി വന്നിരിക്കുന്നത്.

ദൈവത്തിന്റെ ഫറോവയോടുള്ള ഈ അഭിസംബോധനയുടെ ഒരു സാധ്യമായ അർത്ഥം ഇതാണ്. അതായത് അദ്ദേഹത്തിന് രക്ഷപ്പെടാനുള്ള സമയം കഴിഞ്ഞിരിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ മൃതശരീരം രക്ഷിക്കപ്പെടുന്നതാണ്. മറ്റൊരു സാധ്യമായ അർത്ഥം ഇതാണ്. അദ്ദേഹത്തിന്റെ വിശ്വാസം സ്വീകരിക്കപ്പെടാനുള്ള സമയം കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ആത്മാവ് രക്ഷിക്കപ്പെടുകയില്ല. ഇവിടെ അദ്ദേഹത്തിന്റെ ശരീരം മാത്രം ജീവഛവം (zombie-ചലിക്കുന്ന മൃതശരീരം) പോലെ, ആത്മാവില്ലാതെ രക്ഷിക്കപ്പെടും എന്നാണ് അർത്ഥം. നമ്മുടെ അഭിപ്രായപ്രകാരം ഖുർആൻ ഉദ്ദേശിച്ചത് രണ്ടാമത് പറഞ്ഞ അർത്ഥമാണ്. ഫറോവയെ രക്ഷിക്കും പക്ഷേ ആത്മീയത നഷ്ടപ്പെട്ട അവസ്ഥയിലായിരിക്കും. നമ്മുടെ നിഗമനത്തിന് ഉപോദ്ബലകമായി ഈ സംഭവകഥനത്തിൽ ഖുർആൻ സ്വീകരിച്ച ശൈലി ഉദ്ധരിക്കാം. ഖുർആന്റെ പ്രയോഗശൈലിയുടെ പ്രത്യേക താല്പര്യമെന്താണെന്നു നോക്കാം. ***'നിന്റെ ശരീരത്തെ മാത്രം നാം ഇന്ന് രക്ഷപ്പെടുത്തും'*** എന്നതാണ് ആ ശൈലി.

ഫറോവ തന്റെ മൃതശരീരം രക്ഷപ്പെടുത്തുന്നതിനേക്കാൾ ഇവിടെ ഭൂമിയിലെ രക്ഷപ്പെടലിനെക്കുറിച്ചായിരിക്കും ഉത്കണ്ഠാകുലനായിരിക്കുക എന്ന് വ്യക്തമാണ്. ഫറോവയുടെ ആത്മീയജീവിതമോ ശാരീരിക ജീവിതമോ രക്ഷിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ *'നിന്റെ ശരീരത്തെ മാത്രം ഇന്ന് ഞാൻ രക്ഷപ്പെടുത്തും'* എന്ന വാഗ്ദാനത്തിന്റെ അർത്ഥമെന്താണ്? ഫറോവ തന്റെ മൃതശരീരം രക്ഷപ്പെടുത്തുവാൻ വേണ്ടി ഒരിക്കലും പ്രാർത്ഥിക്കില്ല എന്നത് വളരെ വ്യക്തമാണ്.

ഖുർആനിൽ നിന്നും വ്യക്തമാവുന്നത്പോലെ ഫിർഔന്റെ പ്രാർത്ഥന ഭാഗികമായിട്ടാണെങ്കിൽ പോലും സ്വീകരിച്ചെങ്കിൽ, അദ്ദേഹത്തിന് ആത്മീയമായും ശാരീരികമായും മരിക്കുക എന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല. അത് അദ്ദേഹം പ്രാർത്ഥനയിലൂടെ യാചിച്ചതിന്റെ സമ്പൂർണ്ണ നിഷേധത്തിനു തുല്യമാണ്. ഇസ്രായേലി ദൈവത്തിലുള്ള അദ്ദേഹത്തിന്റെ വിശ്വാസപ്രഖ്യാപനം അദ്ദേഹത്തിന്റെ ജീവനെപറ്റിയുള്ള ഭയം കൊണ്ടായിരിക്കണം. ആയതിനാൽ ഇത് നിരർത്ഥകമായതിനാൽ ന്യായപൂർവ്വം നിരസിക്കപ്പെട്ടിരിക്കണം. വാഗ്ദാനമിതാണ്. അദ്ദേഹത്തിന്റെ ശരീരം മാത്രമാണ് രക്ഷപ്പെടുത്തുക ആത്മാവിനെയല്ല. എ ന്നാൽ മിക്ക മുസ്ലിം പണ്ഡിതന്മാരും ഫറോവയുടെ അഭയയാചന ദൈവം പൂർണ്ണമായും നിരാകരിച്ചുവെന്നാണ് ശക്തമായും അഭിപ്രായപ്പെടുന്നത്. അദ്ദേഹത്തിന്റെ ശരീരം രക്ഷിക്കപ്പെടുമെന്ന വാഗ്ദാനം മൃതശരീരം കടലിൽ നിന്നും രക്ഷപ്പെടുത്തുമെന്നത് മാത്രമാണെന്ന് അവർ പറയുന്നു.

ബൈബിളും ഖുർആനും വിവരിക്കുന്ന സാഹചര്യമെടുക്കുകയാണെങ്കിൽ അവരെ സംബന്ധിച്ചേടത്തോളം അത് പോലും ചെറുതല്ലാത്ത ഒരു ദിവ്യാത്ഭുതമാണ്. വാസ്തവത്തിൽ മൃതശരീരം രക്ഷിക്കപ്പെടും എന്ന വാഗ്ദാനം പോലും മുങ്ങിക്കൊണ്ടിരിക്കുന്ന ഫറോവക്ക് മഹത്തായ ഒരു ആനുകൂല്യമാണെന്ന് അവർ കരുതുന്നു.

ഫറോവമാർ വളരെ അഹംങ്കാരികളായ ഒരു രാജവംശമായിരുന്നു എന്നാണ് അവരുടെ വാദം. അദ്ദേഹത്തിന്റെ മരണനിമിഷത്തിൽ തന്റെ ശരീരം സംരക്ഷിക്കപ്പെടും എന്ന വെറും വാഗ്ദാനം പോലും അദ്ദേഹത്തിനു കുറച്ച് ആശ്വാസം ഉണ്ടാക്കിയിരിക്കണം. എന്നാൽ ദൈവത്തിന്റെ ഉദ്ദേശ്യം അദ്ദേഹത്തിന്റെ പൊങ്ങച്ചത്തെ മാത്രം തൃപ്തിപ്പെടുത്തുക എന്നതായിരുന്നില്ല. ദൈവത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം ഭാവിതലമുറക്ക് പലവിധത്തിലും പ്രാധാന്യമുള്ള വമ്പിച്ച ഒരു ദൃഷ്ടാന്തം നൽകുക എന്നതാണ്. അതിൽ നിന്നും അവർക്ക് ധാരാളം ഗുണപാഠങ്ങൾ ലഭ്യവുമായിരിക്കും എന്നാണ് അവർ പറയുന്നത്.

ഇവിടെ നാം ചർച്ച ചെയ്യുന്ന ഫറോവ മുങ്ങിമരിച്ചതാണെന്നോ

അദ്ദേഹത്തിന്റെ ശരീരം മാത്രമാണ് രക്ഷിക്കപ്പെട്ടതെന്നോ അല്ലെങ്കിൽ മുങ്ങുമ്പോൾ ആസന്നമരണനായിരിക്കെ അദ്ദേഹം രക്ഷപ്പെടുകയാണുണ്ടായതെന്നോ ഉള്ള വിവാദങ്ങളുടെ അനന്തരഫലങ്ങൾ എന്തുമായിക്കൊള്ളട്ടെ അതൊന്നും ഖുർആന്റെ ദിവ്യാത്ഭുതത്തിന് യാതൊരു മങ്ങലുമേൽക്കുന്നില്ല. ഖുർആൻ പ്രവചിച്ചത് പോലെ ഫറോവയുടെ ശരീരം തീർച്ചയായും സംരക്ഷിക്കപ്പെടുകയും ആ സത്യം ഭാവിതലമുറയുടെ അറിവിന്നു മുന്നിൽ കൊണ്ടുവരികയും ചെയ്തിരിക്കുന്നു.

യാദൃശ്ചികമെന്ന് പറയട്ടെ ഫറോവ മരിക്കുകയും അദ്ദേഹത്തിന്റെ ശരീരം സംരക്ഷിക്കപ്പെടുകയും ചെയ്തുവെന്ന് വിശ്വസിക്കുന്ന പണ്ഡിതന്മാർ പ്രസ്തുത ഫറോവ രംസീസ് രണ്ടാമനെ (Rameses II) പിന്തുടർന്നു വന്ന മെർണെപ്ത് (Mernepth) ആണെന്നും രംസിസ് അല്ലെന്നുമാണ് പറയുന്നത്. മോസസ് (അ) രണ്ട് ഫറോവമാരുടെ ഭരണത്തിനു കീഴിൽ ജീവിച്ചു എന്ന വസ്തുത ഇതിലടങ്ങിയിരിക്കുന്നു. രംസീസ് II രാജാവായിരുന്നപ്പോഴായിരുന്നു മോസസ് (അ) ജനിക്കുന്നതും രംസീസിന്റെ ചെറുപ്പക്കാരിയായിരുന്നുവെന്ന് കരുതപ്പെടുന്ന ദൈവഭക്തയായ ഫറോവയുടെ ഭാര്യമാരിലൊരാൾ അദ്ദേഹത്തെ കൊട്ടാരത്തിലേക്ക് കൊണ്ടുവരുന്നതും. അവർക്ക് സ്വന്തമായി കുട്ടികളില്ലായിരുന്നു. ഒരു കുട്ടിയെ ദത്തെടുക്കാനുള്ള അവരുടെ ആഗ്രഹം മനസ്സിലാക്കാവുന്നതാണ്. ഈയൊരു പ്രമേയം അംഗീകരിക്കുകയാണെങ്കിൽ മോസസ് (അ) മിദിയൻ ദേശത്തേക്ക് പോകുകയും രംസീസ് IIാമന്റെ മരണശേഷം മെർണെപ്ത് അധികാരമേറ്റെടുത്തപ്പോൾ ഈജിപ്തിലേക്ക് മടങ്ങി വരികയും ചെയ്യേണ്ടതുണ്ട്.* അവർ തങ്ങളുടെ വാദത്തിന്നു തെളിവായിക്കൊണ്ട് ബൈബിൾ ഉദ്ദരിക്കുന്നു. അതായത് മിദിയൻ ദേശത്തെ പ്രവാസജീവിതകാലത്ത് നരവേട്ടക്കാരനായ ഫറോവ മരിച്ചുവെന്ന് ദൈവത്തിൽ നിന്നും മോസസിന് (അ) അറിയിപ്പുണ്ടായി എന്നുമാണ് ബൈബിൾ പരാമർശം.

ഈയൊരു വിവരണം യുക്തിപരവും സ്വീകാര്യവുമാണെന്നു തോന്നും. പക്ഷേ പ്രത്യക്ഷത്തിൽ മാത്രമാണത്. ഒരു രാജാവിന്റെ മരണം ഒരാൾ ചെയ്ത കുറ്റത്തിൽ നിന്നും അയാളെ കുറ്റവിമുക്തനാക്കുന്നില്ല. എന്തുതന്നെയായാലും അതിൻ യുക്തിയില്ല. ഏതെങ്കിലും ഒരു ഫറോവയുടെ മരണം മൂലം മോസസി (അ)ന്റെ ഭയം നീങ്ങികിട്ടിയതായി ദൈവം വിദൂരമായിപോലും ഒരു സൂചനയും നൽകുന്നില്ല. അതിനുപകരം ഫറോവയെ സമീപിക്കുന്നതിൽ ഭയന്നിരുന്ന മോസസി (അ)നോടും അഹറോനോടും (അ) ഭയപ്പെടാനൊന്നുമില്ലെന്നും മോസസിനേയും സഹോദരനേയും ദൈവം രക്ഷിക്കുമെന്നുമാണ് പറയപ്പെട്ടത്. ഇതാണ് കൂടുതൽ ബുദ്ധിപരമായ വിവരണം.

പ്രശ്നമിതാണ്. രംസീസ് രണ്ടാമന്റെ മമ്മിയെ പറ്റിയുള്ള പുരാവസ്തു ശാസ്ത്രപ്രകാരമുള്ള തെളിവുകൾ പ്രകാരം രംസീസ് രണ്ടാമൻ തൊണ്ണൂറ് വയസ്സിന്റെ നിറവിലായിരുന്നു മരണപ്പെട്ടത്. അദ്ദേഹത്തിന്റെ ആയുസ്സിന്റെ അവസാന മുപ്പത് വർഷങ്ങൾ അദ്ദേഹം ശയ്യാവലംബിതനും, ആർട്ടിരിയോസ്കിറിലോസിസ് (Arteriosclerosis) എന്ന രോഗം ബാധിച്ച് ഇടർച്ച പറ്റിയ പടുവൃദ്ധനുമായിരുന്നു. ഈ രോഗത്തിന്റെ ഫലമായി അദ്ദേഹത്തിനു മുങ്ങിമരിക്കാൻ പോകുന്ന ഒരവസ്ഥ സൃഷ്ടിച്ചിരിക്കാം. അതായത് നീട്ടികിട്ടിയ പിൽക്കാല ജീവിതത്തിൽ രോഗം മൂലം അദ്ദേഹത്തിന്റെ മസ്തിഷ്ക്കത്തിന് ഓക്സിജന്റെ ലഭ്യത കുറഞ്ഞിരിക്കാം. (മുങ്ങി മരിക്കുന്നവനും, ബ്രെയിനിൽ ഓക്സിജന്റെ ലഭ്യത കുറയുന്നതാണല്ലോ മരണകാരണം).

മിദിയനിൽ മോസസി(അ)ന്റെ പ്രവാസജീവിതം മൊത്തം എട്ട് മുതൽ പത്ത് വർഷം വരെയാണ്. പ്രവാസ ജീവിതകാലത്തിന്റെ അവസാനം രംസീസ് രണ്ടാമന് നാൽപത് മുതൽ അൻപത് വരെ വയസ്സിനു മുകളിലായിരിക്കാൻ സാധ്യതയില്ല. മോസസി(അ)നെ ഒരു പ്രവാചകൻ എന്ന നിലക്ക് ഈജിപ്തിലേക്കുള്ള മടക്കത്തിന് നിർദ്ദേശം നൽകാൻ ഫറോവയുടെ മരണം സംഭവിക്കുന്നത് വരെ ദൈവം കാത്തിരിക്കുകയായിരുന്നുവെന്ന ബൈബിൾ പ്രസ്താവന സ്വീകാര്യയോഗ്യമല്ല. എന്നാൽ ഖുർആൻ വിവരണപ്രകാരം മിദിയനിൽ നിന്നും മടങ്ങി വന്ന മോസസ്സി (അ)നെ പണ്ട് ഈജിപ്തിൽ വെച്ചു നടന്ന കൊലപാതകത്തിന്റെ പേരിൽ കുറ്റാരോപണം നടത്തുന്ന ഫറോവയേയാണ് കാണുന്നത്. എന്നാൽ മോസസ്(അ) കാണിച്ച ദൈവികാടയാളങ്ങളെ തുടർന്ന് അദ്ദേഹത്തിന്റെ മേൽ നടപടികളെടുക്കാൻ ഫറോവ സംശയിച്ചു നില്ക്കുകയും ചെയ്യുന്നു. മോസസ്(അ) ഈജിപ്തിലേക്ക് തിരിച്ചുവന്നത് ഒരു ഫറോവ മരിച്ച് മറ്റൊരു ഫറോവ അധികാരമേറ്റെടുത്തപ്പോൾ ശിക്ഷയിൽ നിന്നും രക്ഷപ്പെടുമെന്നുള്ള മോഹവുമായിട്ടായിരുന്നില്ല എന്നത് വളരെ വ്യക്തമാണ്.

മാത്രമല്ല ഖുർആന്റെയും ബൈബിളിന്റേയും വിവരണപ്രകാരം മോസസും (അ) അഹറോനും (അ) ഈ ജിപ്തിലേക്ക് തിരിച്ചുവന്നതിനു ശേഷം അവരുടെ ജീവിതം സംഭവബഹുലമായിരുന്നു. ഫറോവയു

* ഈജിപ്തിലായിരുന്ന മോസസ് തദ്ദേശീയനായ ഒരു കോപ്റ്റുവർഗ്ഗക്കാരനെ അവിചാരിതമായി കൊലചെയ്തതിനാലാണ് ഈജിപ്ത് വിട്ട് മിദിയൻ ദേശത്തേക്ക് പോയതെന്നാണ് വിശ്വാസം.

മായുള്ള അവരുടെ ഏറ്റുമുട്ടൽ പൂർത്തിയാവുമ്പോഴേക്കും ഒരു ദശകത്തോളം കാലം ഏകദേശം നീണ്ടുനിന്നതായി നമുക്ക് നിഗമനം ചെയ്തെടുക്കാൻ സാധിക്കും. മോസസ് കാണിച്ചതായി വിവരിക്കപ്പെട്ട എല്ലാ അടയാളങ്ങളും ഒന്നോ രണ്ടോ വർഷത്തെ ചുരുങ്ങിയ കാലത്തിനിടയിൽ സംഭവിച്ചതായിരിക്കാൻ സാധ്യമല്ല. ഇതിന്നു വിരുദ്ധമായി മെണെർപതിന്റെ ഭരണകാലം അദ്ദേഹത്തിന്റെ കിരീടധാരണം മുതൽ അവസാനം വരെയുള്ള മുഴുവൻ ഭരണകാലവും വെറും എട്ട് വർഷമോ അതിൽ താഴെയോ ആണെന്ന് ചരിത്രകാരന്മാർ കണക്ക് കൂട്ടുന്നു.

അതിനുപരിയായി മെണാർപെത് യുദ്ധപ്രിയനായ രാജാവായിരുന്നു. വർഷം തോറും തുടർച്ചയായി അദ്ദേഹം ഫലസ്തീനെ ആക്രമിച്ചുകൊണ്ടിരുന്നു. ഖുർആനാകട്ടെ ബൈബിളാകട്ടെ മോസസി(അ)ന്റെ ഫറോവ അത്തരം ആക്രമണങ്ങൾ നടത്തിയതിനെക്കുറിച്ച് തീർത്തും മൗനം പാലിക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ച് അഗാധമായ ഒരു ചർച്ചക്കുള്ള സ്ഥലമല്ല ഇത്. രംസീസ് രണ്ടാമനോ മെർണാർപെതോ ഇവരിൽ രണ്ടിലും പെട്ട ഏതെങ്കിലുമൊരാളാണ് പുറപ്പാടിന്റെ ഫറോവയാണെന്ന കാര്യം തെളിയിക്കേണ്ട ആവശ്യമൊന്നുമില്ല. ഈ രണ്ട് പേരുടേയും നാമം എന്തുമായിക്കൊള്ളട്ടെ. ഈ മമ്മികൾ സംരക്ഷിക്കപ്പെട്ടിട്ടുള്ളിടത്തോളം കാലം ഖുർആന്റെ സത്യത്തിന് അത് സാക്ഷ്യങ്ങളായിരിക്കും. അവരുടെ നാമം എന്തുമായിക്കൊള്ളട്ടെ. ■

**(വിവ: എ.എം.)**

---

*(7-ൽ നിന്ന് തുടർച്ച)*

അധ്യായത്തിൽ പറയുന്നു: ***അല്ലാഹു ആകാശത്തുനിന്ന് ജലം ഇറക്കി. അതുമുഖേന ഭൂമിയുടെ മരണത്തിനുശേഷം അതിനെ ജീവിപ്പിച്ചു. ശ്രദ്ധിച്ചു കേൾക്കുന്ന ജനത്തിന് ഇതിൽ തീർച്ചയായും വളരെ വലിയ ദൃഷ്ടാന്തമുണ്ട്*** (16:66).

ഈ ജലം ഇറക്കുന്നതിൽ, കാര്യങ്ങൾ കേൾക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അതായത് വെള്ളത്തിന്റെ ഇറക്കം കേൾക്കുന്നവർക്ക് ദൃഷ്ടാന്തമാണ്. ഈ ജലത്തിൽ നിന്ന് നിങ്ങൾ കുടിക്കുന്നുണ്ട്. മൃഗങ്ങളും കുടിക്കുന്നുണ്ട്. നിങ്ങളുടെ ധാന്യവിളവുകളും ഇതുമുഖേന തയ്യാറാകുന്നു. ഞാനിപ്പോൾ ഓതിയ വചനത്തിൽ അല്ലാഹു പറഞ്ഞത്, ഭൂമിയെ ജീവിപ്പിക്കുന്നതിനു വേണ്ടി ഇറക്കിയ വെള്ളത്തിൽ, കേൾക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്നാണ്. വെള്ളത്തിന് കേൾക്കുന്നതുമായിട്ട് ഒരു ബന്ധവുമില്ല. വെള്ളത്തിന്റെ ബന്ധം ദാഹശമനവും, ധാന്യവിളവുകൾക്ക് സേചനവുമായിട്ടാണ്. ഇവിടെ കേൾക്കുന്നന്നതിനോടൊപ്പം വെള്ളത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നതിന് മറ്റെന്തെങ്കിലും ഉദ്ദേശ്യം ഉണ്ടാകേണ്ടതാണ്. അതിനാൽ, ഈ വചനത്തിന് മുമ്പേയുള്ള വചനം നോക്കാം. അതിൽ അല്ലാഹു പറയുന്നു. മുമ്പേകഴിഞ്ഞുകടന്ന സമുദായങ്ങൾ ഏതൊരു കാര്യത്തിൽ ഭിന്നാഭിപ്രായക്കാരായിരുന്നുവോ ആ കാര്യം നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയല്ലാതെ നാം നിനക്ക് ഈ ഗ്രന്ഥം അവതരിപ്പിച്ചുതന്നിട്ടില്ല.

ശരിയായ അധ്യാപനവും യാഥാർത്ഥ്യവും അവരറിയുന്നതിനും ഇതിൽ വിശ്വസിക്കുന്നവർക്ക് ഇതുമുഖേന മാർഗ്ഗദർശനം ലഭിക്കുന്നതിനും കാരുണ്യം ഇറങ്ങുന്ന സത്യവിശ്വാസികളുടെ ഒരു ജമാഅത്ത് ഉണ്ടായിത്തീരുന്നതിനും വേണ്ടിയാണിത്. ഞാനോതിയ വചനത്തിൽ അല്ലാഹു പറയുന്നു, നിർജീവമായ ഭൂമിക്ക് ജീവൻ നല്കുന്നതിൽ കേൾക്കുന്നവർക്ക് ദൃഷ്ടാന്തങ്ങൾ ഉണ്ട്. ഇവിടെ വെള്ളം കൊണ്ടുള്ള ഉദ്ദേശ്യം ആത്മീയജലമാണ്. അത് നബിമാർ മുഖേന ആകാശത്തുനിന്നിറങ്ങുന്നു. ഇത് ഏറ്റവും ഉന്നതവും പവിത്രവുമായ നിലയിൽ നബി(സ) തിരുമേനിയുടെ മേൽ ഇറങ്ങി. ഇത് മരിച്ചുകിടന്ന ധാരാളമാളുകൾക്ക് ജീവൻ നല്കി. പഴയ സമുദായങ്ങളിലെ പരസ്പരമുള്ള ഭിന്നതകൾ അവസാനിപ്പിച്ചു. കേൾക്കുന്നവർക്ക് ജീവിതം പ്രദാനം ചെയ്യുന്നത് വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ മാത്രമാണ്. ഇവിടെ കേൾക്കുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യം വെറും കേൾക്കുകയല്ല. മറിച്ച്, അത് സ്വീകരിച്ചുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കലുമാണ്. അതിനാൽ, ഈ ആത്മീയജലം പ്രയോജനപ്പെടുന്നത് ഈ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവർക്കാണ്. കക്ഷി പ്രതികക്ഷികളായി പിരിഞ്ഞു ചേരിതിരിവിൽ കുടുങ്ങിക്കിടക്കുന്നവർക്കല്ല. ചേരിതിരിവ് കാരണം, ഈ ഗ്രന്ഥം ഉണ്ടായിട്ടും ഇതിൽനിന്ന് ഫലമെടുക്കാൻ കഴിയുന്നില്ല. ജീവൻ പ്രദാനം ചെയ്യുന്ന ഈ ജലത്തെ മുസ്ലിംകൾ പ്രയോജനപ്പെടുത്തിയില്ല. അവർക്കത് മനസ്സിലാക്കാനും കഴിഞ്ഞില്ല.

ഇക്കാലഘട്ടത്തിൽ നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമി നിയോഗിതനാകണമായിരുന്നു. ഈ സത്യസന്ധനായ പ്രേമിയുടെ തഫ്സീർ ശ്രദ്ധയോടെ കേൾക്കുന്നവർക്കു മാത്രമേ ഇതിൽ നിന്ന് ഫലമെടുക്കാൻ സാധിക്കുമായിരുന്നുള്ളൂ. കാരണം അല്ലാഹു നേരിട്ടാണ് അദ്ദേഹത്തിന് മാർഗ്ഗദർശനം നല്കിയത്. അദ്ദേഹം അല്ലാഹുവിൽ നിന്ന് അറിവ് പ്രാപിച്ചുകൊണ്ട് ***"യഥാർത്ഥ സമയത്ത് ആകാശത്തുനിന്നുവന്ന ആ ജലമാകുന്നു ഞാൻ"*** എന്ന് പ്രഖ്യാപിച്ചു.

അതിനാൽ ഇപ്പോൾ ഖുർആനികാനുഗ്രഹങ്ങളുടെ ഉറവും ഈ സത്യസന്ധമായ പ്രേമിയിൽ നിന്ന്

*(ശേഷം 21-ൽ)*

ലേഖനം

അഹ്മദ് ഖാൻ, കളിയിയ്ക്കവിള

# ഖലീഫ ദൈവനിയമിതനോ!

## സന്മാർഗ്ഗിയായ ഖലീഫയെ തിരഞ്ഞെടുക്കുന്നത് പരോക്ഷമായി അല്ലാഹു തന്നെയാണ്.

ഇസ്‌ലാമിലെ ഖിലാഫത്ത് പ്രസ്ഥാനം അനുസരണത്തിന്റെ അച്ചുതണ്ടിൽ ചലിക്കുന്ന ഒരു ദൈവിക രഥമാണ്; വിശ്വാസികൾ വലിയ്ക്കുന്ന ദൈവികരഥം. അതിന്റെ തേരാളി ഖലീഫയാണ്.

സൃഷ്ടികളിൽ പരമോന്നതനായ മനുഷ്യനെ അവന്റെ സൃഷ്ടാവുമായി ബന്ധിപ്പിക്കുന്ന യത്നങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ഖലീഫ, സമുദായത്തെ സന്മാർഗ്ഗത്തിന്റെ അത്യുന്നത പടവുകളിലേയ്ക്കു നയിക്കുന്ന സധർമ്മികളുടെ നേതാവാണ്. പ്രവാചകൻ സത്യവിശ്വാസികളുടെ സമുദായത്തിന് അസ്തിവാരമിടുമ്പോൾ, ഖലീഫ ആ അസ്തിവാരത്തിന്മേൽ പണിത സമുദായത്തെ, ലോകത്താകമാനം വ്യാ പിപ്പിക്കുന്നു. പ്രവാചകനെ ദൈവം നേരിട്ടു നിയമിക്കുന്നു. പക്ഷേ ഖലീഫ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുകയും, ഒപ്പം ദൈവത്താൽ നിയമിതനാവുകയും ചെയ്യുന്നു.

മനുഷ്യരാൽ തെരെഞ്ഞെടുക്കപ്പെടുന്ന ഖലീഫ ദൈവനിയമിതനോ!? എങ്കിൽ, മനുഷ്യരാൽ തെരെഞ്ഞെടുക്കപ്പെടുന്ന ഒരു രാഷ്ട്രത്തലവനെ, അല്ലെങ്കിൽ, ലോകനേതാവിനെ എന്തുകൊണ്ട് ദൈവനിയമിതനെന്ന് പറഞ്ഞുകൂടാ? ഖലീഫ ദൈവനിയമിതനെങ്കിൽപ്പിന്നെ, എന്തിനൊരു തെരഞ്ഞെടുപ്പ്? പ്രവാചകനെപ്പോലെ അദ്ദേഹത്തേയും മനുഷ്യന്റെ തിരഞ്ഞെടുപ്പിലൂടെയല്ലാതെ നേരിട്ട് നിയമിച്ചുകൂടെ? ഖലീഫ തെറ്റുകുറ്റങ്ങളിൽ നിന്നും വിമുക്തനാണോ? എന്നൊക്കെ ചോദിക്കുന്നവരുണ്ട്.

ന്യായയുക്തമായ ചോദ്യങ്ങൾ. ഇവയ്ക്കുത്തരം കണ്ടെത്തൽ ഒരു സത്യവിശ്വാസിയുടെ ചുമതലയല്ലേ? ഖിലാഫത്ത് വ്യവസ്ഥിതി പുനഃസ്ഥാപിതമായിട്ടുള്ള അഹ്മദീയ സമൂഹത്തിലെ അംഗങ്ങൾക്ക് ഈ ചുമതലയിൽ നിന്നും വിട്ടു നിൽക്കാനാവുമോ? ഇല്ല. പക്ഷേ, ഒട്ടേറെപ്പേർ ഈ ചോദ്യങ്ങൾക്കുത്തരം കണ്ടെത്തുന്ന കാര്യത്തിൽ പരാജയപ്പെട്ടുപോയിട്ടുണ്ട് എന്നതാണ് വാസ്തവം. വാഗ്ദത്ത മസീഹിന്റെ അനുചരരിൽപ്പെട്ട ഒരു കൂട്ടർ, നിർഭാഗ്യവശാൽ ഖലീഫ തെരെഞ്ഞെടുപ്പിലെ ഉൾപ്പൊരുൾ ഉൾക്കൊള്ളാനാകാതെ ജമാഅത്തിൽ നിന്നും വിഘടിച്ചുപോയി. പരിശുദ്ധ നബി(സ) യുടെ സഹാബാക്കളുടെ കാലത്ത് ഇസ്‌ലാം മതം സ്വീകരിച്ചവർ ഖലീഫയെ ദൈവമാണ് നിയമിയ്ക്കുന്നതെന്ന വസ്തുത മനസ്സിലാക്കാതെ മൂന്നാം ഖലീഫ ഹദ്റത്ത് ഉഥ്മാനെ(റ)തിരേ തിരിയുകയും അദ്ദേഹത്തെ വധിക്കുകയും ചെയ്തു. നാലാം ഖലീഫ ഹദ്റത്ത് അലി(റ) മുസ്‌ലിംകളുടെ കരങ്ങളാൽ തന്നെ ദാരുണമായി കൊല്ലപ്പെട്ടു. ഫലമോ? കഷ്ടം! അവർ ഖിലാഫത്താകുന്ന അനുഗ്രഹത്തിൽ നിന്നും ആട്ടി ഓടിക്കപ്പെട്ടു. എന്തുകൊണ്ടീ ദുർഗ്ഗതി വന്നു.? ഖിലാഫത്തിനെ സംബന്ധിച്ച ധാരണപ്പിശകു തന്നെ, അതിനു കാരണം.

പക്ഷേ, ശാന്തമായി ചിന്തിക്കുകയും, സർവ്വശക്തനായ അല്ലാഹുവിന്റെ പരിശുദ്ധ 'കലാമായ' വിശുദ്ധ ഖുർആനിൽ നിന്ന് മാർഗ്ഗദർശനം നേടുകയും ചെയ്താൽ ഈ ചോദ്യങ്ങൾക്കുത്തരം ലഭ്യമാകും. അതിന്, ഖുർആനികാദ്ധ്യാപനങ്ങളിലുൾക്കൊള്ളുന്ന കീഴ്ക്കാണും കാര്യങ്ങൾ ആദ്യം അംഗീകരിക്കണം.

1. മനുഷ്യൻ ചെയ്യുന്ന ചില കൃത്യങ്ങൾ ദൈവം സ്വയം ചെയ്തതായി പരിഗണിക്കുന്നു.

2. ദൈവം ചെയ്യാനുദ്ദേശിക്കുന്ന ചില കൃത്യങ്ങൾ മനുഷ്യകരങ്ങളിലൂടെ പ്രാവർത്തികമാക്കുന്നു.

വിശുദ്ധ ഖുർആനിൽ:

*"നിങ്ങൾ വിതയ്ക്കുന്ന (വിത്തിനെ)ക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളാണോ, അത് മുളപ്പിച്ചു വളർത്തുന്നത്? അതല്ല മുളപ്പിച്ചു വളർത്തുന്നത് നാമാണോ?"* (വി.ഖു. 56:64-65)

എന്ന് അല്ലാഹു ചോദിക്കുന്നു.

കർഷകൻ നിലം ഉഴുന്നു; വിത്തു പാകുന്നു;

എന്നിട്ട് വിളയെ വളർത്തുന്നു. പക്ഷേ അല്ലാഹു പറയുന്നു, "നീയല്ല അവയെ വളർത്തുന്നവൻ; വളർത്തുന്നവൻ, നാമാണ്" എന്ന്. കർഷകൻ നിർവഹിച്ച കാര്യം അല്ലാഹു ചെയ്തതായി അവകാശപ്പെടുകയാണ്. എന്തുകൊണ്ടാണീ അവകാശവാദം? വാസ്തവത്തിൽ ഇവിടെ കർഷകൻ ചെയ്ത പ്രവൃത്തിയെന്താണ്? വിളയെ വളർത്തി; അല്ലേ? പക്ഷേ എങ്ങനെ വളർത്തി? അല്ലാഹു മുൻകൂട്ടി ഒരുക്കിവച്ച ഒരു ജൈവവ്യവസ്ഥക്കനുഗുണമായി വിത്തിനനുയോജ്യമായ മണ്ണും, സമയവും തെരെഞ്ഞെടുത്ത് വിത്തുപാകി. അതല്ലേ ചെയ്തുള്ളൂ. ഒരുപക്ഷേ ദൈവം ആ ദൈവവ്യവസ്ഥ ഒരുക്കി വച്ചിട്ടില്ലായിരുന്നെങ്കിൽ കർഷകനു അങ്ങനെ പ്രവർത്തിക്കാനാവുമോ? ഇല്ല. അതുകൊണ്ട് വിത്തിനെ വളർത്തി വിളയെ വർദ്ധിപ്പിച്ചത് ദൈവം തന്നേയാണ്. അതുപോലെ ഖലീഫയെ തെരഞ്ഞെടുക്കുന്ന പ്രവൃത്തിയും ദൈവം സ്വയം ചെയ്യുന്നതു തന്നെ. മനുഷ്യൻ ദൈവഹിതം നടപ്പിലാക്കാൻ വേണ്ടി വോട്ടുരേഖപ്പെടുത്തൽ കർമ്മം നിർവഹിക്കുന്നു എന്ന് മാത്രം. ഇവിടെയും ദൈവമൊരുക്കിവെച്ച "സിസ്റ്റത്തെ" മനുഷ്യൻ പിൻപറ്റുന്നു എന്നേയുള്ളൂ; ഫലസിദ്ധി ദൈവപ്രവൃത്തി മൂലമാണ്.

ദൈവം ചെയ്യാനുദ്ദേശിക്കുന്ന കൃത്യങ്ങൾ മനുഷ്യകരങ്ങളിലൂടെ; പ്രകടമാക്കുന്നത് നോക്കൂ:

*"അവരോടു യുദ്ധം ചെയ്യുക; നിങ്ങളുടെ കൈകൾ കൊണ്ട് അല്ലാഹു അവരെ ശിക്ഷിക്കും (2:14)*

മക്കയിലെ ബിംബാരാധകരുടെ ആക്രമണത്തിനും തീവ്രപീഡനത്തിനുമിരയായ മുൻകാല മുസ്ലിംകളോടുള്ള ദൈവികാജ്ഞയാണീ വചനത്തിലുള്ളത്. മനുഷ്യകരങ്ങളിലൂടെ ദൈവിക ശിക്ഷ നടപ്പിലാക്കും എന്നാണിവിടെപ്പറയുന്നത്. പ്രവാചക ശത്രുക്കൾ സത്യവിശ്വാസികൾക്കെതിരെ അക്രമം അഴിച്ചുവിട്ടപ്പോഴൊക്കെ ദൈവിക ശിക്ഷ ഉണ്ടായിട്ടുണ്ട്. നൂഹ് (അ), ആദ് (അ) സാലിഹ് (അ) എന്നീ നബിമാരുടെ സമുദായങ്ങൾ ദൈവിക ശിക്ഷ രുചിച്ചറിഞ്ഞവരാണ്. പക്ഷേ തിരുനബി (സ)യുടെയും അനുചരരുടേയും നേർക്കുള്ള അക്രമം അതിർകടന്നപ്പോൾ ശത്രുക്കൾക്കുള്ള ശിക്ഷ ദൈവം മനുഷ്യകരങ്ങളിലൂടെ പ്രാവർത്തികമാക്കി.

*"(വാസ്തവത്തിൽ) നിങ്ങളല്ല അവരെ വധിച്ചത് പ്രത്യുത, അല്ലാഹുവാണു അവരെ വധിച്ചത് നീ എറിഞ്ഞപ്പോൾ നീയല്ല എറിഞ്ഞത് പ്രത്യുത, അല്ലാഹുവാണ് എറിഞ്ഞത്" (8:18)*

ആദ്യകാല മുസ്ലിംകളെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതാണ് ഈ ഖുർആനിക വചനവും. യുദ്ധത്തിൽ മക്കയിലെ അക്രമികളെ കൊന്നത് ദൈവമാണെന്നിവിടെ ഉറപ്പിച്ചു പറയുകയാണ്. പക്ഷേ, സംഭവിച്ചത് എന്തായിരുന്നു? സ്വയരക്ഷക്കായി യുദ്ധം ചെയ്തതും അക്രമികളായ 'മക്കാ മുശ്രിക്കുകളെ വധിച്ചതും മുസ്ലിംകളല്ലായിരുന്നോ? പക്ഷേ, അല്ലാഹു പറയുന്നു, അവനാണ് അവരെ കൊന്നതെന്ന്. ഇവിടെ, മുസ്ലിംകളുടെ പ്രവൃത്തി ദൈവകല്പനയിലധിഷ്ഠിതമായ ഒരു അനുസരണ പ്രവർത്തനം മാത്രമായിരുന്നതിനാൽ അത് ദൈവികപ്രവൃത്തി തന്നേയായിരുന്നുവെന്ന് ദൈവം പ്രഖ്യാപിക്കുന്നു. ഖലീഫയുടെ തെരഞ്ഞെടുപ്പു കാര്യത്തിലും സംഭവിക്കുന്നത് ഇതു തന്നെയാണ്. മനുഷ്യൻ ഒരു ഉപകരണം മാത്രമായി പ്രവർത്തിക്കുന്നു. യഥാർത്ഥത്തിൽ തെരെഞ്ഞെടുക്കുന്നതും നിയമിക്കുന്നതും ദൈവം തന്നെ' 'റഹ്മാനിയത്തും' റഹീമിയത്തും'

ഖലീഫയെ നിയമിക്കുന്നത് ദൈവമാണെങ്കിൽ പ്രവാചകനെ നിയമിക്കുന്നതുപോലെ ഒരു വോട്ടെടുപ്പിലൂടെയല്ലാതെ എന്തു കൊണ്ട് അദ്ദേഹത്തേയും നിയമിക്കുന്നില്ല എന്ന ചോദ്യത്തിനുത്തരം കാണാൻ അല്ലാഹുവിന്റെ "റഹ്മാനിയത്ത്" " റഹീമിയത്ത്" എന്നീ ഗുണവിശേഷങ്ങളെക്കുറിച്ച് മനസ്സിലാക്കേണ്ടതുണ്ട്. കാരണം, പ്രവാചക നിയമനം "റഹ്മാനിയത്ത്" എന്ന ഗുണ വിശേഷം മൂലവും, ഖലീഫ നിയമനം 'റഹീമിയത്ത്' എന്ന ഗുണവിശേഷം മൂലവുമാണ് നടക്കുന്നത്.

എന്താണ് റഹ്മാനിയത്ത്? മനുഷ്യന് അവന്റെ കർമ്മഫലമെന്ന നിലയിലല്ലാതെ ലഭ്യമാകുന്ന അനുഗ്രഹങ്ങൾ അല്ലാഹുവിന്റെ 'റഹ്മാനിയത്ത്' എന്ന ഗുണവിശേഷം മൂലമുള്ളതാണ്. മനുഷ്യൻ ദൈവാരാധകനോ, ദൈവനിഷേധിയെ, ബഹുദൈവവിശ്വാസിയോ, ദൈവാനുഗ്രഹത്തിന് അർഹനോ, അനർഹനോ ആയികൊള്ളട്ടെ ആ വക പരിഗണനകളെന്നും കൂടാതെ എല്ലാവർക്കും ഒരേ പോലെ പ്രയോജനപ്രദമായ രീതിയിൽ അനുഗ്രഹങ്ങൾ നൽകുന്ന ഗുണവിശേഷമാണ് 'റഹ്മാനിയത്ത്'. ഉദാ: വായു, വിശ്വാസിയോ, അവിശ്വാസിയോ, സന്മാർഗ്ഗിയോ, ദുർമ്മാർഗ്ഗിയോ എന്നൊന്നും നോക്കിയിട്ടല്ല ദൈവം വായു പ്രാധാനം ചെയ്തിരിക്കുന്നത്. മനുഷ്യ സൃഷ്ടിപ്പിന് മുമ്പു തന്നെ ദൈവം അവന്റെ സൃഷ്ടിജാലകൾക്ക് വേണ്ടി വായു സജ്ജമാക്കി വച്ചിരിക്കുന്നു.

ഭൂമിയിൽ സത്യനിഷേധവും തിന്മയും പെരുകുമ്പോഴാണ് പ്രവാചകനിയമനം ഉണ്ടാകാറുള്ളത്. ആ സാഹചര്യത്തിൽ യാതൊരു വിധ ദൈവാനുഗ്രഹത്തിനും അർഹതയില്ലാത്ത ഒരു ജനതയായിരിക്കും അവിടെ ഉണ്ടായിരിക്കുക എന്നു വരികിലും കരുണാവാരുധിയായ ദൈവം തന്റെ റഹ്മാനിത്ത് എന്ന ഗുണവിശേഷം പ്രകടിപ്പിച്ചുകൊണ്ട് സൽകർമ്മികളായ സത്യവിശ്വാസികളെ സജ്ജമാക്കാനായി അവരിൽ ഒരു പ്രവാചകനെ നിയോഗിക്കുന്നു.

അങ്ങനെ പ്രവാചക ദൗത്യം പൂർത്തിയാകുമ്പോഴേക്കും വിശ്വസിക്കുകയും സൽക്കർമ്മമനുഷ്ഠിക്കുകയും ചെയ്യുന്ന ഒരു സമുദായം അവിടെ സജ്ജമാകും. സൽക്കർമ്മങ്ങൾക്ക് പ്രതിഫലം നൽക്കുന്ന ഗുണനാമമാണ് 'റഹീമത്ത്' 'വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്ന സമുദായം സജ്ജമാകുമ്പോഴേക്കും അവർക്കു വേണ്ടി അല്ലാഹു തന്റെ 'റഹീമിയത്ത്' എന്ന ഗുണവിശേഷം പ്രകടിപ്പിച്ചുകൊണ്ട് ഖലീഫയെ നിയമിക്കുന്നു. അവിശ്വാസികൾ ഈ അനുഗ്രഹത്തിനർഹരല്ല. അവർക്കിതു ലഭ്യവുമല്ല.

## ഖിലാത്ത് ദൈവിക വാഗ്ദാനം

### വിശ്വാസവും, സൽക്കർമ്മവും, അനുസരണവും, 'ദുആയും' നിബന്ധനകൾ:

സൽക്കർമ്മികൾക്ക് ഖിലാഫത്താകുന്ന അനുഗ്രഹം നൽകുമെന്നുള്ളത് ദൈവിക വാഗ്ദാനമാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

*" നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മം അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്: അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതു പോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും...... ചെയ്യുന്നതാണ്." (വി:ഖു.24:5)*

ഈ ദൈവിക വാഗ്ദാന പൂർത്തീകരണത്തിന് മനുഷ്യൻ ദൈവത്തിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും വേണം. അനുസരണത്തിലധിഷ്ഠിതമായ സൽക്കർമ്മമാണ് വേണ്ടത്.

വിശ്വാസവും, സൽക്കർമ്മവും, അനുസരണവും മാത്രം മതിയോ?പോരാ; അതോടൊപ്പം പ്രർത്ഥനയും ഖിലാഫത്തിന്റെ ലഭ്യതയ്ക്ക് വേണമെന്നാണ് സൂറത്ത് അൽഫുർഖാനിലെ 75-ാം വചനം നമ്മെ ഉണർത്തുന്നത്. *" ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഞങ്ങളെ നേതാവാക്കേണമേ"* എന്ന് പ്രാർത്ഥിക്കാൻ കല്പിച്ചരിക്കുകയാണ്. അവിടെ ആരാണ് ദോഷബാധയെ സൂക്ഷിക്കുന്നവർ?സൽക്കർമ്മികൾ. സൽക്കർമ്മികളുടെ നേതാവാക്കേണമേ, എന്നാണ് പ്രാർത്ഥന. സൽക്കമ്മികളുടെ നേതാവ് ഖലീഫയാണ്.

അനുസരണം ഖിലാഫത്താകുന്ന ഫല വൃക്ഷത്തിന്റെ ആണിവേരാണ്. സൽകർമ്മികൾക്ക് ഖിലാഫത്താകുന്ന അനുഗ്രഹം നൽകുമെന്ന ദൈവിക വാഗ്ദാനമുൾക്കൊള്ളുന്ന ആയത്തുൽ ഇസ്തിഖ് ലാഫ് (24:56) എന്ന ഖുർ ആനുനിക വചനത്തിന് മുമ്പും, പിമ്പും വരുന്ന (52 മുതൽ 57 വരെ ഉള്ള) അഞ്ചു വചനകൾ ശ്രദ്ധിച്ചാൽ 'അനുസരണം' എന്ന വാക്ക് അവയിൽ ഏഴു സ്ഥലങ്ങളിൽ പ്രയോഗിച്ചിരിക്കുന്നതായി കാണാൻ കഴിയും. ആയത്തുൽ ഇസ്തിഖ്ലാഫിൽ അല്ലാഹു നൽകിയിരിക്കുന്ന വാഗ്ദാന പൂർത്തീകരണത്തിനും, അതിന്റെ തുടർന്നുള്ള നിലനിൽപ്പിനും അല്ലാഹുവിനോടും, അവന്റെ ദൂതനേയും, അവൻ നിയമിച്ച ഖലീഫയേയും അനുസരിച്ചിരിക്കണം എന്ന നിബന്ധനയാണ് ഇത് സൂചിപ്പിക്കുന്നത്. അനുസരണയില്ലാത്ത സൽപ്രവർത്തിയല്ല. സൽപ്രവൃത്തിയില്ലാതെ വാഗ്ദാന പൂർത്തീകരണവുമില്ല. ഇവ രണ്ടും അനിവാര്യഘടകങ്ങളാണ്. ഇവയിൽ ഒന്ന് നിറവേറ്റുന്ന കാര്യത്തിൽ വീഴ്ച വരുത്തിയാൽ അനുഗ്രഹം ഇല്ലാതാകും. ഇതിന് ചരിത്രം സാക്ഷിയാണ്. മുൻ കടന്ന ഇസ്ലാമിക കാലഘട്ടത്തിൽ മുസ്ലിംകൾ ഖലീഫയോട് അനുസരണക്കേട് കാണിച്ചപ്പോൾ ഖിലാഫത്താക്കുന്നു അനുഗ്രഹം നഷ്ടപ്പെട്ടു, അവർ വിശ്വാസികളായിരുന്നു, അല്ലാഹുവിൽ വിശ്വസിച്ചിരുന്നു, പരിശുദ്ധ നബിയിൽ വിശ്വസിച്ചിരുന്നു, പക്ഷേ അവർ സൽപ്രവൃത്തി ചെയ്യുന്ന കാര്യത്തിൽ പരാജയപ്പെട്ടുപോയി. അവർ ഖലീഫയെ അനുസരിച്ചില്ല ഫലമോ? അല്ലാഹുവിന്റെ അനുഗ്രഹമാകുന്ന 'ഖിലാഫത്ത്' നഷ്ടപ്പെട്ടു. അവർ ശിരസറ്റ സമൂഹമായി, അവഹേളിതരായി.

## ധാർമ്മികത നഷ്ടപ്പെടുമ്പോൾ പ്രസ്ഥാനങ്ങൾ തകരുന്നു:

ഒരു ബഹുജനപ്രസ്ഥാനത്തിന്റെ നിലനില്പിന് ധാർമ്മികത അനുപേക്ഷണീയ ഘടകമാണ്. ധാർമ്മികതയുള്ളിടത്തോളമേ ദൈവിക പങ്കാളിത്തവുമുണ്ടാകൂ എന്നതു തന്നെ. ദൈവിക പങ്കാളിത്തം നഷ്ടപ്പെടുമ്പോൾ അത് മനുഷ്യന്റെ മാത്രം കാര്യമായിത്തീരും. അപ്പോൾ അവരിഷ്ടപ്പെടുന്നവരെ അതിന്റെ തലപ്പത്ത് ഭൂരിപക്ഷ വോട്ടിന്റെയടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിരുത്തും. അത്തരത്തിൽ തെരെഞ്ഞെടുക്കപ്പെടുന്നവരെ ദൈവവും നിയമിക്കും എന്നു കരുതുകയേ വേണ്ട. ഒരു വ്യക്തിയെ ദൈവിക ക്രമീകരണങ്ങൾക്ക് വിധേയമായി തെരഞ്ഞെടുക്കുമ്പോൾ മാത്രമാണ് അദ്ദേഹത്തെ ദൈവം നിയമിക്കുന്നത്. ഏറ്റവും വലിയ സന്മാർഗ്ഗിയെ സന്മാർഗ്ഗികൾ തങ്ങളുടെ നേതാവായി തെരഞ്ഞെടുക്കുമ്പോഴാണ് ആ വ്യക്തി ദൈവത്താലും നിയമിതനാകുന്നത്. ബുഷിന്റേയോ, മുൽറോണിയുടേയോ മറ്റു ലോകനേതാക്കളുടേയോ തെരഞ്ഞെടുപ്പുകൾ ഈ വക നിബന്ധനകൾ പാലിച്ചുകൊണ്ടുള്ളവയല്ല. അക്കാരണങ്ങൾ കൊണ്ടു തന്നെ അവർ ദൈവത്താൽ നിയമിതരാകാനും അർഹരല്ല. അവർ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ടവരായിരിക്കും. പക്ഷേ അവർ ദൈവത്താൽ നിയമിതരായവരല്ല. ഹിറ്റ്ലറും ജനാധിപത്യ സമ്പ്രദായത്തിലൂടെ തന്നേയല്ലേ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

## ഭിന്നമായ ജനാധിപത്യരീതി

ഖലീഫ തെരഞ്ഞെടുപ്പ്, ജനാധിപത്യ രീതിയിൽ നടത്തപ്പെടുന്ന മറ്റു തെരഞ്ഞെടുപ്പുകളിൽ നിന്നും ഭിന്നമാണ്. ഒരു ഖലീഫ ദിവംഗതനാകുമ്പോഴാണ് ആ സ്ഥാനത്തേയ്ക്ക് മറ്റൊരാളെ തെരഞ്ഞെടുക്കുക. പതിനെട്ടു വയസ്സു പിന്നിട്ട ഏതെങ്കിലും ഒരു പ്രത്യേക രാജ്യത്തിന്റെ പ്രജകളോ, ആ രാജ്യത്തെ മുഴുവൻ ജമാഅത്ത് അംഗങ്ങളോ അല്ല വോട്ടർന്മാർ. ഇവിടെ സന്മാർഗ്ഗികൾ സന്മാർഗ്ഗികളുടെ നേതാവിനെ തെരഞ്ഞെടുക്കുകയാണ്. അതു കൊണ്ട് വോട്ടു രേഖപ്പെടുത്തുന്നവർ ഉയർന്ന സന്മാർഗ്ഗികളായിരിക്കണമെന്ന നിബന്ധനയുണ്ട്. അക്കാരണം കൊണ്ടു തന്നെ സമ്മതിദായകരുടെ അംഗ സംഖ്യ പരിമിതവുമാണ് എന്ന് വരികിലും പ്രവാചക നിയമനത്തിൽ നിന്നും ഭിന്നമായി ഖലീഫ തെരഞ്ഞെടുപ്പിൽ, ദൈവം മനുഷ്യർക്ക്പങ്കാളിത്തം നൽക്കുക വഴി, അവർക്ക്, അതിമഹത്തായ അംഗീകാരം നൽകിയിരിക്കുന്നു.

## എലക്ടറൽ കോളേജ്

തെരഞ്ഞെടുപ്പിലേക്കായി ഒരു എലക്ടറൽ കോളേജ് സ്ഥാപിച്ചിട്ടുണ്ട്. പക്ഷേ വോട്ടവകാശമുള്ളവരുടെ എണ്ണം ക്ലിപ്തപ്പെടുത്തിയിട്ടില്ല. പരിശുദ്ധ നബി(സ) 'വഫാത്ത്'ായപ്പോൾ ആദ്യത്തെ ഖലീഫയായി ഹസ്രത്ത് അബൂബക്കർ സിദ്ദീഖിനെ മുസ്ലിം സമുദായം ഒരുമയോടെ അംഗീകരിച്ചു. അദ്ദേഹം സ്വയം ഒരു 'മുത്തഖി' (ഉന്നത സന്മാർഗ്ഗി) ആയിരുന്ന കാരണത്താൽ അദ്ദേഹം നാമനിർദ്ദേശം ചെയ്ത ഉമർ(റ)നെ (ഒന്നാം ഖലീഫയുടെ മരണശേഷം) രണ്ടാം ഖലീഫയായി 'സഹാബത്ത്' അംഗീകരിച്ചു. രണ്ടാം ഖലീഫയുടെ മരണത്തിനു മുമ്പ് ഒരു എലക്ടറൽ കോളേജ് സ്ഥാപിതമായി. അതിൽ നബി(സ) സ്വർഗാവകാശികളെന്ന് സുവാർത്ത അറിയിച്ച ആറു മുസ്ലിം നേതാക്കൾ സ്ഥാനം പിടിച്ചു.

ഇസ്ലാമിന്റെ നവോത്ഥാന ഘട്ടത്തിൽ വാഗ്ദത്ത മസീഹിന്റെ ആഗമനത്തിനുശേഷം, രണ്ടാം ഖലീഫ ഹസ്രത്ത് മുസ്ലിഹ് മൗഊദ് (റ) ഒരു എലക്ടറൽ കോളേജ് സ്ഥാപിച്ചു. അതിൽ വാഗ്ദത്ത മസീഹിന്റെ ശിഷ്യന്മാർ, കുടുംബങ്ങൾ, ജമാഅത്തിൽ നാസ്സിർ പോലുള്ള ഉന്നത സ്ഥാനങ്ങൾ വഹിക്കുന്നവർ, സമുദായ നന്മയ്ക്കുവേണ്ടി സ്വജീവിതം ഉഴിഞ്ഞുവച്ച് പാക്കിസ്ഥാനുവെളിയിൽ കുറഞ്ഞപക്ഷം മൂന്നു വർഷക്കാലം സേവനമനുഷ്ഠിച്ചവർ, അതതു രാജ്യത്തെ നാഷണൽ പ്രസിഡന്റുമാർ എന്നിവർ ഉൾപ്പെടുന്നു. അവരാണ് ഖിലാഫത്ത് പുനഃസ്ഥാപിതമായതിന് ശേഷമുള്ള ഖലീഫമാരെ തെരഞ്ഞെടുക്കുന്നവർ.



## സമ്മതിദായകർക്ക് ദൈവിക നിർദ്ദേശം

വോട്ടവകാശമുള്ളവർ, വോട്ടു രേഖപ്പെടുത്തുവാൻ വേണ്ടി തങ്ങളുടെ ആത്മീയ നേതാവായ ഖലീഫ ദിവംഗതനായ സ്ഥലത്ത് ഒത്തു ചേരുന്നു. ഇവിടെ പോസ്റ്റൽ വോട്ടു സമ്പ്രദായമില്ല. സമ്മതിദായകർ നേരിട്ടു തന്നെ ഹാജരാകണം. ഹാജരാകുന്നവർ സമുദായ നേതാവിന്റെ വേർപാട് സൃഷ്ടിച്ച ദുഃഖവും വേദനയും പരസ്പരം പങ്കുവയ്ക്കുകയും 'ദുആയിൽ' പങ്കെടുക്കുകയും ചെയ്തു കൊണ്ട് മുഴുവൻ സമയവും ദൈവിക ബന്ധം പൂർവ്വോപരിപവിത്രവും, ശക്തവും, ഭദ്രവുമാക്കാൻ യത്നിക്കുന്നു. "ഖലീഫയോട് പൂർണ്ണാനുസരണമുള്ളവരായിരുന്നോ ഞങ്ങൾ? ഞങ്ങളുടെ ഭാഗത്തുനിന്നും വീഴ്ചകൾ വല്ലതും വന്നു പോയിട്ടുണ്ടോ?" എന്ന് സ്വയം ചോദിച്ച് പശ്ചാത്തപിക്കുകയും പാപപ്പൊറുതി തേടുകയും ചെയ്യുന്നു. അതോടൊപ്പം സമ്പൂർണ്ണ സന്മാർഗ്ഗലബ്ധിക്കായി അവർ ദൈവത്തോട് യാചിക്കുന്നു. "ഖിലാഫത്തിനെ നീ നീണാൾ നിലനിർത്തേണമേ, നീ ഖലീഫയായി നിയമിക്കാൻ പോകുന്ന ആളെ തെരഞ്ഞെടുക്കാൻ ഞങ്ങൾക്ക് ഉൾക്കാഴ്ച നൽകേണമേ" എന്ന പ്രാർത്ഥന അവരുടെ ഹൃദയാന്തർഭാഗങ്ങളിൽ നിന്നും പൊന്തിവരുന്നു. ഇവിടെ പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്നവരൊക്കെ, മനുഷ്യദൃഷ്ടിയിൽ, ദൈവത്തോടു നല്ല ബന്ധം സ്ഥാപിച്ച സൽക്കർമ്മികളായ അവന്റെ ഇഷ്ടദാസരാണ്. എങ്കിലും ഉയർന്ന ധാർമ്മികമൂല്യങ്ങൾക്കുടമകളല്ലാത്ത ആരെങ്കിലുമൊക്കെ കൂട്ടത്തിൽ ഉണ്ടായെന്നു വരാം. അത്തരക്കാർക്ക് ദൈവിക നിർദ്ദേശം ലഭിക്കണമെന്നില്ല. ഹാജരാകുന്നവരിൽ ഭൂരിഭാഗം പേർക്കും അല്ലാഹു നിയമിക്കാൻ പോകുന്ന ആളിനെക്കുറിച്ച് ഉൾക്കാഴ്ച നൽകും. അവർ വോട്ടു ചെയ്യുന്നു; ഖലീഫ തെരെഞ്ഞെടുക്കപ്പെടുന്നു. ഏതുപോലെയെന്നാൽ, നിങ്ങളുടെ പക്കൽ ഒരു പ്ലേറ്റിൽ, ഒരു ഓറഞ്ച്, ഒരു ആപ്പിൾ, ഒരു വാഴപ്പഴം, ഒരു സബർജല്ലി എന്നിവ ഉണ്ടെന്നും, അവയിൽ നിന്നം ഒരു പഴം നിങ്ങൾക്ക് നിങ്ങളുടെ പിതാവിനുവേണ്ടി തെരെഞ്ഞെടുക്കേണ്ടതുണ്ടെന്നും വയ്ക്കുക. നിങ്ങൾക്ക് വേണമെങ്കിൽ അവയിൽ നിന്നു ഏതെങ്കിലുമൊരെണ്ണം നിങ്ങളുടെ ഇഷ്ടത്തിന് തെരെഞ്ഞെടുത്ത് നിങ്ങളുടെ പിതാവിനു കൊടുക്കാം. പക്ഷേ നിങ്ങൾ എന്തുചെയ്യുന്നു. പ്ലേറ്റുമായി നിങ്ങളുടെ പിതാവിന്റെ അടുത്തു ചെല്ലുന്നു; എന്നിട്ടു ചോദിക്കുന്നു, "പിതാവെ, താങ്കൾക്ക് ഏതു പഴമാണ് വേണ്ടത്? പിതാവ് മറുപടി നൽകുന്നു, "എനിക്ക് ആപ്പിൾ മതി" അങ്ങനെ നിങ്ങൾ ആപ്പിൾ എടുത്ത് പിതാവിന് നൽകുന്നു. ഇവിടെ ആരാണ് യഥാർത്ഥത്തിൽ തെരെഞ്ഞെടുക്കുന്നത്? നിങ്ങളാണോ? അല്ല; നിങ്ങളുടെ പിതാവ്. ഖലീഫ തെരഞ്ഞടുപ്പിലും സംഭവിക്കുന്നത് ഇതുതന്നെ.

## പ്രവാചകനും, ഖലീഫയും തെറ്റുകുറ്റങ്ങളും

ഖലീഫ, തെറ്റുകുറ്റങ്ങളിൽ നിന്നും വിമുക്തനാണോ? ഖലീഫ ചെയ്യാൻ ഇടവന്നേയ്ക്കാവുന്ന തെറ്റുകൾ എത്തരത്തിലുള്ളവയാണ്; എന്നതിനെക്കുറിച്ചറിയണ്ടേ?

അല്ലാഹു മാത്രമാണ് തെറ്റുകുറ്റങ്ങളിൽ നിന്ന്. പരിശുദ്ധൻ പ്രവാചകനും, ഖലീഫയും മനുഷ്യരാണ്. മനുഷ്യർക്ക് പ്രവർത്തന രംഗങ്ങളിൽ പിഴവുകൾ പറ്റാം. പക്ഷേ, ദൈവസാന്നിദ്ധ്യത്തെക്കുറിച്ചും ദൈവത്തോടുള്ള കടപ്പാടിനെക്കുറിച്ചും മനുഷ്യൻ വച്ചുപുലർത്തുന്ന നിരന്തരബോധവും, അനുസ്യൂതമനുഷ്ഠിക്കുന്ന ദൈവാനുസരണവും, അവനെ തെറ്റുകളിൽ നിന്നും ദൂരത്താക്കുന്നു. എങ്കിലും മനഃപൂർവ്വമല്ലാത്ത പിഴവുകൾ സംഭവിക്കാം. പ്രവാചകനും, ഖലീഫക്കും നയസമീപനങ്ങളിൽ പിഴവുകൾ ഉണ്ടായിക്കൂടെന്നില്ല. അവർക്ക് ലൗകികമോ, ഭരണപരമോ ശരീഅത്ത് സംബന്ധിയോ ആയ വിഷയങ്ങളിൽ പിഴവുകൾ പറ്റാം. അങ്ങനെ ഉണ്ടാകുന്ന പിഴവുകൾ പിന്നീട്, അവർ സ്വയം തിരുത്തുകയോ അല്ലെങ്കിൽ, ആരെങ്കിലും ചൂണ്ടിക്കാണിക്കുമ്പോൾ തിരുത്തുകയോ ചെയ്യും. ഇവ രണ്ടും സംഭവിച്ചില്ലെങ്കിൽ അത്തരം പിഴവുകൾ അല്ലാഹു സ്വയം ശ്രദ്ധിക്കുകയും അവയുടെ പരിണിത ഫലം സമുദായത്തിന്റെ നന്മയിലും പുരോഗതിയിലും പര്യവസാനിപ്പിക്കുകയും ചെയ്യും.

തിരുനബി(സ)ക്ക് പറ്റിയ പിഴവുകളിലേയ്ക്ക് കണ്ണോടിക്കാം.

**ലൗകികം :** ഒരിക്കൽ നബി(സ) നടന്നുപോയിക്കൊണ്ടിരിക്കുമ്പോൾ ഈന്തപ്പന വൃക്ഷത്തിൽ പരാഗണം നടത്തിക്കുകയായിരുന്ന ചില കർഷകരെ കാണാൻ ഇടയായി. ആ പുണ്യാത്മാവ് അവരോടു ചോദിച്ചു, "നിങ്ങൾ ഇങ്ങനെയാണ് ചെയ്യുന്നത്, അല്ലേ? അങ്ങനെ ചെയ്താലോ" എന്ന്. കർഷകർ, തങ്ങൾ കൈക്കൊണ്ടുവരികയായിരുന്ന രീതിയിൽ നിന്നും ഭിന്നമായൊരു രീതി നബി (സ) ഉപദേശിക്കുകയാണെന്ന് കരുതി, അവർ ആ രീതി പരീക്ഷിച്ചു. പക്ഷേ, അക്കൊല്ലം വിള മോശമായി ഭവിച്ചു. കർഷകർ നബി (സ)യെക്കണ്ട് കാര്യം ഉണർത്തിയപ്പോൾ അദ്ദേഹം പറഞ്ഞു. "ദുൻയാവിനെ സംബന്ധിച്ച കാര്യങ്ങൾ നിങ്ങളാണ് മനസ്സിലാക്കിയിരിക്കേണ്ടത്" എന്ന്. ഒരു പ്രവാചകൻ ദുൻയാവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും പരിചയസമ്പന്നൻ ആയിക്കൊള്ളണമെന്നില്ല. പ്രവാചകദൗത്യവുമതല്ല ഖലീഫ, ഒരു ശാസ്ത്രജ്ഞന്റേയോ, ശില്പിയുടെയോ, കമ്പ്യൂട്ടർ എക്സ്പെർട്ടിന്റെയോ പാടവം പ്രകടിപ്പിക്കുന്ന വ്യക്തിയല്ല. അത് അദ്ദേഹത്തിന്റെ ചുമതലയുമല്ല. അതുകൊണ്ട്, ദുൻയാവുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങളിലുള്ള പിഴവുകൾ പ്രവാചകനെയെന്ന പോ ലെ ഖലീഫയേയും ബാധിക്കാം.

**ഭരണപരം:** ഇനി ഭരണപരമായ പിഴവുകളിലേയ്ക്ക് തിരിയാം. നബി(സ) ബദർ യുദ്ധത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പിലായിരുന്നു. അദ്ദേഹമാണു സർവ്വസൈന്യാധിപൻ. ശത്രുസൈന്യത്തെ നേരിടുന്നതിനു വേണ്ടിയുള്ള തയ്യാറെടുപ്പിനായി താവളമടിക്കാൻ അദ്ദേഹം ഒരു സ്ഥലം നിർണ്ണയിച്ചു. പക്ഷേ, ആ സ്ഥലം സൈന്യത്തിന് താവളമടിക്കാൻ യോജിച്ചതല്ലെന്ന് ഒരു അനുചരൻ ചൂണ്ടിക്കാണിക്കുകയും ജലലഭ്യതയുള്ള മറ്റൊരു സ്ഥലം നിർദ്ദേശിക്കുകയും ചെയ്തപ്പോൾ നബി(സ) ആ നിർദ്ദേശം സ്വീകരിച്ച്, സൈന്യത്തെ അങ്ങോട്ട് ചലിപ്പിച്ചു. ശ്രദ്ധിക്കുക, ഇത് പരിശുദ്ധ നബിയാണ്; ദൈവം നേരിട്ടു നിയമിച്ച പ്രവാചകനാണ്; സർവ്വ സൈന്യാധിപനാണ്; എന്നിട്ടും പിഴവ് പറ്റി. യുദ്ധതന്ത്രവുമായി ബന്ധപ്പെട്ട പിഴവാണു പറ്റിയിരിക്കുന്നത്. അനുചരരിലൊരാൾ അത് ചൂണ്ടിക്കാട്ടിയപ്പോൾ ഒട്ടും വൈകാതെ നബി(സ) അത് തിരുത്തി. ഖലീഫക്കും അത്തരം പിഴവുകൾ സംഭവിക്കാം. പക്ഷേ, അവ ഉടൻ തിരുത്തുന്നു.

ശരീഅത്ത് സംബന്ധിയായവ: ഫർള് നമസ്കാരത്തിന്റെ 'റക്കഅത്ത്'കളുടെ എണ്ണം മുസ്ലിംകൾക്കൊക്കെ അറിയാവുന്നതാണ്. സുബഹി - രണ്ട്, ളുഹർ - 4, അസ്സർ - 4, മഗ്രിബ് - മൂന്ന്, ഇശാ - നാല്. ശരിയത്ത് നിയമങ്ങളുടെ ഭാഗമായി നബി (സ) തന്നെയാണ് ഇവ നമ്മെ പഠിപ്പിച്ചത്. പക്ഷേ ആ നബി (സ) തന്നെ ഒരിക്കൽ ഇമാമായി നിന്നപ്പോൾ ളുഹർ നമസ്കാരം നാലു റക്ക്അത്തുകൾക്ക് പകരം, രണ്ട് റക്ക്അത്ത് നമസ്കരിച്ചു. "യാ! റസൂലുല്ലാ... നമസ്കാരത്തിന്റെ 'റക്കാഅത്തുകളുടെ' എണ്ണം ചുരുങ്ങിയോ"എന്ന് 'മാഅ്മൂം' ചോദിച്ചപ്പോൾ പറ്റിപ്പോയ പിഴവു മനസ്സിലാക്കി, നമ്മുടെ പ്രിയങ്കരനായ നബി(സ) രണ്ടു റക്ക്അത്തുകൾ കൂടി നമസ്കരിച്ചു. ഒന്നും മനഃപൂർവ്വമല്ല. ശരീഅത്തുമായി ബന്ധപ്പെട്ട ഇത്തരം പിഴവുകൾ പ്രവാചകനെയെന്നപോലെ ഖലീഫയേയും ബാധിക്കാം. അവ മറവി മൂലം സംഭവിക്കുന്നവയാണ്. അവർ മനുഷ്യരാണ്. അത്തരം തെറ്റുകൾ തിരുത്തപ്പെടുന്നു.

## പ്രവാചകൻ മഅ്സൂം

നാം എപ്പോഴും കേൾക്കുന്ന വാക്കാണ് പ്രവാചകൻ 'മഅ്സൂം' എന്നത്. അതായത് തെറ്റുകളിൽ നിന്നും ദൈവത്താൽ സംരക്ഷിതൻ എന്നത്. ഈ സംരക്ഷണം അവരുടെ അറിവിനു അതീതരായി അവർക്ക് ലഭിക്കുന്ന എന്തെങ്കിലും അനുഗ്രഹമല്ല. മറിച്ചു, അനുസ്യൂതമവരനുഷ്ഠിക്കുന്ന ദൈവാനുസരണഫലമായി പ്രകൃത്യാ

അവരിലുൽഭൂതമാകുന്ന ഒരനുഗ്രഹമാണ്.

## അനുസരണം സ്വകാര്യങ്ങളിൽ

മനുഷ്യനെ സംസ്കരിക്കലും, അവനു സമാധാനജീവിതമൊരുക്കലും മാത്രമല്ലല്ലോ മതധർമ്മം. സൃഷ്ടികളിൽ മകുടം ചാർത്തിനിൽക്കുന്ന മനുഷ്യനെ അവന്റെ സൃഷ്ടാവായ ദൈവവുമായി ബന്ധിപ്പിക്കുക എന്ന മൗലിക ലക്ഷ്യം കൂടി അതിനുണ്ടല്ലോ. ഈ മൗലിക ലക്ഷ്യപ്രാപ്തിക്കായി സമുദായത്തെ സന്മാർഗ്ഗത്തിന്റെ ഉന്നതങ്ങളിൽ നിന്ന് ഉന്നതപടവുകളിലെത്തിക്കാൻ യത്നിക്കുന്ന ഖലീഫയിൽ നിന്ന് ദൈവനിന്ദയോ മനഃപൂർവ്വമായൊരു തെറ്റോ സംഭവിക്കുകയില്ല. ദൈവത്താൽ നിയമിതനായ ഖലീഫ ദൈവിക നിയമനത്തിനെതിരായി പ്രവർത്തിക്കുമെന്നും, ദൈവത്തെ ധിക്കരിക്കുമെന്നും ആർക്കും ഊഹിക്കാനുമാവില്ല. കാര്യമിതായിരിക്കെ, എന്തുകൊണ്ട് അഹ്മദിയ്യാ യുവജനസംഘടനയായ ഖുദ്ദാമിന്റെ സത്യപ്രതിജ്ഞയിലും, ബയ്അത്ത് ഫാറത്തിലും "ഖലീഫ ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങളിലും അനുസരണം പുലർത്തും" എന്ന വാചകമുപയോഗിക്കുന്നുവെന്നൊരാൾ ചോദിച്ചേക്കാം.

"എല്ലാ നല്ലകാര്യങ്ങളിലും അനുസരിക്കുക" എന്ന വാചകം നബി(സ) മദീനയിലെ ചില സ്ത്രീപുരുഷന്മാരിൽ നിന്നും സ്വീകരിച്ച് ആദ്യബയ്അത്തിൽ ഉപയോഗിച്ച വാചകമാണ്.

വിശുദ്ധ ഖുർആൻ അദ്ധ്യായം 60-ലെ 13-ാം വചനത്തിൽ അല്ലാഹു നബി(സ)യോടു പറയുന്നത് നോക്കുക.

"ഒരു നല്ല കാര്യത്തിലും നിന്നോടു അനുസരണക്കേട് കാണിക്കുകയില്ല എന്നുമുള്ള നിബന്ധനയോടെ സത്യവിശ്വാസികൾ നീയുമായി ബയ്അത്ത് ചെയ്യാൻ വന്നാൽ നീ അവരുടെ അനുസരണ പ്രതിജ്ഞ സ്വീകരിച്ചുകൊള്ളുക" (വി.ഖു. 60:13)

നല്ല കാര്യങ്ങളിൽ അല്ലാഹുവിനെ അനുസരിക്കുക; നല്ല കാര്യങ്ങളിൽ പ്രവാചകനെ അനുസരിക്കുക, നല്ല കാര്യങ്ങളിൽ ഖലീഫയെ അനുസരിക്കുക, എന്നീ വചനങ്ങൾ നമ്മോടു അല്ലാഹുവോ, പ്രവാചകനോ, ഖലീഫയോ ചീത്തകാര്യം ചെയ്യാൻ നിർദ്ദേശിക്കുമെന്നു സൂചന നൽകുന്നില്ല. കാരണം അവരിൽ നിന്ന് നന്മയേ പുറപ്പെടൂ. അവരിൽ നിന്നു ലഭിക്കുന്ന കല്പനകളും നിർദ്ദേശങ്ങളും അതിവിശിഷ്ടങ്ങളാണ്. നാം അവരുടെ കല്പനകളെ അഥവാ നിർദ്ദേശങ്ങളെ അനുസരിക്കുമ്പോൾ നാം നല്ലതിനെത്തന്നേയായിരിക്കും അനുസരിക്കുക.

## രണ്ടാം ശക്തിപ്രഭാവം

വാഗ്ദത്ത മസീഹ് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) ഖിലാഫത്തിന് "ഖുദ്റത്തെ സാനി" എന്നാണ് പേർ നൽകിയത്. അതായത് "രണ്ടാമത്തെ ശക്തി പ്രഭാവം, ഹാ! എത്ര ഉചിതമായ പേർ! ആദ്യത്തെ ശക്തിപ്രഭാവം വാഗ്ദത്ത മസീഹിലൂടെ സാക്ഷാൽക്കരിക്കപ്പെട്ടു; രണ്ടാമത്തേത് നിയമിതനായ ഖലീഫയിലൂടേയും, ഒരു വ്യത്യാസവുമില്ല. ഒരാളെ ദൈവം നേരിട്ടു നിയമിക്കുന്നു; മറ്റെ ആളെ ദൈവം പരോക്ഷമായി നിയമിക്കുന്നു. ഒന്ന് അവന്റെ 'റഹ്മാൻ' എന്ന സിഫത്തിന്റെ പ്രകടനം; മറ്റേത് അവന്റെ 'റഹീമിയ്യത്ത്' എന്ന സിഫത്തിന്റെ പ്രകടനം. വ്യത്യാസം അവരുടെ ദൗത്യത്തിൽ മാത്രം. പ്രവാചകൻ വിശ്വാസികളുടെ സമുദായത്തിന് അസ്തിവാരമിടുന്നു; ഖലീഫ ആ അസ്തിവാരത്തിന്മേൽപ്പണിത് വിശ്വാസികളുടെ സമുദായത്തെ ലോകത്താകമാനം വ്യാപിപ്പിക്കുന്നു. അത് ഒരു അനുഗൃഹീത ഫലവൃക്ഷം പോലെയാണ്. അതിന്റെ വേരുകൾ ഭൂമിയിൽ അതിശക്തമായി സ്ഥാപിതമായതും, ശാഖകൾ മാനംമുട്ടെ വളർന്നു പന്തലിച്ചതുമാണ്. അതു എല്ലാ കാലത്തും അതിന്റെ കർത്താവിന്റെ കല്പനപ്രകാരം തേനൂറും ഫലം പ്രദാനം ചെയ്തുകൊണ്ടു നില്ക്കും. ഇത് നിശ്ചയം, അല്ലാഹുവിന്റെ പാശമാണ്; മുറുകെപ്പിടിക്കുക. നമ്മുടെ ക്ഷേമവും, ഐശ്വര്യവും സംരക്ഷണവും ഇതിലാണ് നിലകൊള്ളുന്നത്. ■


അവലംബം:

1. ഖിലാഫത്ത് ദിനാഘോഷത്തോടനുബന്ധിച്ച് ഖലീഫത്തുൽമസീഹ് നാലാമൻ (റഹ്) 1992 മേയ് മാസം 3-ാം തിയതി ടൊറൺഡോയിൽ വച്ചു നിർവഹിച്ച പ്രസംഗം.

2. വിശുദ്ധ ഖുർആൻ


## മര്യാദ

തന്റെ ഗുരുവിൽ എവിടെയെങ്കിലും പിഴവു കണ്ടാൽ അതെടുത്തു പറയരുതെന്ന് സൂഫികൾ ചില സ്ഥലങ്ങളിലെഴുതിയിട്ടുണ്ട്. എടുത്തു പറഞ്ഞാൽ കർമ്മങ്ങൾ പാഴായിപ്പോകും. (കാരണം, യഥാർത്ഥത്തിൽ അത് തെറ്റായിരിക്കുകയില്ല. അവന്റെ ധാരണയുടെ കുഴപ്പമായിരിക്കും) അതുകൊണ്ട് റസൂൽ തിരുമേനിയുടെ അനുചരന്മാർ നബി(സ)യുടെ തിരുസന്നിധി യിൽ ഇരുന്നത് തങ്ങളുടെ തലയ്ക്കുമീതെ ഏതോ പക്ഷി വന്നിരിക്കുന്നു എന്ന നിലയിലായിരുന്നു. ഈ വിനയവും ശ്രദ്ധയും കാരണത്താൽ അവർക്ക് തലയുയർത്താൻ സാധ്യമായിരുന്നില്ല. ഇതെല്ലാമായിരുന്നു അവരുടെ അദബ് അഥവാ മര്യാദ.

***ഹദ്റത്ത് അഹ്മദ് (മൽഫൂസാത്ത്)***

ലേഖനം

മൗലവി മുഹമ്മദ് അയ്യൂബ്

# മുസ്‌ലിഹ് മൗഊദ് (റ): സുവിശേഷ ദർശനങ്ങളുടെ ദിവ്യസാക്ഷാത്ക്കാരം

## വാഗ്ദത്ത മസീഹിനുണ്ടായ ദിവ്യദർശനങ്ങളിലും പൂർവ്വികമായ വെളിപാടുകളിലും സൂചനകളുള്ള ഒരു ദിവ്യവ്യക്തിത്വമായിരുന്നു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനഭാഗവും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഭാഗവും മതചരിത്രത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ കാലഘട്ടം മതലോകത്ത് ഘോരമായ ആശയസമരങ്ങൾക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. അതേ സമയം വിദ്യാഭ്യാസപരവും സാംസ്കാരികവുമായ നവോത്ഥാനത്തിന്റെ പേരിൽ മതാശയങ്ങൾക്കും മതേതര ആശയങ്ങൾക്കുമിടയിൽ കഠിനമായ പോരാട്ടം നടന്നുകൊണ്ടിരിക്കുകയുമായിരുന്നു. മതവിശ്വാസങ്ങൾ തമ്മിലുള്ള യുദ്ധത്തിൽ ക്രിസ്തുമതം, ഹിന്ദുമതം, ഇസ്‌ലാം എന്നിവയായിരുന്നു പ്രത്യേകം ശ്രദ്ധേയമായിരുന്നത്. ഈ മൂന്നു മതങ്ങളും തമ്മിലുള്ള ആശയസമരത്തിന്റെ പ്രമുഖരംഗം ഇന്ത്യയായിരുന്നു.

അക്കാലത്ത്, 1885 അവസാനത്തോടെ വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് അഹ്മദ് (അ) ഇംഗ്ലീഷ് ഭാഷയിൽ ഒരു വിജ്ഞാപനം പുറത്തിറക്കുകയുണ്ടായി. അതിൽ ലോകമതങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട്, 'ഇന്ന് ജീവനുള്ള ദൈവത്തിന്റെ ജീവനുള്ള അടയാളങ്ങൾ കാണാൻ ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ അതിനുള്ള സന്ദർഭം ഒരുക്കുന്നത് ഇസ്‌ലാം മാത്രമാണ്. മൂസാ നബി (അ)യോട് ദൈവം സംസാരിച്ച തൂർപർവ്വതം ഇന്ന് ഇസ്‌ലാമാണ്. ആ ദൈവഭാഷണത്തിന്റെ അടയാളം ഇന്നും കാണാൻ ആഗ്രഹിക്കുന്നവർ ഖാദിയാനിൽ തന്റെയടുത്തു വന്ന് ഒരു വർഷവും താമസിക്കേണ്ടതാണ് എന്ന് ഒരു പൊതു വിളംബരത്തിലൂടെ അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്യുകയുണ്ടായി. മാത്രമല്ല, അങ്ങിനെ ജീവസുറ്റ ദൈവത്തിന്റെ ജീവനുള്ള അടയാളം കാണാൻ ഖാദിയാനിൽ വരാൻ ആരെങ്കിലും തയ്യാറുണ്ടെങ്കിൽ അവരുടെ യാത്രാചിലവും ഒരു വർഷം അവർ സമ്പാദിക്കാവുന്ന സമ്പാദ്യവും നൽകുന്നതാണെന്നും അദ്ദേഹം വാഗ്ദാനം ചെയ്യുകയുണ്ടായി. അതോടൊപ്പം, ഒരു വർഷത്തിനുള്ളിൽ ജീവനുള്ള ദൈവത്തിന്റെ അടയാളം കാണാൻ കഴിഞ്ഞില്ലെങ്കിൽ എന്റെ ഈ വാദം വ്യാജമാണെന്നു കരുതാവുന്നതാണെന്നും അദ്ദേഹം വിളംബരപ്പെടുത്തി.

ആ അവസരത്തിൽ ഖാദിയാൻ നിവാസികളായ ഹൈന്ദവ ധനാഢ്യന്മാരും പ്രമുഖരുമായ മറ്റു ചിലർ, വാഗ്ദത്ത മസീഹി(അ)നോട് താങ്കളുടെ ഈ വിജ്ഞാപനപ്രകാരമുള്ള അടയാളം കാണാൻ ലണ്ടനിലും അമേരിക്കയിലും ഉള്ളവരേക്കാൾ അധികം അർഹരായവർ താങ്കളുടെ അയൽവാസികളും ഖാദിയാൻ നിവാസികളുമായ ഞങ്ങളാണ്, ഞങ്ങൾക്ക് അടയാളം കാണിക്കാനായി താങ്കൾക്ക് അധികമൊന്നും ചെലവാക്കേണ്ടി വരില്ല എന്ന് അറിയിക്കുകയുണ്ടായി. അവർ ഒരു കത്തു മുഖേന ഈ വിവരം അറിയിക്കുകയും ചെ യ്തു. മുൻഷി താരാചന്ദ്, ലക്ഷ്മിറാം, ബിഷൻദാസ്, ലക്ഷ്മൺറാം, നിഹാൽ ചന്ദ്, ബേജ് നാഥ് എന്നിവരായിരുന്നു ആ മാന്യ വ്യക്തികൾ, ലാലാ ശരംപത് റായ് എന്ന വ്യക്തി ഹദ്റത്ത് മൗലാനാ അബ്ദുല്ലാഹ് സനൗരി (റ)യുടെ സാക്ഷ്യത്തോടുകൂടി അമൃത്സരിലുള്ള റിയാസെ ഹിന്ദ് എന്ന പ്രസ്സിൽ നിന്ന് ആ കത്തു അച്ചടിച്ച് പ്രസിദ്ധികരിക്കുകയും ചെയ്തു.

അടയാളം പ്രകടനമാവേണ്ട കാലഘട്ടം ഈ വിജ്ഞാപനം പുറത്തിറങ്ങിയ 1885 സെപ്തംബർ മുതൽ 1886 വരെയുള്ള കാലമായിരുന്നു. ഏതൊരു ദൈവമാണോ തന്റെ കരങ്ങളാൽ ഈ വിജ്ഞാപനം പുറപ്പെടുവിപ്പിച്ചിട്ടുള്ളത് അവൻ തന്നെ അടയാളം തീർച്ചയായും പ്രകടിപ്പിക്കുന്നതായിരിക്കുമെന്നും ഹദ്റത്ത് മസീഹ് മൗദൂദ് (അ) മറുപടി കൊടുത്തപ്പോൾ, കാലപരിധിയും നിർണ്ണയിക്കപ്പെട്ടു.

ഏകദേശം രണ്ടു വർഷങ്ങൾക്ക് മുമ്പ് ഹദ്റത്ത് അഹ്മദ് (അ) ഒരു ദിവ്യവെളിപാടിൽ *"നിന്റെ പ്രശ്നപരിഹാരം ഹോശിയാർപൂരിൽ നിന്നായിരിക്കും"* എന്ന് വന്നിരുന്നു. ആകയാൽ പ്രത്യേകമായി ധ്യാനനിരതനാകാൻ ഖാദിയാനിൽ നിന്ന് ഹോശിയാർപൂർ എന്ന സ്ഥലത്തേക്ക് അദ്ദേഹം യാത്രയായി. അവിടുത്തെ പ്രധാനിയായ ഷേഖ് മുഹമ്മദ് അലിസാഹിബിന്റെ വീട്ടിന്റെ രണ്ടാം നിലയിൽ വാഗ്ദത്ത മസീഹ് (അ) ധ്യാനത്തിൽ മുഴുകുകയുണ്ടായി. അപ്പോൾ അടയാളം പ്രകടമാകുന്നതു സംബന്ധമായി. വിശദമായ ഇൽഹാം അദ്ദേഹത്തിനു ലഭിച്ചു. ആ ദിവ്യവെളിപാടുകൾ 1886 ഫിബ്രവരി 20ന് പച്ചനിറമുള്ള ഒരു കടലാസിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിൽ ഒരു വാഗ് ദത്ത പുത്രനെപ്പറ്റിയും പ്രതിപാദിക്കുകയുണ്ടായി. പ്രവചനസംഗ്രഹം ഇങ്ങനെയായിരുന്നു.

*'ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നൽകുന്നു. നീ എന്നോട് ചോദിച്ചപ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർത്ഥനകൾക്കു സ്വീകാരം നൽകുകയും നിന്റെ യാത്ര നിനക്ക് അനുഗ്രഹകരമാവുകയും ചെയ്തിരിക്കുന്നു. ആകയാൽ നിനക്ക് സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്ക് നൽകപ്പെടും. ഒരു പാവനപുത്രൻ നിനക്ക് ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽ നിന്നും നിന്റെ സന്തതിയിൽ നിന്നുമുള്ളവൻ തന്നെയായിരിക്കും... അവൻ ലോകത്ത് വന്നു തന്റെ മസീഹി ഗുണവും റൂഹുൽ ഹഖിന്റെ അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും അവൻ കലിമത്തുല്ലാഹ് ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹം അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവർ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും....*

ആ അവസരത്തിൽ ഹദ്റത്ത് അഹമദ്(അ)ന് 50 വയസ് കഴിഞ്ഞിരുന്നു. എന്നാൽ മേൽ സൂചിപ്പിച്ച പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹു അദ്ദേഹത്തിന് അസാധാരണമായ ഒരു പുത്രനെ കനിഞ്ഞനുഗ്രഹിക്കാൻ പോകുന്നുവെന്നും ആ പുത്രൻ 9 വർഷത്തിനകം പിറക്കുന്നതായിരിക്കുമെന്നും അറിയിച്ചിരുന്നു. ഈ കാലയളവിൽ വേറെയും സന്താനങ്ങൾ ഉണ്ടാകാമെങ്കിലും ഇതൊരു സവിശേഷ ഗുണങ്ങളുടെ ഉടമയായ ഒരു അത്ഭുത പുത്രനെപ്പറ്റിയുള്ള പ്രവചനമായിരുന്നു.

ഈ പ്രവചനത്തിന് പ്രാചീന കാലവുമായും ബന്ധമുണ്ടെന്നത് സ്മരണീയമാണ്. അതായത് വാഗ്ദത്ത മസീഹിനെപ്പറ്റിയുള്ള ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ)യുടെ പ്രവചനങ്ങളിൽ *'വാഗ്ദത്ത മസീഹ് വിവാഹം കഴിക്കുകയും അവർക്ക് സന്താനം ഉണ്ടാവുകയും ചെയ്യുന്നതാണ്'* എന്ന് അരുളിയിരുന്നു. ഈ പ്രവചനത്തെപ്പറ്റി 'ആയിനയെ കമാലാത്തെ ഇസ്‌ലാം' എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നത് ഇപ്രകാരമാണ്. *'ഇതിലുള്ള സൂചന അല്ലാഹു അദ്ദേഹത്തിന് പിതാവിന് സദൃശമായ ഒരു സാലിഹായ മകനെ നൽകുന്നതായിരിക്കും, ആ മകൻ അല്ലാഹുവിന്റെ ആദരണീയ ദാസനിൽ പ്പെട്ടവനായിരിക്കും'* എന്നതാണ്. അല്ലാഹു പ്രവാചകൻമാർക്കും ദൈവപ്രേമികൾക്കും സന്തതി ജനിക്കുന്നതായി സന്തോഷവാർ ത്ത അറിയിച്ചാൽ സാലിഹായ മകൻ തന്നെയായിരിക്കും ജനിക്കുക എന്നതാണ് ഇതിലുള്ള രഹസ്യം. മാത്രമല്ല, ഈ പ്രവചനം ഹദ്റത്ത് മസീഹ് (അ)ൽ ആവർത്തിച്ചതിൽ നിന്നും ഇസ്‌ലാം ജീവനുള്ള മതമാണെന്ന് ഇതിനെ അല്ലാഹു ഒരടയാളമാക്കാൻ ഇച്ഛിക്കുന്നു എന്നും മനസ്സിലാക്കാവുന്നതാണ്.

ഈ പ്രവചനത്തിന് പ്രാചീന മതങ്ങളുമായുള്ള ബന്ധം യഹൂദഗ്രന്ഥമായ തൽമൂദിൽ നിന്നും വ്യക്തമാണ്. അവൽ അന്തിമകാലമസീഹ് തീർച്ചയായും വരുമെന്നും അദ്ദേഹത്തിന്റെ ഭരണം അദ്ദേഹത്തിന്റെ പുത്രനിലേക്കും പൗത്രനിലേക്കും വ്യാപിക്കുന്നതാണെന്ന പ്രവചനവും കാണപ്പെടുന്നു.

പ്രസ്തുത പ്രവചനത്തിന്റെ മഹിമയും പ്രാധാന്യവും വർദ്ധിക്കുന്ന കാര്യങ്ങൾ വേറെയുമുണ്ട്. അതായത് ഈ അത്ഭുത ദൃഷ്ടാന്തം പ്രകടമാകാൻ പോകുന്നതിനെപ്പററി ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിനെ ഖണ്ഡിച്ചു കൊണ്ട് പണ്ഡിറ്റ് ലേഖ്റാം എന്ന ആര്യസമാജ പ്രമുഖൻ 1886 മാർച്ച് 18ന് ഒരു വിജ്ഞാ പനം പുറപ്പെടുവിച്ചു. അതിൽ. മിർസയുടെ പ്രവചനം തെറ്റാണെന്ന് എന്റെ ദൈവം എന്നെ അറിയിച്ചിരിക്കുന്നുവെന്നും ഈ പ്രസ്ഥാനം അധികപക്ഷം 3 വർഷം വരെ മാത്രമേ നിലനിൽക്കുകയുള്ളുവെന്നും എഴുതിയിരുന്നു. അതിന് ശേഷം മിർസാ തന്നെ സന്തതിയില്ലാതായി പോകുന്നതാണത്രെ! ഇങ്ങനെ ആ മഹദ് പ്രവചനത്തിൽ വിവ

രിക്കപ്പെട്ട എല്ലാ സദ്ഗുണങ്ങൾക്കും എതിരായ പദങ്ങളുപയോഗിച്ചായിരുന്നു ലേഖ്റാമിന്റെ എതിർപ്പ്. അതിന്റെ ഫലമായി ഈ പ്രവചനം എല്ലാവരുടേയും താത്പര്യമുണർത്തിയ ഒരു സജീവ വിഷയമായി മാറി.

ഈ പ്രവചനം പ്രസിദ്ധീകരിച്ച് ഏകദേശം ഒന്നര വർഷം കഴിഞ്ഞ് 1887 ആഗസ്റ്റ് 7ന് ആ മഹാത്മാവിന് ഒരു മകൻ ജനിച്ചു. ആ മകന് ബശീർ എന്ന് പേരിടുകയും ചെയ്തു. എന്നാൽ ആ മകൻ 15-ാം മാസം 1888 നവംബർ 4ന് വഫാത്തായി. അതുകണ്ട പണ്ഡിറ്റ് ലേഖ്റാം പറഞ്ഞു: നോക്കുക എന്റെ പരമേശ്വരന്റെ പ്രവചനം സത്യമായി പുലർന്നിരിക്കുന്നു. ആകയാൽ ഞാൻ പൂർവ്വാധികം ദൃഢതയോടെ പറയുകയാണ്. അധികപക്ഷം 3 വർഷത്തിനകം മിർസയുടെ പ്രസ്ഥാനം നശിച്ചുപോകുന്നതാണ്.

എന്നാൽ, പ്രവചനത്തിൽ നിനക്ക് ഒരു അതിഥി വരുന്നതാണെന്നും പറയപ്പെട്ടിരുന്നു അതിന്റെ പുലർച്ചയാണ് ഈ മകന്റെ ജനനവും മരണവും സ്ഥാപിക്കുന്നത്. യഥാർത്ഥ വാഗ്ദത്ത പുത്രന്റെ ജനനത്തിന് 9 വർഷമാണ് കാലാവധി പറഞ്ഞിട്ടുള്ളത് ആകയാൽ പറഞ്ഞ കാലാവധിക്കുള്ളിൽ ആ മകൻ ജനിക്കുക തന്നെ ചെയ്യും എന്നായിരുന്നു ഹദ്റത്ത് അഹ്മദി (അ) ന്റെ മറുപടി. ഈ സംഭവം ആ പ്രവചനത്തിന് അസാധാരണമായ പ്രസിദ്ധി നേടി കൊടുത്തു.

1889 ജനുവരി 12 ന് ആ വാഗ്ദത്ത സുതൻ ഭൂജാതനായി, അന്നു തന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) 'തക്മീലെ തബ്ലീഗ്' എന്നൊരു വിജ്ഞാപനം പുറപ്പെടുവിച്ചു വാഗ്ദത്ത പുത്രൻ ജനിച്ചിരിക്കുന്നു. 9 വർഷ കാലാവധിക്കു പകരമായി, പണ്ഡിറ്റ് ലേഖ്റാമിന്റെ പ്രവചനത്തെ വ്യാജപ്പെടുത്തുംവിധം 3 വർഷത്തിനുള്ളിൽ തന്നെ അല്ലാഹു ആ പരിശുദ്ധ വാഗ്ദത്ത പുത്രനെ ജനിപ്പിച്ചിരിക്കുന്നു എന്ന് പ്രഖ്യാപിക്കുകയായിരുന്നു.

അതിന് ശേഷം അല്ലാഹുവിൽ നിന്ന് പലവിധത്തിലുള്ള ദിവ്യവെളിപാടുകളും ദിവ്യദർശനങ്ങളും പ്രകടമായിക്കൊണ്ടിരുന്നു. അതെല്ലാം അപ്പപ്പോഴായി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. 1897-ൽ രചിച്ച 'സിറാജുൽ മുനീർ' എന്ന ഗ്രന്ഥത്തിൽ വാഗ്ദത്ത പുത്രനെപ്പറ്റിയുള്ള പ്രവചനത്തിന്റെ വിശദീകരണം വിവരിച്ചുകൊണ്ട് 1889 ജനുവരി 12ന് ജനിച്ച മകൻ തന്നെയാണ് ആ വാഗ്ദത്ത പുത്രൻ എന്നും അവന് ഇപ്പോൾ 9 വയസ്സായി എന്നും എഴുതിയിരുന്നു. 1907ൽ എഴുതിയ 'ഹഖീക്കത്തുൽ വഹ്യിൽ' പ്രസ്തുത പ്രവചനത്തെ വിശദീകരിച്ചു കൊണ്ട് വാഗ്ദത്ത പുത്രന് ഇപ്പോൾ 17 വയസ്സായെന്ന് എഴുതുകയുണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു ദിവ്യ ദർശനത്തിൽ ഒരു പള്ളി കാണുകയുണ്ടായി. അതിന്റെ ചുവരിൽ 'മഹ്മൂദ്' എന്ന പേര് വളരെ പ്രകാശമയമായ തടിച്ച അക്ഷരത്തിൽ എഴുതിയിരുന്നു. അതിന് വ്യാഖ്യാനം നൽകിക്കൊണ്ട് ആ മഹാത്മാവ് പറഞ്ഞു. പള്ളികൊണ്ടുള്ള ദ്ദേശ്യം ജമാഅത്താകുന്നു. ഈ പേര് കണ്ടതിൽ നിന്നും വ്യക്തമാകുന്നത് ഈ ജമാഅത്തിന്റെ ഭാവിയിലെ നേതൃത്വത്തിൽ മഹ്മൂദിന്റെ നാമം പ്രകാശിതമായിരിക്കും എന്നതാണ്. മാത്രമല്ല ഹദ്റത്ത് മീർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) തന്നെയാണ് വാഗ്ദത്ത പുത്രൻ എന്ന കാര്യം മറ്റു പലരും പലവിധത്തിലും മനസ്സിലാക്കിയിരുന്നു.

ലാഹോർ നിവാസിയായ ഷേക് മുഹമ്മദ് എന്നൊരാൾ ഖാദിയാനിൽ പോവുകയുണ്ടായി, അത് മഹ്മൂദ് (റ)യുടെ കുട്ടിക്കാലത്തായിരുന്നു. അദ്ദേഹം പറയുന്നു. മിയാൻ മഹ്മൂദിന് കണ്ണിൽ ദീനമുണ്ടായിരുന്നു. ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ (റ) മിയാൻ മഹ്മൂദിന്റെ കണ്ണിൽ മരുന്ന് തടവിക്കൊണ്ട് രണ്ടു കൈ കളാലും രണ്ടു കവിളിലും തലോടി ലാളിച്ച് നെറ്റിയിൽ വാൽസല്യ പൂർവ്വം മുത്തമിടുകയുണ്ടായി എന്നിട്ട് പറഞ്ഞു. മിയാ(ൻ) നീ വളരെ വലിയ മിയാ(ൻ) ആണ്. (മിയാൻ എന്നത് ബഹുമാനസൂചകമായി ഉപയോഗിക്കുന്ന ഒരു പ്രയോഗമാണ്) അല്ലാഹു നിന്നെ വളരെ വലിയ മിയാനാക്കട്ടെ. അല്ലാഹു നിന്നെ മുഴുവൻ ലോകത്തിന്റേയും ഇമാമാക്കട്ടെ! ഇതു കേട്ട് ശെയ്ഖ് മുഹമ്മദ് സാഹിബ് ചോദിക്കുകയുണ്ടായി, ഹദ്റത്ത് താങ്കൾ ഈ വലിയ വലിയ പദങ്ങളെല്ലാം പ്രയോഗിക്കുന്നുണ്ടല്ലോ അതിന് ഏതെങ്കിലും കാരണമുണ്ടോ? ഹദ്റത്ത് സാഹിബ് പറഞ്ഞു. അല്ലാഹു നമ്മുടെ മുന്നിൽ ദിനേന പ്രകടമാക്കിക്കൊണ്ടിരിക്കുന്ന അടയാളങ്ങൾ അനുസരിച്ച് ഇവർ സമസ്ത ലോകത്തിന്റെയും ഇമാമാകാനുള്ളവനാണ്. ഞാൻ സൽഫലം കിട്ടാനായിട്ടാണ് ദുആ ചെയ്യുന്നത്. ■

(തുടരും)

*(12-ൽ നിന്ന് തുടർച്ച)*

പൊട്ടിപ്പുറപ്പെടേണ്ടതാണ്. ബുദ്ധിമതികൾ, ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യേണ്ട സ്ഥാനമാണിത്. കേൾക്കുന്നവർക്ക്, കേൾക്കാനുള്ള സന്ദേശമാണിത്. ശ്രദ്ധിക്കുക, കേൾക്കുക.

***പരലോക ശിക്ഷ ഭയപ്പെടുന്നവർക്ക് തീർച്ചയായും ഇതിൽ ഒരു ദൃഷ്ടാന്തമുണ്ട്. സമസ്ത മനുഷ്യരേയും ഒരുമിച്ചുകൂടപ്പെടുന്ന ഒരു നാളാണ് അത്. സാക്ഷ്യം വഹിക്കപ്പെടുന്ന ഒരു നാളുമാണ് അത് (11:104)***

**വിവ: മൗലവി മുഹമ്മദ് ഇസ്മായിൽ**

■

ലേഖനം

സുഹൈൽ സക്കിയുദ്ദീൻ ഹുസ്സയിൻ, ബോസ്റ്റൺ, യു.എസ്.എ.

# സാമുവൽ ഹനിമാൻ ഹോമിയോപ്പതിയുടെ ഉപജ്ഞാതാവ്

**രോഗമുണ്ടാക്കുന്ന വസ്തുവിനെ തന്നെ ചികിത്സക്കുപയോഗിക്കുക എന്ന ലളിതതത്വമാണ് ഹോമിയോപതിയുടേത്. രോഗത്തിന്നെതിരെ ശരീരത്തിനുതന്നെ പ്രതിരോധിക്കാൻ കഴിയും. ആ ശക്തികളെ ലഘുവായി ഉദ്ദീപിപ്പിക്കുകയാണ് ഹോമിയോ ചികിത്സ.**

വൈദ്യശാസ്ത്രരംഗത്ത് ലോകമെമ്പാടും നടപ്പിലുള്ള ഒരു ചികിത്സാരീതിയാണ് ഇന്ന് ഹോമിയോപ്പതി. എന്നിട്ടും 200 വർഷങ്ങൾക്കു മുമ്പ് ജർമ്മനിയിൽ കണ്ടുപിടിക്കപ്പെട്ട ഈ ചികിത്സാരീതി തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. തെറ്റിദ്ധാരണ മാത്രമല്ല, യാഥാസ്ഥിതിക വൈദ്യശാസ്ത്രം (അലോപ്പതി വൈദ്യശാസ്ത്രത്തെ അദ്ദേഹം വിളിക്കുന്നത് യാഥാസ്ഥിതിക വൈദ്യശാസ്ത്രം എന്നാണ്) അതിനെ എതിർക്കുക പോലും ചെയ്യുന്നു. ഈ പ്രബന്ധം, ഹോമിയോപ്പതിയുടെ ഉത്ഭവത്തെ കുറിച്ചും അതിന്റെ ഉപജ്ഞാതാവായ ഡോ. സാമുവൽ ഹനിമാനെക്കുറിച്ചുമുള്ള സംശയങ്ങൾക്ക് നിവാരണം വരുത്താൻ ഉപകരിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു (ഇൻശാഅല്ലാഹ്). ഹോമിയോപതിയുടെ മാന്യനായ ഈ ഉപജ്ഞാതാവിന്റെ വളർച്ചയും യാഥാസ്ഥിതിക വൈദ്യശാസ്ത്രത്തെക്കുറിച്ചുള്ള അദ്ദേഹത്തി ന്റെ നിരാശയും ജീവശാസ്ത്രങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അപാരമായ അറിവും ദൈവവിശ്വാസവുമെല്ലാം ഈ കണ്ടുപിടിത്തത്തിലേക്ക് അദ്ദേഹത്തെ നയിച്ചതായി നമുക്കു കണ്ടെത്താൻ കഴിയും. പിന്നെ തന്റെ സിദ്ധാന്തം സ്ഥാപിച്ചശേഷം അതിനെ കൂടുതൽ സുതാര്യമാക്കാനും അദ്ദേഹം പരിശ്രമിച്ചു. അദ്ദേഹം ചരമമടയുന്ന സമയത്ത് ഹോമിയോപ്പതി വൈദ്യശാസ്ത്രരംഗത്തെ ക്രോഡീകരിക്കപ്പെട്ട ഒരു സിദ്ധാന്തമായി മാറ്റുകയും നിരവധി ഭിഷഗ്വരന്മാർ അത് പ്രാക്ടീസ് ചെയ്യുകയുമുണ്ടായി. അ തിന്റെ ഗുണഫലങ്ങൾ കാരണമായി ജനപ്രീതി നേടുകയും ചെയ്തു.

അദ്ദേഹത്തിന്റെ മാതാപിതാക്കളുടെ വസതിയുടെ മുൻവശമുള്ള വാതായനത്തിൽ കൊത്തിവെച്ചതിൽ നിന്ന് അദ്ദേഹം ജനിച്ചത് 1757 ലാണെന്ന് മനസ്സിലാക്കാം.[1] കൃത്യമായിപ്പറഞ്ഞാൽ ഏപ്രിൽ 10-നാണ് സാമുവൽ ഹനിമാൻ ജനിച്ചത്. ഏകീകൃത ജർമ്മനിയുടെ രൂപീകരണത്തിന് വളരെ മുമ്പുതന്നെ സാക്സണി സ്റ്റേറ്റിൽ മെയ് സൻ പട്ടണത്തിൽ ഒരു സാധാരണ കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവായ ഗോട്ട്ഫ്രീഡ് ഹനിമാൻ പ്രാദേശിക ഫാക്ടറിയിൽ പിഞ്ഞാണപ്പാത്രങ്ങൾക്ക് ചായമിടുന്ന ജോലിയിലായിരുന്നു.

വളരെ മിതമായ വരുമാനമായിട്ടുപോലും പിതാവ് തന്റെ പുത്രനിൽ ബുദ്ധിപരമായ വിശകലനശേഷിയും വിമർശനബുദ്ധിയും വളർത്തിക്കൊണ്ടുവന്നു. ഓരോ ദിവസവും ജോലിക്ക് പോകുന്നതിന് മുമ്പ് ആ പിതാവ് ചിന്തിക്കാനുള്ള ഒരു വിഷയമേല്പിക്കും. എന്നിട്ട് യുവാവായ സ്മര്യപുരുഷനെ ഒരു ഇരുണ്ടമുറിയിലാക്കി വാതിലടക്കും. വൈകുന്നേരം ഫാക്ടറിയിൽ നിന്നു മടങ്ങിവരുവോളം ഹനിമാൻ ആ മുറിയിൽ കഴിച്ചുകൂട്ടും. നൽകപ്പെട്ട വിഷയത്തിലുള്ള തന്റെ ചിന്തകൾ ഹനിമാൻ പിതാവിനെ ഏല്പിക്കും. ഇതു കാരണം അഗാധമായ തത്വജ്ഞാന പ്രകൃതി ഹനിമാനിൽ രൂപപ്പെട്ടു.[2]

സ്കൂൾ പഠനത്തിന്റെ ആദ്യവർഷങ്ങളിൽ ഹനിമാന് സസ്യശാസ്ത്രം, ഗണിതശാസ്ത്രം, ജ്യാമിതി എന്നിവയിൽ താല്പര്യമുണ്ടായിരുന്നു.[3] അദ്ദേഹം ഒരു ചെറിയ സസ്യശേഖരം പോലും ഉണ്ടാക്കിയിരുന്നു. പിതാവ് ജോലി ചെയ്തിരുന്ന പിഞ്ഞാണപ്പാത്ര ഫാക്ടറിയിൽ രാജാവിന്റെ കല്പന പ്രകാരമുണ്ടായ

ഒരു റെയ്ഡ് നടന്നതിനാൽ ഹനിമാന്റെ വിദ്യാഭ്യാസം കുറച്ചു കാലം നിർത്തിവെക്കേണ്ടി വന്നിരുന്നു.[4] ഇത് അദ്ദേഹത്തിന്റെ പിതാവിന്റെ വരുമാനത്തിൽ വളരെ ഞെരുക്കമുണ്ടാക്കി. പക്ഷേ, ഈ ഇടവേള അധികം നീണ്ടുനിന്നില്ല. ടൗൺ സ്കൂളിലെ ഹെഡ്മാസ്റ്റർ, മി. മാജിസ്റ്റർ മുള്ളർ സ്കൂൾ ഫീസ് ഇളവു ചെയ്തുകൊടുത്തു. മാത്രമല്ല, ഹനിമാൻ തന്റെ സഹപാഠികൾക്ക് ഗ്രീക്ക് ഭാഷയിൽ ട്യൂഷൻ കൊടുത്തു കുറച്ചു തുകയുണ്ടാക്കി.[5] വിവിധ ഭാഷകളിൽ അവഗാഹം നേടാനുള്ള തുടക്കമായിരുന്നു അത്. ഈ വൈദഗ്ദ്യം പിന്നീട് തന്റെ കണ്ടുപിടിത്തത്തിന് കാരണമായി.

മാജിസ്റ്റർമുള്ളർ, ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ മാഹാത്മ്യത്തെക്കുറിച്ചുള്ള വിശ്വാസം സാമുവലിൽ നിവേശിപ്പിച്ചു. 'മനുഷ്യകരത്തിന്റെ അത്ഭുതകരമായ നിർമ്മിതി' എന്ന പേരിലുള്ള മാജിസ്റ്റർ മുള്ളറിന്റെ പ്രസംഗത്തിൽ വന്ന ഒരു ആപ്തവാക്യം ഹോമിയോപ്പതിയെക്കുറിച്ചുള്ള സാമുവലിന്റെ വ്യക്തിപരമായ വാദഗതികൾക്ക് നിർണ്ണായകമായി സ്വാധീനിച്ചു.

*'ഏറ്റവും ബഹുമാന്യരും പാണ്ഡിത്യമുള്ളവരുമായ നിങ്ങളിലാർക്കും തന്നെ പ്രപഞ്ചസൃഷ്ടിപ്പിന്റെ നടത്തിപ്പിൽ നിന്ന് ദൈവാസ്തികൃത്തിൽ സംശയം പുലർത്താൻ സാദ്ധ്യമല്ല. എന്നാലും മറ്റെന്തൊന്നിനെക്കാളുപരി മനുഷ്യശരീര നിർമ്മിതിയിൽ നിന്നു തന്നെ ആ പരമസത്തയുടെ ഔദാര്യം അത്ഭുതകരമായ രീതിയിൽ ഏറ്റവുമധികം പ്രശോഭിതമാവുന്നത് കാണാം.'*[6]

1775 മെയ് മാസത്തിൽ യുവാവായ ഹനിമാൻ ലീപ്സിഗ് യൂനിവേഴ്സിറ്റിയിൽ ഒരു വൈദ്യശാസ്ത്ര വിദ്യാർത്ഥിയായി ചേർന്നു. വിദ്യാർത്ഥികളെ ഭാഷകൾ പഠിപ്പിച്ചുകൊണ്ടായിരുന്നു ഹനിമാൻ തന്റെ വിദ്യാഭ്യാസത്തിന്റെയും ഉപജീവനത്തിന്റേയും ചെലവ് വഹിച്ചിരുന്നത്. കൂടാതെ ഫ്രഞ്ച്, ഇംഗ്ലീഷ് ഭാഷകളിൽ വൈദ്യശാസ്ത്രത്തിലും രസതന്ത്രത്തിലുമുള്ള ഗ്രന്ഥങ്ങൾ ജർമ്മൻ ഭാഷയിൽ പരിഭാഷ ചെയ്തു അദ്ദേഹം കുറച്ചു ധനം സംഭരിച്ചു.[7] അത് രസതന്ത്രത്തിലുള്ള അദ്ദേഹത്തിന്റെ അറിവ് ശക്തിപ്പെടുത്തുകയും ചെയ്തു. ശാസ്ത്രീയവും പരീക്ഷണാത്മകവുമായ മനോഭാവമുണ്ടാവേണ്ടത് വൈദ്യശാസ്ത്ര അദ്ധ്യാപനത്തെ സമീപിക്കാൻ അനുപേക്ഷണീയമായിരുന്നു.

1777ൽ ഹനിമാൻ ക്ലിനിക്കൽ പരിശീലനത്തിനുവേണ്ടി വിയന്നയിലേക്ക് സ്ഥലം മാറി. 1779ൽ അദ്ദേഹം വൈദ്യശാസ്ത്രത്തിൽ ബിരുദം നേടി. കുറച്ചു മാസങ്ങൾക്ക് ശേഷം സാക്സണിലെ ഹെറ്റ്സ്റ്റാറ്റ് ഖനനഗ്രാമത്തിൽ പ്രാക്ടീസ് ചെയ്തു.[8] അവിടെ വിജ്ഞാനതൃഷ്ണുവായ അദ്ദേഹം ലോഹശുദ്ധീകരണശാസ്ത്രത്തിൽ അല്പം ജ്ഞാനം നേടി. കുറച്ചുകാലങ്ങൾക്കുശേഷം ദേസ്സോ എന്ന സ്ഥലത്ത് ആരോഗ്യ വകുപ്പിൽ മെഡിക്കൽ ഓഫീസറായി സേവനമനുഷ്ഠിച്ചു. അതുപോലെ ഡ്രെസ്ഡാൻ എന്ന സ്ഥലത്തും കുറച്ചുകാലം ജോലി ചെയ്തു. ഇക്കാലത്ത് അദ്ദേഹം വളരെ അനുകമ്പയോടെയും പരോപകാരതല്പരതയോടെയും ജോലി ചെയ്തു. ഉദാഹരണമായി, 'മാതൃകാപരനായ ഭിഷഗ്വരനെ' സംബന്ധിച്ച് അദ്ദേഹം തന്റെ ലിഖിതങ്ങളിലൊന്നിൽ സോക്രട്ടീസിനെ ഉദ്ധരിച്ചുകൊണ്ട് പറയുന്നു:

*''സാധുക്കൾക്ക് അദ്ദേഹം സഹായം നൽകുന്നു, അദ്ദേഹത്തിന്റെ വൈദ്യശാസ്ത്രപരമായ വൈദഗ്ദ്യം' തന്റെ പക്കലുള്ള സാധനങ്ങൾകൊണ്ട് അശരണരായ കുടുംബങ്ങളെ പിന്താങ്ങുന്നു; അവർ സ്വയം സഹായിക്കുന്നതുവരെ തന്റെ പക്കലുള്ള ഏറ്റവും വിലപിടിപ്പുള്ള വീഞ്ഞുകൊണ്ട് മരിക്കാൻ പോകുന്നവരെ പുനർജീവിപ്പിക്കുന്നു. പാതിരാക്ക് പോലും അദ്ദേഹം ദുരിതമനുഭവിക്കുന്നവരെ അവരുടെ കുടിലിൽ ചെന്നു സഹായിക്കുന്നു. അവരെ ലോപമില്ലാതെ സാന്ത്വനപ്പെടുത്തുകയും ഉപദേശിക്കുകയും ചെയ്യുന്നു.*[9]

അടുത്ത മുപ്പത് വർഷക്കാലം യൂറോപ്പിലെ ജർമ്മൻ ഭാഷ സംസാരിക്കുന്നവരുടെ സ്ഥലങ്ങളിൽ സേവനം ചെയ്തു. ഒരിടത്തും അദ്ദേഹം ദീർഘമായി പ്രാക്ടീസു ചെയ്തില്ല. അദ്ദേഹം രസതന്ത്രഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തു. അക്കൂട്ടത്തിൽ ആർസനിക്ക് വിഷബാധയെക്കുറിച്ചുള്ള പുസ്തകവുമുണ്ടായിരുന്നു. എന്നാലും, അവയിലടങ്ങിയ കാര്യങ്ങൾ വിമർശനബുദ്ധിയോടെ വിശകലനം ചെയ്തു. അക്കാര്യത്തെക്കുറിച്ച് അദ്ദേഹം എഴുതുന്നു:

*"കുറെ നൂറ്റാണ്ടുകളായി എനിക്ക് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്തവിധത്തിലുള്ള കാരണങ്ങൾ, ദൈവികശാസ്ത്രമായ ക്ലിനിക്കൽ വൈദ്യശാസ്ത്രത്തെ തരംതാഴ്ത്തിയിട്ടുണ്ട്. പണം പിടുങ്ങുന്ന വിധത്തിൽ മോശമായ രീതിയിൽ രോഗലക്ഷണങ്ങളെ വെള്ളപൂശിക്കൊണ്ടും ഹീനമായ മരുന്നുകുറിപ്പുകളുടെ ദുഷിച്ച വ്യാപാരം നടത്തിയുമാണ് അവർ ഈ വൈദ്യശാസ്ത്രത്തെ തരംതാഴ്ത്തിയത്. ദൈവം നമുക്ക് പൊറുത്തുതരട്ടെ. ഇത് വെറും യാന്ത്രികമായ കച്ചവടമായിരുന്നു. ഈ പ്രാകൃതരായ പൊട്ടവൈദ്യന്മാർക്കിടയിൽ ഹിപ്പോക്രാറ്റസിനു പോലും കാഴ്ച നഷ്ടപ്പെട്ടുപോയി.*[11]

സമകാലീനമായ യാഥാസ്ഥിതിക വൈദ്യം കണ്ട് 1791ൽ ഹനിമാൻ തകർച്ചയുടെ വക്കോളമെത്തി. അതിനെസ്സംബന്ധിച്ച ഹനിമാൻ ഒരു സുഹൃത്തിനെഴുതി.

*വിചിത്രമായ ഭാവനയുടെ അടി*

*സ്ഥാനത്തിൽ രോഗത്തിനുള്ള മരുന്നിന്റെ കുറിപ്പുകൾ നൽകുന്നത് കുറ്റകരമാണെന്ന് എനിക്കു തോന്നുന്നു. മെറ്റീരിയ മെഡിക്കയിൽ ഒരാളുടെ ആകസ്മികമായ അഭിപ്രായമായി മാത്രം സ്ഥാനം പിടിക്കുന്നതാണിത്. വളരെ ദോഷം ചെയ്യുന്ന മരുന്നുകൾ കുറിച്ചുകൊടുത്തുകൊണ്ട് രോഗം ചികിത്സിക്കാൻ എന്റെ മനഃസാക്ഷിക്ക് കഴിയുന്നില്ല. തികച്ചും അനുയോജ്യമല്ലാത്തവിധത്തിൽ ശക്തിയേറിയ മരുന്നുകൾ നൽകുമ്പോൾ മരണം സംഭവിക്കുന്നു. അല്ലെങ്കിൽ പുതിയ ലക്ഷണങ്ങൾ ഉദ്ദീപിപ്പിക്കപ്പെടുന്നു. യഥാർത്ഥ രോഗം ഭേദമാക്കുന്നതിനേക്കാൾ സ്ഥായിയായ പ്രശ്ന ങ്ങൾ സൃഷ്ടിക്കുന്നു. അവയുടെ ശരിയായ പ്രവർത്തനരീതി വേണ്ടവിധം ഗവേഷണത്തിന് വിധേയമല്ലാത്ത സ്ഥിതിക്ക് എങ്ങനെയാണ് അവ അനുയോജ്യമാണെന്ന് ഡോക്ടർക്ക് തീർച്ചയാക്കാൻ കഴിയുക? ഒരു ഘാതകനാവാമോ അല്ലെങ്കിൽ എന്റെ സഹജീവിയുടെ ജീവിതം അനാരോഗ്യത്തിൽ വിടാനോ സാധ്യമല്ലാത്തിനാൽ എന്റെ വൈവാഹിക ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ എന്റെ ക്ലിനിക്കൽ പ്രാക്ടീസ് ഉപേക്ഷിച്ചു.* [12]

ആസ്ത്രേലിയയിലെ ലിയോപോഡ് രണ്ടാമന്റെ മരണം ഹനിമാനെ കുപിതനാക്കി. രോഗം ഭേദപ്പെടുത്തുന്നതിനുപകരം ചക്രവർത്തിയെ ചികിത്സിച്ച ഡോക്ടർ അദ്ദേഹത്തെ ദുർബ്ബലനാക്കുകയാണ് ചെയ്തത് എന്ന് ഹനിമാൻ മനസ്സിലാക്കി.

'അൻസീജർ' പത്രത്തിൽ ഹനിമാൻ എഴുതി:

*ഒന്നാമത്തെ വെനിസെക്ഷൻ (രക്തധമനി മുറിച്ച് രക്തം പുറത്തേക്ക് കളയൽ) മുഖേന രോഗിക്ക് ആശ്വാസം ലഭിച്ചില്ലെങ്കിൽ രണ്ടാം തവണയും അതു ചെയ്യണമെന്നു കല്പിക്കാൻ എന്തു തത്വത്തിന്റെ സ്ഥാനത്തിലാണ്, ഏതു ശാസ്ത്രീയ വീക്ഷണത്തിലൂടെയാണ് എന്ന് നാം ചോദിക്കുന്നു. എന്നാൽ മൂന്നാമത്തേ ശ്രമമോ? ദൈവം നമ്മെ രക്ഷിക്കട്ടെ. പക്ഷേ, മൂന്നു ശ്രമങ്ങളും പരാജയമടഞ്ഞതിനുശേഷം നാലാം തവണയും രക്തം വലിച്ചെടുക്കുക! മാനസികമായ അധികജോലി കാരണം മെലിഞ്ഞു, അതോടൊപ്പം തുടർച്ചയായ അതിസാരം ബാധിച്ച ഒരാളിൽ നിന്ന് 24 മണിക്കൂറിനിടയിൽ നാലു പ്രാവശ്യം ജീവന്നാധാരമായ രക്തം വലിച്ചെടുക്കുന്നു! അയാൾക്കാകട്ടെ യാതൊരു രോഗശമനവും അതുകൊണ്ടു ലഭ്യമാകുന്നുമില്ല. ഇതിനു മുമ്പിൽ ശാസ്ത്രം മങ്ങിപ്പോകുന്നു.* [13]

ചക്രവർത്തിയുടെ ഭിഷഗ്വരന്മാർ ചെയ്ത പ്രവൃത്തികളുടെ ന്യായീകരണം തേടിക്കൊണ്ട് ഹനിമാൻ ഒരു വെല്ലുവിളി പ്രസിദ്ധീകരിച്ചു. പൂർണ്ണമായ ഒരു ബുള്ളറ്റിൻ ഹാജരാക്കാമെന്ന് ഭിഷഗ്വരൻ വാഗ്ദാനം ചെയ്തെങ്കിലും പിന്നീടതുണ്ടായില്ല.[14] അതിലും ശക്തമായ ഒരു വെല്ലുവിളി ഹനിമാൻ നടത്തി. ഹോമിയോപ്പതിയിൽ താഴ്ന്ന പൊട്ടൻസിയിൽ ഉപയോഗിക്കുന്ന അക്കോണൈറ്റ് നൽകിയുള്ള ബദൽ ചികിത്സയെ ഖണ്ഡിക്കാൻ ആവശ്യപ്പെട്ടു കൊണ്ടുള്ളതായിരുന്നു ആ വെല്ലുവിളി. തന്റെ ജീവിതത്തിന്റെ ശേഷിച്ച 53 വർഷക്കാലം കഠിനാദ്ധ്വാനം ആവശ്യമായ തന്റെ സിദ്ധാന്തം 1790ന് രണ്ടു വർഷം മുമ്പാണ് കണ്ടെത്തിയത്. സ്റ്റോറ്ററിറ്റ്സ് എന്ന ചെറിയ ഗ്രാമത്തിൽ വെച്ചാണ് ഹനിമാൻ ആ മഹത്തായ കണ്ടുപിടിത്തം നടത്തിയത്. അവിടേക്ക് തന്റെ കുടുംബത്തേയും കൊണ്ടുപോയി. അദ്ദേഹത്തിന്റെ കുടുംബം വളരെ ദരിദ്രാവസ്ഥയിലാണ് കഴിഞ്ഞത്. വൈദ്യശാസ്ത്രത്തെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസം കാരണം പ്രാക്ടീസ് വളരെ അപൂർവ്വമായിരുന്നു. ഹനിമാൻ ഇപ്രകാരം പ്രസ്താവിച്ചു: *"അസുഖം നീട്ടിക്കൊണ്ടുപോകാൻ എന്റെ മനഃസാക്ഷി അംഗീകരിക്കുന്നില്ല. യഥാർത്ഥത്തിലുള്ള രോഗത്തേക്കാൾ രോഗം കൂടുതലാക്കാനും ഞാനിഷ്ടപ്പെടുന്നില്ല. സഹതാപവും സമാധാനത്തോടുള്ള സ്നേഹവും കാരണം ഞാൻ മൗനമവലംബിക്കുന്നു. അതുകൊണ്ട് ഞാൻ സ്ഥിരമായി നഷ്ടപ്പെട്ടവനാണ്.* [17]

എങ്കിലും അദ്ദേഹത്തിന് തുച്ഛമായ ഒരു വരുമാനമുണ്ടായിരുന്നു. വൈദ്യശാസ്ത്രഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തി ലഭിക്കുന്നതായിരുന്നു അത്. ഈ അവസ്ഥയിൽ ഇംഗ്ലീഷിലുള്ള ഒരു പ്രമുഖഗ്രന്ഥമായ 'A Treatise of the Materia Medica' വില്യം കുള്ളൻ എഴുതിയതായിരുന്നു അത്. പെറൂവിയൻ ബാർക്ക് (ക്വയിനാവ്) മലേറിയയുടെ ചികിത്സയിൽ ഫലപ്രദമാവുന്നത് അതിന് ആമാശയത്തെ ശക്തിപ്പെടുത്താനുള്ള ഗുണങ്ങൾ കാരണമാണെന്ന് കുള്ളൻ ചൂണ്ടിക്കാട്ടി. പക്ഷേ, ഹനിമാന് ഈ വിശദീകരണം ബോദ്ധ്യപ്പെട്ടില്ല. അതിനാൽ, ഹനിമാൻ സ്വന്തം ശരീരത്തിൽ ഒരു പരീക്ഷണം നടത്തി. നാല് ഡ്രാം (Drams) കൊയനാവ് ദിവസം രണ്ടു നേരം കുറേ ദിവസങ്ങളിൽ കഴിച്ചു. അപ്പോൾ മലേറിയൻ പനിയുടെ സവിശേഷമായ ലക്ഷണങ്ങൾ തനിക്ക് വന്നതായിക്കണ്ട് അദ്ദേഹം അത്ഭുതപ്പെട്ടു.[19] അവിശ്വസനീയമായ ഈ സംഭവം കാരണം തന്റെ പരിഭാഷയിൽ അടിക്കുറുപ്പായി. അദ്ദേഹം എഴുതി: ക്വയിനാവ് ഫലപ്രദമാവുന്നതിന്റെ കാരണം ആരോഗ്യവാനായ ഒരാളുടെ ശരീരത്തിൽ അത് കഴിച്ചാൽ മലേറിയക്ക് സമാനമായ ഒരവസ്ഥ സംജാതമാവുന്നതു അതുകൊണ്ടാണ്.

സർവ്വപ്രധാനമായ ഈ കണ്ടുപിടിത്തം കാരണം കൂടുതൽ പരീക്ഷണനിരീക്ഷണങ്ങളുടെ ഒരു പരമ്പര തന്നെ സമാനതയുടെ ഈ

പുതിയ സിദ്ധാന്തങ്ങളെക്കുറിച്ച് സ്വശരീരത്തിൽ നടത്താൻ ഹനീമാന്ന് ഒടുങ്ങാത്ത ആഗ്രഹമുണ്ടായി. ഉപബോധമനസ്സിന്റെ വ്യക്തമായ പ്രകടനമായി എന്തെങ്കിലും ഒരുപക്ഷേ, തന്നിൽ വന്നിട്ടുണ്ടാവുമെന്ന് അദ്ദേഹത്തിന് മനസ്സിലായി. മനുഷ്യകുലത്തിന്റെ രോഗങ്ങൾ ഭേദമാക്കാൻ ദൈവം തന്നെ ചില നിയമങ്ങൾ നൽകിയിരുന്നോ എന്ന് കണ്ടെത്താൻ അദ്ദേഹം ആഗ്രഹിച്ചു.[20] ഈ രോഗശമനസിദ്ധാന്തത്തിൽ എത്തിച്ചേർന്നത് അദ്ദേഹത്തിന്റെ ദൈവവിശ്വാസവും ആത്മവിശ്വാസവുമാണെന്ന് വൈദ്യശാസ്ത്രചരിത്രകാരനായ ജോസഫ് സ്മിഡ് പറയുന്നു. ഹനിമാന്റെ മതശാസ്ത്രപരമായ താഴെ ഖണ്ഡികയിൽ ഡോ. സ്മിഡ് വിലയിരുത്തുന്നു.

*ഒരുഭാഗത്ത് ദൈവം സ്നേഹവും ജ്ഞാനവുമാണെങ്കിലും മറുവശത്ത് മനുഷ്യസമൂഹം രോഗമനുഭവിക്കുന്നു. ഈ രോഗങ്ങൾക്ക് വിശ്വസനീയവും യുക്തിപൂർണ്ണവുമായ മാർഗ്ഗങ്ങളിലൂടെ രോഗശമനത്തിനുള്ള മാർഗ്ഗങ്ങളും നൽകിയിരിക്കുന്നു.*[21]

ദൈവം പ്രകൃതിയിൽ ഒരു 'സ്വയംശമന പ്രവണത' ഉണ്ടാക്കിയിരിക്കുന്നു. എന്നിരിക്കിലും ചിലപ്പോൾ അതിന് അല്പം സഹായവും ആവശ്യമായിരിക്കുന്നു. ഒരു പദാർത്ഥം ശരീരത്തിലുള്ള രോഗം ഉന്മൂലനം ചെയ്യുകയോ അല്ലെങ്കിൽ രോഗശമനമുണ്ടാക്കുകയോ അതുമല്ലെങ്കിൽ രോഗമുണ്ടാക്കുന്ന പ്രതികരണങ്ങളെ ഇല്ലാതാക്കുകയോ ചെയ്യുന്നു. ഒരു പ്രത്യേകരോഗത്തിന്റെ ശമനത്തിനായുപയോഗിക്കാവുന്ന ശരിയായ പദാർത്ഥം എങ്ങനെ കണ്ടെത്താം എന്നായിരുന്നു ഹനിമാന്റെ അടുത്ത ചോദ്യം. മലേറിയയുടെ കാര്യത്തിൽ ക്വയിനയാവാണ് അതിനുള്ള ഔഷധമെന്ന അത്ഭുതകരമായ നിരീക്ഷണം കൊണ്ട്, രോഗിയുടെ ലക്ഷണങ്ങൾ അതിലേക്കുള്ള സൂചനയാണെന്ന് അദ്ദേഹത്തിന് മനസ്സിലായി. സാധാരണ ഗതിയിൽ പ്രവർത്തനക്ഷമമായ യന്ത്രത്തിന്റെ പാളംതെറ്റൽ കൊണ്ടു മാത്രമായിരിക്കില്ല ലക്ഷണങ്ങൾ ഉണ്ടാവുന്നത് എന്നു വരാം. എന്നാൽ തത്വത്തിൽ ശരീരത്തിന്റെ ഭാഗത്തുനിന്നുള്ള ഒരു പ്രതിലോമകരമായ പ്രവർത്തനം രോഗകാരണമാകാം.[22] ശരീരത്തിന് രോഗത്തിന്നെതിരെ പ്രതിരോധിക്കാൻ സാധിക്കുന്നത് അതിന്റെ പൂർണ്ണവും സമഗ്രവുമായ പ്രതികരണത്തെ ഉദ്ദീപിപ്പിക്കാൻ സഹായകമായ വസ്തു ശരീരത്തിന് കിട്ടുമ്പോഴാണ്. ആരോഗ്യമുള്ള ഒരു വ്യക്തിയിൽ സമാനമായ ലക്ഷണങ്ങൾ ഉണ്ടാക്കാൻ പ്രാപ്തമായ അതേ വസ്തുതന്നെയാണ് രോഗം അനുഭവിക്കുന്ന രോഗിക്ക് രോഗം ഭേദമാവാൻ നൽകേണ്ടത്. മുകളിൽ കൊടുത്ത അതേ മാതൃകയിൽ പരീക്ഷണങ്ങൾക്കുശേഷം അതിനെക്കുറിച്ച് 1796ൽ ഹനിമാൻ 'ഹുട്ടലാന്റ്സ് ജേർണലി'ൽ 'പുതിയ തത്വത്തെ ക്കുറിച്ചുള്ള പ്രബന്ധം' പ്രസിദ്ധീകരിച്ചു. ഔഷധങ്ങളുടെ ശമനക്ഷമത ഉറപ്പുവരുത്താൻ ആദ്യമായി അദ്ദേഹം തന്റെ സിദ്ധാന്തം ക്രോഡീകരിച്ചു. ആ പ്രബന്ധത്തിൽ നിന്ന് വെളിപ്പെട്ട ഒരു ഭാഗം താഴെ കൊടുക്കുന്നു:

ഫലപ്രദമായ ഓരോ ഔഷധവും മനുഷ്യശരീരത്തിൽ ഒരു വിധത്തിലുള്ള രോഗമുണ്ടാക്കുന്നു. ഔഷധത്തിന്റെ വീര്യം കൂടുംതോറും രോഗത്തിന്റെ സവിശേഷതകളും ശക്തിയും കൂടുന്നു. നാം പ്രകൃതിയെ അനുകരിക്കണം. പ്രകൃതിയിൽ സ്ഥായിയായ അസുഖത്തിനിടയിൽ മറ്റൊരസുഖം വന്നാൽ സ്ഥായിയായ അസുഖം ഭേദമാവുന്നു. അതിനാൽ നാം ഒരു രോഗത്തിനുള്ള ഔഷധം കുറിച്ചുകൊടുക്കുമ്പോൾ പ്രത്യേകിച്ചും അസുഖം സ്ഥായിയായതാണെങ്കിൽ, മറ്റൊരസുഖത്തെ ഉദ്ദീപിപ്പിക്കാൻ ശക്തിയുള്ള ഔഷധം നൽകി ഒരു കൃത്രിമ രോഗം സൃഷ്ടിക്കുന്നു, സാധ്യമായേടത്തോളം സമാനമാണ് ഇത്. മുമ്പുണ്ടായിരുന്ന രോഗം ഭേദമാവുന്നു. സമാനമായത് സമാനമായതിനോട് പോരാടുന്നു.[23]

1796ൽ അങ്ങനെ ഹോമിയോപ്പതി ജന്മം കൊണ്ടു. ഗ്രീക്ക്ഭാഷയിൽ നിന്ന് ഹനിമാൻ കൂട്ടിച്ചേർത്താണ് ഹൊമേയിസ് (സമാനമായ) പാത്തോസ് (രോഗം) ഹനിമാൻ ലാറ്റിൻഭാഷയിലെ ശൈലിയാണ് ഉപയോഗിച്ചത്. സിമിലിയ സിമിലിബസ് കുരാന്റർ (സമാനമായതിനെ സമാനമായതുകൊണ്ട് ചികിത്സിക്കുക) ഇത് പുതിയ സിദ്ധാന്തത്തിന്റെ പ്രതീകാത്മകമായ പേരാണ്. അങ്ങനെ പുതിയ ജ്ഞാനങ്ങൾ ആർജിച്ച ഹോമിയോപതിയുടെ സ്ഥാപകൻ ലിപ്സിഗിലേക്ക് യാത്ര തിരിച്ചു. തന്റെ മെഡിക്കൽ പ്രാക്ടീസ് കൂടുതൽ ശക്തിയോടെയും ഒരു പുതിയ ദിശയിലും ആരംഭിച്ചു.[24] 1799 ആകുമ്പോഴേക്കും താനടക്കമുള്ള ആരോഗ്യമുള്ളവർക്ക് അപകടകരമായവിധം കഴിക്കാൻ നൽകിയ ഔഷധങ്ങളുടെ ഫലങ്ങളടങ്ങുന്ന രേഖകൾ ഹനിമാൻ ശേഖരിച്ചു. ഈ വിധത്തിലുള്ള തെളിയിക്കൽ ഹനിമാന്റെ ചില സഹപ്രവർത്തകരുടെ ശ്രദ്ധ പിടിച്ചുപറ്റി. അങ്ങനെ 'പ്രൂവേർസ് യൂനിയൻ' (Prover's Union) രൂപീകരിക്കപ്പെട്ടു.

1979ലെ സാംക്രമികവിഷജ്വരം ഹനിമാനെ സംബന്ധിച്ചേടത്തോളം തന്റെ ദൗത്യത്തിന്റെ പ്രാരംഭ കൃത്യനിർവ്വഹണം പോലെയായിരുന്നു. മൂന്നുപേർ വിഷജ്വരം ബാധിച്ച് മരണമടഞ്ഞ ഒരു കുടുംബത്തിലെ ഒരു പെൺകുട്ടിയെ ഹനിമാൻ മറ്റൊരു രോഗശമനത്തിനായി ബല്ലഡോണ കൊടുത്ത് ചികിത്സിക്കുകയായിരുന്നു. ബല്ലഡോണ ഒരു വിഷച്ചെടിയുടെ പഴത്തിൽ നിന്നാണുണ്ടാക്കുന്നത്. ദുർബ്ബലയായ അവൾക്ക് വിഷജ്വര ബാധയുണ്ടാ

യില്ലെന്ന് കണ്ട് ഹനിമാൻ അത്ഭുത പ്പെട്ടു. പിന്നീട് രോഗനിവാരണാർ ത്ഥം ആ മരുന്ന് കുറഞ്ഞ ഡോ സിൽ കൊടുത്തു. അത്ഭുതമെന്നു പറയട്ടെ, രോഗം ബാധിച്ചവരുമായി തുടർച്ചയായി ഇടപഴകിയിട്ടും അ വൾക്ക് രോഗം ബാധിച്ചില്ല. ഹോമി യോമരുന്നുകൾ നേർത്ത തോതിൽ കൊടുത്താൽ ഫലപ്രദമാണെന്ന് ഹനിമാൻ കണ്ടെത്തി. നേർപ്പിക്കു ന്നത് വർദ്ധിക്കുമ്പോൾ യഥാർത്ഥ ത്തിൽ കൂടുതൽ ഫലപ്രദമാണെന്ന നിഗമനത്തിൽ പിന്നീട് അദ്ദേഹം എത്തിച്ചേർന്നു.

1810 ആകുമ്പോഴേക്ക് ഹനി മാൻ തന്റെ പ്രസിദ്ധ കൃതിയായ 'ദി ഓർഗാനൻ ഓഫ് റേഷനൽ തെറാപു ട്ടിക്ക്സ്' (The Organon of Rational Therapeutics) പ്രസിദ്ധീകരിക്കാൻ തുടങ്ങി. അതിൽ ഖണ്ഡികളായി ഹോമിയോപ്പതിയുടെ വിശദീകരണ ങ്ങളായിരുന്നു. അതിനൊപ്പം നിർ ദ്ദേശങ്ങളും അലോപതിയെക്കുറിച്ച് വിമർശനവുമുണ്ടായിരുന്നു. യാഥാ സ്ഥികമായ വൈദ്യശാസ്ത്രത്തി നും തത്വശാസ്ത്രത്തിനും ഹനി മാൻ നൽകിയ പേര് അതായിരു ന്നു.[27] അടുത്ത 23 വർഷങ്ങൾക്കു ള്ളിൽ ഓർഗാനന്റെ അഞ്ച് എഡി ഷനുകൾ പ്രസിദ്ധീകരിക്കപ്പെട്ടു. 6-ാമത്തെയും അവസാനത്തെ യും പതിപ്പ് 1921ൽ ഇറങ്ങി. ഹനിമാന്റെ ചരമത്തിന് ഏകദേശം ഒരു നൂറ്റാ ണ്ടിനുശേഷമായിരുന്നു ഇത്. [28]

1799ലെ വിഷജ്വരബാധ തന്റെ ഹോമിയോപ്പതി ചികിത്സയെ പരി ഷ്കരിക്കാൻ ഹനിമാനെ സഹായി ച്ചു. 1831-32 കാലത്ത് ഏഷ്യയിലും യൂറോപ്പിലും പടർന്നുപിടിച്ച കോ ളറ ഹോമിയോപ്പതിക്ക് കൂടുതൽ പ്ര ചാരം നേടിക്കൊടുത്തു. കൂടാതെ വളരെയധികം അനുഗാമികളുമു ണ്ടായി. ഈ പകർച്ചവ്യാധിയെക്കു റിച്ച് പണ്ഡിതനായ ചരിത്രകാരൻ എഴുതുന്നു:

*1831ൽ നിഗൂഢവും മാരകവു മായ കോളറ ഏഷ്യയിൽ നിന്ന് മാറി അതിവേഗത്തിലും ഭയങ്കരശ ക്തിയിലും പാശ്ചാത്യയൂറോപ്യൻ രാജ്യങ്ങളിൽ വ്യാപിച്ചു. റഷ്യയിലും മലേഷ്യയിലും, ആസ്ത്രിയ, ഹങ്കറി എന്നീ രാജ്യങ്ങളിലും എണ്ണമറ്റ ആളുകൾ മഹാമാരി മൂലം മരിച്ചു. പ്രഷ്യയുടെ കിഴക്കൻ അതിർത്തി കളിൽ മുമ്പേ ഇത് ഈ രോഗം താണ്ഡവമാടിയിരുന്നു.*[30]

വരാൻ പോകുന്ന ദുരന്തത്തെ ക്കുറിച്ച് വിവരമറിഞ്ഞപ്പോൾ തന്നെ ഇതിനുള്ള ഫലപ്രദമായ ഹോമി യോ ഔഷധത്തെക്കുറിച്ച് ഗവേ ഷണം നടത്താൻ ഹനിമാൻ നിർബ ന്ധിതനായി. തുടക്കത്തിൽത്തന്നെ കർപ്പൂരത്തിന്റെ കണ്ടെത്തലോടെ പ്രശ്നം പരിഹരിക്കപ്പെട്ടു. വളരെ വേഗത്തിൽത്തന്നെ മേൽ ചികിത്സ ക്കായുള്ള നിർദ്ദേശങ്ങൾ ഹനിമാൻ പ്രസിദ്ധീകരിച്ചു. എങ്കിലും, ഹോമി യോപ്പതി ചികിത്സയോട് സ്വാധീന മുള്ള ചില അലോപ്പതിക്കാരുടെ എതിർപ്പുകാരണം ഈ നിർദ്ദേശ ങ്ങൾ കത്തുകൾ മുഖേന മാത്രമേ അയയ്ക്കാൻ സാധിച്ചുള്ളൂ. എ ങ്കി ലും അദ്ദേഹത്തിന്റെ പ്രതിവിധി യെ ക്കുറിച്ചുള്ള വിവരം പരന്നതോടെ വ്യാപകമായ നിലയിൽ മരുന്ന് ഉപ യോഗിക്കപ്പെട്ടു. അതിന്റെ ഫല പ്രാപ്തി പ്രശംസിക്കപ്പെട്ടു.[31] രക്ത സ്രാവത്തിനും ഛർദ്ദിക്കും അലോ പ്പതിക്കാർ നിർദ്ദേശിച്ച മരുന്നുകളേ ക്കാൾ കൂടുതൽ പലപ്രദമായിരുന്നു ഹോമിയോ മരുന്നുകൾ.[32]

മേൽസൂചിപ്പിച്ച പോലെ, ഹനി മാന്റെ മനസ്സിലുദിച്ച ഹോമിയോപ്പ തിയെ യാഥാസ്ഥിതിക വൈദ്യശാ സ്ത്രം നല്ല നിലയിലല്ല സ്വാഗതം ചെയ്തത്. ശ്രദ്ധയാകർഷിക്കുന്ന ഒരു പുതുമയായി അതിനെ അവ രൊട്ടു കരുതിയതുമില്ല. "അതിലു പരി അതിന്റെ തത്വങ്ങളെ പരിഹസി ക്കാനും നിയമസാധുതയില്ലാതാ ക്കാനും ഒരുപാട് ഊർജ്ജം ചിലവ ഴിക്കപ്പെട്ടിട്ടുണ്ട്. ഹോമിയോപ്പതി ഫലപ്രദമാണെന്ന് നിരീക്ഷിക്കപ്പെ ട്ടിട്ടും അലോപ്പതിക്കാർ അതിനെ തിരെ വിമർശനമുയർത്തി. അതിന വർ കണ്ടെത്തിയ കാരണങ്ങൾ (1) രോഗസിദ്ധാന്തത്തെക്കുറിച്ചുള്ള അ തിന്റെ അശാസ്ത്രീയമായ പ്രകൃതി (2) മരുന്നുപരിശോധനയെക്കുറിച്ചു ള്ള ആത്മനിഷ്ഠാപരത (3) ഹോമി യോപ്പതി ഡോസുകളുടെ അതിസൂ ക്ഷ്മമായ മാത്ര എന്നിവയായിരു ന്നു. അലോപ്പതിക്കാർ സ്വയം തന്നെ വിമർശനമുക്തരായിരുന്നെങ്കിൽ ആ ദ്യം പറഞ്ഞ രണ്ടു കാര്യങ്ങൾ ശ്ര ദ്ധേമാകുമായിരുന്നു. ഹനിമാന്റെ കാലത്തെ അലോപ്പതി വൈദ്യ ശാസ്ത്രം അശാസ്ത്രീയവും രോഗി കൾക്ക് ഹാനി വരുത്തുന്നതുമായി രുന്നുവെന്ന് ഇപ്പോൾ നമുക്കറി യാം.[34] അതിസൂക്ഷ്മമായ ഡോസു കളുടെ കാര്യത്തിൽ വിമർശനം അക്കാലത്ത് ന്യായീകരിക്കാമെ ങ്കിലും ഈയടുത്ത കാലത്ത് ക ണ്ടെത്തിയ ഹോർമോണുകൾ, കോ ശ സ്വീകരണികൾ, ബ്ലഡ് പ്രോട്ടീ നുകൾ എന്നിവ അലോപ്പതിക്കാ രുടെ വാദങ്ങളെ ഖണ്ഡിക്കുന്നു.

എന്നിരിക്കിലും ഹനിമാൻ സമ കാലീനരായവരെ കഠിനമായ നില യിൽ ആക്രമിക്കാതിരുന്നിട്ടില്ല. യഥാർത്ഥത്തിൽ അലോപ്പതിക്കെതി രായിരുന്നു ഹനിമാൻ. അദ്ധ്യാപന രംഗത്തുള്ള അലോപ്പതിക്കാർക്കു പോലും രോഗങ്ങളെക്കുറിച്ച് അറി വുണ്ടായിരുന്നില്ല. വെറും ആക സ്മികമായ സമീപനമാണ് രോഗങ്ങ ളോടുണ്ടായിരുന്നത്. അവയെക്കുറി ച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണ ങ്ങൾ വിവരിക്കാൻ ഒർഗാനനിൽ നിന്ന് തിരഞ്ഞെടുത്ത കാര്യങ്ങൾ മതിയാവും.

അലോപ്പതി ചികിത്സയിൽ രോ ഗത്തിന്റെ ഏറ്റവും ബുദ്ധിമുട്ടുണ്ടാ ക്കുന്ന ഒറ്റ ലക്ഷണം മാത്രം നോക്കി ഏറ്റവും വേഗത്തിൽ അതിന് ശമനം വരുത്തുന്നു. രോഗത്തിന്റെ മറ്റു പല ലക്ഷണങ്ങളും ശ്രദ്ധി

ക്കാതെ പോകുന്നു. എന്നിട്ട് പതിനഞ്ച് നൂറ്റാണ്ടുമുമ്പുള്ള മെഡിക്കൽ പഠനസിദ്ധാന്തസരണിയിലെ പരമ്പരാഗത നിയമപ്രകാരമുള്ള മരുന്നു തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട ആ മരുന്ന് താൻ ഭേദമാക്കാൻ ശ്രമിക്കുന്ന രോഗത്തിന്റെ നേർവിപരീതമാണ്. വേദനക്ക് അധിക ഡോസ് എന്നറിഞ്ഞുകൊണ്ടുതന്നെയാണ് കറിപ്പ് നൽകുന്നു. ഡയോറിയയ്ക്കും അതേ മരുന്നു കൊടുക്കുന്നു. നിദ്രയില്ലായ്മക്കും ഔഷധമായി അയാൾ കറിപ്പ് നൽകുന്നു. മലബന്ധത്തിനു വിരേചനൌഷധം നൽകുന്നു. തീ പൊള്ളിയ കൈകൾ ശീതജലത്തിൽ മുക്കുന്നു. വിറയലുളവാക്കുന്ന തണുപ്പ് അനുഭവപ്പെടുന്നുവെന്നു പരാതിപ്പെടുന്ന രോഗിയോട് ചൂടുവെള്ളത്തിൽ കുളിക്കാൻ നിർദ്ദേശിക്കുന്നു. ശക്തിഹീനതയുള്ള രോഗിക്ക് കുടിക്കാൻ വീഞ്ഞ് നൽകുന്നു. അതുവഴി പെട്ടെന്നുതന്നെ സജീവത്വവും ഉന്മേഷവും ഉണ്ടാകുന്നു. ഒരു സാധാരണ ഭിഷഗ്വരന് മേൽവിവരിച്ചവിധമുള്ള ശമനരീതികൾ മാത്രമേ അറിയുകയുള്ളൂ. സാധാരണ മെഡിക്കൽ സിദ്ധാന്തസരണികൾ ക്ക് അറിയുന്നത് വളരെ കുറഞ്ഞ പ്രാഥമിക പ്രവർത്തനങ്ങൾ മാത്രമാണ്.[35]

രോഗി അവതരിപ്പിക്കുന്ന ഒരു പ്രശ്നം പരിഹരിക്കുന്നതിന് പകരം അലോപ്പതിക്കാർ നൽകുന്ന ചികിത്സ വഴി രണ്ടാമത്തെ പ്രശ്നം ഉണ്ടാവുന്നു.

*സ്വാഭാവികമായി ഉണ്ടാവുന്ന രോഗങ്ങൾക്കൊപ്പം പുറമെ സങ്കീർണ്ണമായ ഒരു രോഗം അതേ ശരീരത്തിൽ വന്നാൽ സാധാരണ ഭിഷഗ്വരന്മാരുടെ ചികിത്സ വഴി കൂടുതൽ ദോഷകരമായ സങ്കീർണ്ണതകൾ ഉണ്ടാവുന്നു. അനുയോജ്യമല്ലാത്ത മരുന്നുകൾ തുടർച്ചയായ നിലയിൽ കൊടുത്താലാണ് ഈ ഫലങ്ങളുളവാകുന്നത്. അലോപ്പതി മരുന്നുകൾ രോഗിയുടെ ഒറ്റ രോഗത്തെ ഇരട്ടിയാക്കി മാറ്റുന്നു. അത് ആ രോഗം കൂടുതൽ മോശമാകാനും ഭേദമാവാൻ പ്രയാസവുമുണ്ടാക്കുന്നതുമായിത്തീരുന്നു. ചിലപ്പോൾ രോഗം മാറാവ്യാധിയായി മാറുന്നു.*[36]

യാഥാസ്ഥിതിക വൈദ്യശാസ്ത്ര രീതിയോട് അസഹിഷ്ണുത തോന്നിയ ഹനിമാൻ ഒരു നിലയിലും തന്റെ ഹോമിയോചികിത്സയെ യാഥാസ്ഥിതിക വൈദ്യശാസ്ത്രത്തോട് സംയോജിപ്പിക്കുകയുണ്ടായില്ല.

*അലോപ്പതി ചികിത്സ കാരണം ശരിക്കുള്ള ഒരു സ്ഥായിയായ രോഗം ഇല്ലാതാക്കുകയും ശമിപ്പിക്കാതിരിക്കുകയും ചെയ്യുന്നില്ലെന്നത് കൂടുതൽ കൃത്രിമ രോഗങ്ങൾ ഉണ്ടാക്കുകയും ചെയ്തു. ദിനേനയുള്ള അനുഭവം കൊണ്ട് അലോപ്പതി ചികിത്സാരീതി രോഗിയുടെ അവസ്ഥ കൂടുതൽ വഷളാക്കുകയും രോഗം മുമ്പത്തേതിലധികം ഭേദമാവാതിരിക്കുകയും ചെയ്യുന്നു. ഹെറ്ററോപ്പതിക്ക് അഥവാ അലോപ്പതിക്ക് ചികിത്സാരീതി ഹോമിയോപ്പതി രീതിയിലുള്ള ചികിത്സക്ക് എതിരാണ്. രോഗിയുടെ തൃപ്തിക്കനുസരിച്ച് ഈ രണ്ടു സമ്പ്രദായങ്ങളിലുള്ള ചികിത്സകളെ കൂട്ടിക്കലർത്തുന്നതിനെ രാജ്യദ്രോഹം പോലെയുള്ള കുറ്റമായേ കാണാനൊക്കൂ.*[37]

ഹോമിയോപ്പതി മാത്രമാണ് ശരിയായ ഏക ചികിത്സാ രീതി എന്നാണ് അദ്ദേഹം കണ്ടെത്തിയ നിഗമനം.

*ശുദ്ധമായ ഹോമിയോപ്പതി രീതിയിലുള്ള ചികിത്സയാണ് ശരിയായത്, അതായത് നേരായ മാർഗ്ഗം. അതായത് രോഗം ഭേദമാക്കാൻ മനുഷ്യന് തുറന്നുവെക്കപ്പെട്ടിട്ടുള്ള ഏക വഴി. രണ്ടു ബിന്ദുക്കൾ കൂട്ടിച്ചേർക്കാൻ വരയ്ക്കുന്ന നേർരേഖ പോലെയാണിത്.*[38]

ഹനിമാന്റെ ഹോമിയോപ്പതിയും അലോപ്പതിയും തമ്മിലുള്ള ശത്രുതകാരണം ഔഷധവ്യാപാരികൾ അലോപ്പതിക്കാരുമായി കൂട്ടുചേർന്നു ഹനിമാനെതിരിൽ പ്രചാരണം നടത്തി. എന്തെന്നാൽ ഹോമിയോപതിയിലെ നേർപ്പിച്ച മരുന്നുകൾ കൊണ്ട് കുറച്ച് ബിസിനസ്സേ നടക്കൂ. 1819തോടെ ഹനിമാൻ പ്രാക്ടീസ് ചെയ്യുന്ന ലീപ്സിഗിലെ ഔഷധവ്യാപാരികൾ ഹനിമാനെതിരിൽ ഒരു ആക്ഷേപം ഫയൽ ചെയ്തു. വാദിയുടെ തന്നെ അവകാശമായി നിയമം മുഖേന സമീപകാലത്ത് പരിമിതപ്പെടുത്തപ്പെട്ട വൈദ്യശാസ്ത്രത്തെ ഹനിമാൻ ഉപേക്ഷിക്കുകയാണെന്നായിരുന്നു പരാതി. പ്രതി സ്വയം തന്നെ, വളരെ വിപുലമായ രീതിയിൽ ഉപയോഗിക്കപ്പെടുന്ന “അപ്പോത്തക്കറീസ് ലെക്സിക്കൺ' എന്ന ഗ്രന്ഥത്തിന്റെ കർത്താവാണെന്നും അദ്ദേഹം സ്വയം തന്നെ ഒരു വിദഗ്ധ ഔഷധവ്യാപാരിയാണെന്നും ആക്ഷേപകർ പരാതിപ്പെട്ടു. കേസ്സിൽ ഹനിമാൻ തന്റെ നേർപ്പിച്ച മരുന്നുകൾ തയ്യാറാക്കാൻ ഔഷധവ്യാപാരികളെത്തന്നെ ആശ്രയിക്കേണ്ടി വന്നു. അത് ഹനിമാന്റെ ഉത്തരവാദിത്വമായിരുന്നെങ്കിലും തന്റെ എതിർകക്ഷിക്ക് വിട്ടുകൊടുക്കാൻ ആഗ്രഹിച്ചിരുന്നില്ല.

ആയതിനാൽ, 1821ൽ പിന്നേയും അദ്ദേഹം സഞ്ചരിച്ചു. ഇത്തവണ അദ്ദേഹം പോയത് കോതൻ എന്ന സ്ഥലത്തേക്കാണ്.[41] അവിടത്തെ ഭരണാധികാരി അൻഹാൾട്ട് കോതനിലെ ഡ്യൂക്ക് ഫെർഡിനന്റ് ആയിരുന്നു. അവിടെ പ്രാക്ടീസ് ചെയ്യാനും തന്റെ എഴുത്തുകൾ പ്രചരിപ്പിക്കാനും ഹനിമാന് സാധിക്കുമായിരുന്നു. എതിർപ്പുണ്ടായിട്ടും ഹോമിയോപ്പതി യൂറോപ്പ് മുഴുവൻ പ്രചരിച്ചു. അമേരിക്കൻ ഐക്യനാടുകളിലേക്കും കടന്നു. ഫ്രാൻസിലും അത് പ്രചാരം നേടാനാരംഭിച്ചു. അലോപ്പതിക്കാരും ഔഷധവ്യാപാരികളും പ്രീമിയർ ഗൈസോട്ടിനെ സമീപിച്ച് ഹോമിയോപ്പതി നിരോധിക്കണമെന്ന് അഭ്യർത്ഥിച്ചു. ആ അഭ്യർത്ഥന സ്വീകരിക്കുന്നതിന് പക

രം അദ്ദേഹം മറുപടി പറഞ്ഞു: ഹോമിയോപ്പതി വെറുമൊരു ഭാവനാസൃഷ്ടിയും വിലയില്ലാത്തതുമാണെങ്കിൽ അത് തകരും. അത് ഒരു പുരോഗതിയാണെങ്കിൽ നാം എത്ര തന്നെ അതിനെ നിർത്താൻ ശ്രമിച്ചാലും അത് പ്രചരിക്കുക തന്നെ ചെയ്യും. അക്കാഡമി ഇതിനെ എല്ലാറ്റിനുപരിയായിക്കാണുകയും ആഗ്രഹിക്കുകയും വേണം. അവരുടെ ദൗത്യം ശാസ്ത്രമുന്നേറ്റത്തെ വളർത്തുകയാണ് വേണ്ടത് കണ്ടുപിടിത്തങ്ങളെ പ്രോത്സാഹിപ്പിക്കുകയും വേണം.[42]

1836 ആകുമ്പോഴേക്കും തന്റെ 79-ാം വയസ്സിൽ ഹനിമാൻ രണ്ടാം വിവാഹം കഴിച്ചു. വധു ഒരു യുവ ഫ്രഞ്ച് കലാകാരിയായിരുന്നു. അവർ ഹനിമാന്റെ ജീവിതത്തിലെ അവസാനകാലത്ത് അദ്ദേഹത്തെ പിന്തുണച്ചു. അദ്ദേഹത്തിന്റെ അവസാന നീക്കം പാരീസിലേക്കായിരുന്നു.[43] 1843 ജൂലായ് മാസം 86-ാം വയസ്സിൽ ആധുനിക ഹോമിയോപ്പതിയുടെ സ്ഥാപകനും അതിനെ രൂപപ്പെടുത്തിയ ദേഹവുമായ ഹനിമാൻ അന്ത്യശ്വാസം വലിച്ചു. അദ്ദേഹത്തിന്റെ കല്ലറയിലെ സ്മാരകശിലയിൽ അനുയോജ്യമായവിധം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. Non Inutillis Vixi എന്നാണ് അതിന്റെ അർത്ഥം. 'ഞാൻ നിഷ്ഫലമായി ജീവിച്ചിട്ടില്ല'. ചരിത്രത്തിലേക്ക് നാം പിന്തിരിഞ്ഞുനോക്കുമ്പോൾ സമാനതാസിദ്ധാന്തം ആവിഷ്കരിച്ച ആദ്യത്തെ വ്യക്തി ഹനിമാൻ അല്ലെന്നു കാണുന്നു. എന്നാലും അതിന്റെ പ്രായോഗികത തെളിയിച്ചുകാട്ടുകയും അതിന്റെ യുക്തിപരമായ മാതൃക കാണിച്ചുതരികയും ചെയ്തത് ഹനിമാൻ തന്നെയാണ്. എന്നിരിക്കിലും പുരാതനഗ്രീസിലെ മഹാനായ ഭിഷഗ്വരൻ ഹിപ്പോക്രാറ്റസ് ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. "ഏതൊന്നിനെയാണോ അമർത്തപ്പെടുന്നത് അത് പനിയുണ്ടാക്കുന്നു. പനി ഉണ്ടാക്കുന്നതെന്തെന്നാണോ അത് അമർത്തപ്പെടുകയും ചെയ്യുന്നു." സമാനതാ നിയമം ആദ്യകാല അറേബ്യൻ രേഖകളിൽ കാണാം. അതിന്റെ വക്താവ് പാരാസെൽസസ് (Paracelsus) ആയിരുന്നു. എന്നാലും ഈ ആശയം വളരെ അവ്യക്തവും പലപ്പോഴും വ്യാഖ്യാനിക്കപ്പെട്ടത് യുക്തിഹീനമായ രീതിയിലുമായിരുന്നു. ഉദാഹരണമായി ചെവിയുടെ ആകൃതിയിലുള്ള ഒരു പുഷ്പം ഉപയോഗിച്ചാണ് ചെവിക്കുത്ത് ചികിത്സിച്ചിരുന്നത്.[46]

സമാനതാ നിയമത്തെ സനിഷ്കർഷം ക്രമീകരിച്ച ആദ്യത്തെ വ്യക്തി ഹനിമാൻ ആയിരുന്നു. അദ്ദേഹം ഒറ്റയ്ക്ക് ഒരു പദാർത്ഥത്തെ "തെളിയിക്കാ"നുള്ള രീതി കണ്ടുപിടിച്ചു. പിന്നീട് അതിന്റെ തയ്യാറാക്കലിനും പാക്കേജിംഗിനും കൃത്യമായ രീതികൾ സ്ഥാപിച്ചു. രസതന്ത്രത്തിലുള്ള അദ്ദേഹത്തിന്റെ പശ്ചാത്തലവും ആയിരക്കണക്കിലുള്ള ഔഷധങ്ങൾ പുനരവലോകനം ചെയ്തതും ഈ ഉദ്യമത്തിൽ അദ്ദേഹത്തെ ഒരു കുലപതിയാക്കി. ഒരു രോഗിയുടെ ലക്ഷണങ്ങളുടെ സൂക്ഷ്മമായ വിശദീകരണങ്ങൾ പകർത്തിയെഴുതാനുള്ള രീതിയും തന്റെ 'ഒർഗനോൻ'ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുവഴി കൃത്യമായ ഔഷധവിധി തീരുമാനിക്കാൻ അത് പുനരവലോകനം ചെയ്താൽ മതി.

തീർച്ചയായും ഹനിമാന്റെ ജീവിതം വ്യർത്ഥമായില്ല. അതിലുപരി അദ്ദേഹത്തിന്റെ ചരമവേളയിൽ ആ മഹാത്മാവ് നൂറ് ഹോമിയോപ്പതി മരുന്നുകൾ ശരിയാണെന്ന് തെളിയിച്ചിട്ടുണ്ടായിരുന്നു. സൂക്ഷ്മഗ്രാഹിയായ അദ്ദേഹത്തിന്റെ ബുദ്ധിയും അക്ഷീണമായ കഠിനയത്നങ്ങളും ദൈവത്തിലുള്ള വിശ്വാസവും അദ്ദേഹത്തെ ഹോമിയോപ്പതിയുടെ സ്ഥാപകനാക്കുക മാത്രമല്ല അതിനകത്തുതന്നെ വലിയ ചാലകശക്തിയാക്കി. അദ്ദേഹം തന്റെ 'ഒർഗാനൻ' എന്ന ഗ്രന്ഥത്തിന്റെ ശീർഷകത്തിൽ കൊടുത്ത ഉദ്ധരണിയിൽ തന്റെ കണ്ടുപിടിത്തത്തിന്റെ അനുഭവം രേഖപ്പെടുത്തിയിരിക്കുന്നു.

ഒരു യഥാർത്ഥ കണ്ടുപിടിത്തക്കാരന്റെ കഥയുടെ അനുയോജ്യമായ അവസാനമായി അത് നിലകൊള്ളുകയും ചെയ്യുന്നു.

മുഴുവൻലോകവും സംതൃപ്തമാകുന്ന സത്യം നമ്മെ സന്തോഷിക്കുന്നു! എന്നെന്നേക്കുമായി നിലകൊള്ളുന്നു. അഗാധതയിൽ അടക്കം ചെയ്യപ്പെട്ടിട്ടില്ല. പക്ഷേ, മനുഷ്യർക്ക് അത് വിധിച്ച ബുദ്ധിയുടെ ഹസ്തം അതിനെ ലഘുവായ രീതിയിൽ മൂടിയിരിക്കുന്നു.

**(The Review of Religions, June 1995)**

**വിവ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്**

***ലേഖനത്തിൽ പ്രതിപാദിച്ച റഫറൻസ് ഗ്രന്ഥങ്ങൾക്ക് The Review of Religions, June 1995 നോക്കുക.***



**ഖാദിയാനിൽ നിന്ന് വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കി (ഹിഫ്ളുൽ ഖുർആൻ കോഴ്സ്) പാസായ കെ.വി. മുഹമ്മദ് അബുൽ വഫാ.**

**സക്കീന സാഹിബ, കെ.വി. ഹസ്സൻകോയ സാഹിബ് (കോഴിക്കോട്) ദമ്പതികളുടെ പുത്രനാണ്.**

വാഗ്ദത്ത മസീഹിന്റെ ജീവചിത്രം ലേഖനപരമ്പര - 11

ലേഖനം

ഏ.ക്യു. മഹ്ദി

# ഒന്നാം ഖലീഫ ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ്

**കാശ്മീർ രാജാവിന്റെ കൊട്ടാരവൈദ്യനും മഹാജ്ഞാനിയുമായിരുന്ന മൗലാനാ നൂറുദ്ദീൻ ഖാദിയാനിൽ വന്ന് ഹദ്റത്ത് അഹ്മദി(അ)ന്റെ ശിഷ്യത്വം സ്വീകരിക്കുകയായിരുന്നു.**

ഖാദിയാൻ ഒരു കുഗ്രാമമായിരുന്നു; ഇൻഡ്യയുടെ തെക്കു കിഴക്കേ മൂലയിലുള്ള തീരെ ചെറിയ ഒരു ഗ്രാമം. 'ബറാഹീനെ അഹ്മദിയ്യ' പ്രസിദ്ധീകരിക്കുംവരെ ഹദ്റത്ത് അഹ്മദ് (അ) ആരാലും അറിയപ്പെട്ടിരുന്നില്ല. വിജനമായ ആ ഗ്രാമപ്രദേശത്ത്, ഏതാനും ചില സ്നേഹിതന്മാരും, പരിസേവകന്മാരും ഇടയ്ക്കിടെ അദ്ദേഹത്തെ സന്ദർശിച്ചുകൊണ്ടിരുന്നതൊഴികെ, അദ്ദേഹം ഏകമൂകമായ ഒരു ജീവിതമാണ് നയിച്ചിരുന്നത്.

'ബറാഹീൻ' പ്രസിദ്ധീകരിക്കപ്പെട്ടതോടെ,അതു വായിക്കാനിടവന്ന പലരും, ഈ അതിമഹത്തായ ദിവ്യഗ്രന്ഥത്തിന്റെ കർത്താവിനെ കാണുവാനായി ഖാദിയാൻ ഗ്രാമത്തിൽ വന്നുതുടങ്ങി.

1885-ൽ ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് (റ), ഖാദിയാനിൽ വന്നു. ഏതാണ്ട് ഇതേകാലത്തുതന്നെയാണ് പ്രസിദ്ധരായ മറ്റു പല സഹാബിമാരും ആ ഗ്രാമം സന്ദർശിച്ചത്. എന്നാൽ, ഹ: മൗലാനാ നൂറുദ്ദീൻ സാഹിബിന്റെ ആഗമനം ചരിത്രത്തിൽ പ്രധാന്യമർഹിക്കുന്ന ഒരു മഹൽസംഭവമായിത്തീർന്നു.

ബറാഹീനെ അഹ്മദിയ്യയിൽ പ്രസിദ്ധീകരിക്കപ്പെട്ട ദിവ്യവെളിപാടുകളിൽ, തനിക്ക് ലഭിക്കുവാൻ പോകുന്ന ഖ്യാദിയെയും ഖാദിയാനു കിട്ടുവാനിരിക്കുന്ന പ്രശസ്തിയെയും പറ്റി വ്യക്തമായ പ്രവചനങ്ങളുണ്ടായിരുന്നു.

ഹദ്റത്ത് അഹ്മദ് (അ)നു ലഭിച്ച ഒരു വെളിപാടിതാണ്.

*''യഅ്ത്തീക്ക മിൻ കുല്ലി ഫജ്ജിൻ അമീഖ്, വയഅ്തൂന മിൻകുല്ലി ഫജ്ജിൻ അമീഖ്''.*

'ജനങ്ങൾ നാനാഭാഗങ്ങളിൽ നിന്നും നിന്റെയടുക്കൽ വന്നെത്തും.' വല്ലപ്പോഴുമൊരിക്കൽ ഒന്നോരണ്ടോ അതിഥികൾ മാത്രം ഖാദിയാനിൽ വന്നെത്തുമായിരുന്ന ആ കാലത്താണ് ഈ പ്രവചനം പ്രസിദ്ധപ്പെടുത്തിയിരുന്നത്.

ജമ്മു കാശ്മീർ മഹാരാജാവിന്റെ കൊട്ടാരവൈദ്യൻ എന്ന നിലയിലും, ഒരു വലിയ പണ്ഡിതനെന്ന നിലയിലും മുമ്പുതന്നെ പ്രശസ്തനായിരുന്നു ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി (റ). അദ്ദേഹമാണ്, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ദർശനം തേടി ഖാദിയാൻ എന്ന കുഗ്രാമത്തിൽ എത്തിയിരിക്കുന്നത്. കാലം 1885.

അദ്ദേഹം പ്രശസ്തനായ ഒരു വൈദ്യൻ മാത്രമായിരുന്നില്ല. ഖുർആൻ, ഹദീസ്, സാഹിത്യം, തർക്കശാസ്ത്രം, തത്വജ്ഞാനം എന്നിവയിലുമൊക്കെ അസാമാന്യ പാണ്ഡിത്യം കരസ്ഥമാക്കിയ വ്യക്തിയുമായിരുന്നു. അനുഗ്രഹീതനായ ഒരു എഴുത്തുകാരനും അനുപമനായ ഒരു വാഗ്മിയുമായിരുന്നു. ഹിന്ദുക്കളും, സിക്കുകാരും, ക്രിസ്ത്യാനികളും, ബ്രഹ്മസമാജികളും, നാസ്തികരുമൊക്കെ അദ്ദേഹത്തെ ബഹുമാനാദരവുകളോടെയാണ് വീക്ഷിച്ചിരുന്നത്. സർ സയ്യിദ് അഹ്മദ് ഖാൻ ഒരിക്കൽ അദ്ദേഹത്തെപറ്റി ഒരു കത്തിൽ പ്രകടിപ്പിച്ച അഭിപ്രായത്തിൽ നിന്ന് ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബിനു കല്പിക്കപ്പെട്ടിരുന്ന സ്ഥാനമെന്തെന്നു മനസ്സിലാക്കാം. സർ സയ്യിദ് എഴുതി:

'അജ്ഞർ അഭിവൃദ്ധിപ്പെട്ടാൽ

വിദ്വാൻ ആയി മാറുന്നു, വിദ്വാൻ ഉയർന്നാൽ തത്വജ്ഞാനി. തത്വജ്ഞൻ വളർന്നാൽ സൂഫി. സൂഫിയും ഉയർന്നാൽ മൗലാനാ നൂറുദ്ദീൻ ആയിത്തീരുന്നു.''

ഇതാ, ഒരു ദൈവനിയോഗത്തിന്റെ കഥ ഇവിടെ ചുരുളഴിയുന്നു; അതിങ്ങനെ.

തന്റെ മതപരമായ കർത്തവ്യഭാരം ചുമക്കുന്നതിന് ഒരു സഹായിയെ നൽകുന്നതിനായി ഹദ്റത്ത് അഹ്മദ് (അ) ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അങ്ങിനെ ഒരു ഫാറൂഖിനെ കുറിച്ചുള്ള സുവിശേഷം അദ്ദേഹത്തിനു ലഭിച്ചു. ആരായിരുന്നു ആ സഹായി....?

ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് 1841-ൽ പഞ്ചാബിൽ ശാഹ്പൂർ ജില്ലയിലെ ഭേരാ എന്ന സ്ഥലത്തു ജനിച്ചു. ഹദ്റത്ത് ഉമർ ഫാറൂഖിൽ നിന്നാണ് അദ്ദേഹത്തിന്റെ വംശാവലി ആരംഭിക്കുന്നത്. ആറു ജ്യേഷ്ഠന്മാരും രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു അദ്ദേഹത്തിന്. ഉമർ(റ)-ൽ നിന്ന് നേരിട്ട് 34-ാമത്തെ തലമുറയിൽ ഖുറൈഷി വംശത്തിലും ഹാശിം കുടുംബത്തിലും ആണ് അദ്ദേഹം ജനിച്ചത്. പന്ത്രണ്ടാം വയസ്സിൽ ലാഹോറിൽ വച്ച് പേർഷ്യനും അറബിയും പഠിച്ചു. സ്കൂൾ വിദ്യാഭ്യാസം റാവൽപിണ്ടിയിലായിരുന്നു. വിദ്യാഭ്യാസാനന്തരം ഒരു സ്കൂൾ ഹെഡ്മാസ്റ്ററായി നാലുകൊല്ലം സേവനമനുഷ്ഠിച്ചു. ഇതിനിടെ മതവിഷയങ്ങളിലും വൈദ്യശാസ്ത്രത്തിലും പ്രത്യേക പഠനം നടത്തി. വിജ്ഞാന സമ്പാദനാർത്ഥം റാംപൂർ, റോഹിൽ ഖണ്ഡ് തുടങ്ങിയ സ്ഥലങ്ങളിൽ യാത്ര നടത്തുകയുണ്ടായി. പിന്നീട് ഹജ്ജ് കർമ്മം നിർവ്വഹിച്ചു. മദീനയിൽ ഒരു കൊല്ലം താമസിച്ച്, മടങ്ങിവന്ന് ജമ്മു മഹാരാജാവിന്റെ കൊട്ടാരം വൈദ്യനായി.

1885 മാർച്ച് 8, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം തന്റെ ജീവിതത്തിലെ ഏറ്റവും പ്രധാന ദിവസമായി മാറി. അന്നാണ് ഹദ്റത്ത് അഹ്മദ് (അ)ൽ നിന്നും ഒരു കത്ത് ആദ്യമായി അദ്ദേഹത്തിനു ലഭിക്കുന്നത്.

ജമ്മുവിൽ രാജകീയ വൈദ്യനായി ജോലിചെയ്യവേയാണ് ദിവ്യ അടയാളങ്ങൾ കാണിക്കാമെന്ന് അറിയിച്ചുകൊണ്ടുള്ള ഹദ്റത്ത് അഹ്മദി (അ)ന്റെ ആ വിജ്ഞാപനം കാണാനിടവന്നത്. അങ്ങിനെയാണ്, അദ്ദേഹം ആ പുണ്യാത്മാവിനെപ്പറ്റി ആദ്യമായറിഞ്ഞത്. ഹദ്റത്ത് അഹ്മദ് (അ)ന്റെ ആ വിജ്ഞാപനം ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ കൈയിൽ വന്നു ചേർന്നത്, കാശ്മീർ മഹാരാജാവിന്റെ പ്രധാനമന്ത്രിയിൽ നിന്നാണ്. പിന്നീടാണ് 'ബറാഹീനെ അഹ്മദിയ്യ' എന്ന മഹൽ ഗ്രന്ഥം അദ്ദേഹം കാണാനിട വന്നത്. അതോടുകൂടി വിജ്ഞാപന കർത്താവിനെ നേരിൽ കാണാൻ ഉൽക്കടമായ ആഗ്രഹം ജനിച്ചു. അങ്ങിനെ ജമ്മുവിൽ നിന്നും ഖാദിയാനിലേയ്ക്കു പുറപ്പെട്ടു.

തന്റെ ആ ആദ്യസന്ദർശനത്തെപ്പറ്റി ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബ് (റ)യുടെ വാക്കുകളിൽ തന്നെ കേൾക്കാം.

''ഞാൻ ഖാദിയാനിൽ നിന്നു തന്നെ വാടകയ്ക്കെടുത്ത ഒരു കുതിരവണ്ടിയിലാണ് മിർസാ ഗുലാം അഹ്മദ് (അ)ന്റെ താമസസ്ഥലം തേടിയെത്തിയത്. എന്റെ വണ്ടി നിർത്തിയ സ്ഥലത്തിനടുത്ത് വലിയ മിഹ്റാബോടുകൂടിയ ഒരു പ്രവേശനകവാടം ഉണ്ടായിരുന്നു. അവിടെ ഒരു കട്ടിലിൻമേൽ വളരെ ഗൗരവഭാവമുള്ള ഒരാൾ ഇരിക്കുന്നുണ്ടായിരുന്നു...''

''ഞാൻ എന്റെ വണ്ടിക്കാരനോട് മിർസാ സാഹിബിന്റെ വസതി ഏതെന്നു ചോദിച്ചു. കട്ടിലിൽ ഇരിക്കുകയായിരുന്ന ആ ഗംഭീരാകാരനായ താടിക്കാരനെ കൈചൂണ്ടിക്കാണിച്ചുകൊണ്ട്, അതുതന്നെയാണ് മിർസാ സാഹിബ് എന്നയാൾ പറഞ്ഞു....''

''ആ രൂപം കണ്ടമാത്രയിൽ ഞാനൊന്നു പതറി. ഞാനിതാ തിരിച്ചുവരുന്നുവെന്നും നമുക്കു ഒന്നിച്ചുതന്നെ മടങ്ങാമെന്നും ഞാൻ കുതിരവണ്ടിക്കാരനോടു പറഞ്ഞു. ഒരു നിമിഷം പോലും എനിക്കവിടെ നിൽക്കാൻ തോന്നിയില്ല; കട്ടിലിൻമേൽ ഇരിക്കുന്ന ആ ദീർഘകായന്റെ രൂപം എന്നിലുളവാക്കിയ അറപ്പും അന്ധാളിപ്പും അത്രമാത്രമുണ്ടായിരുന്നു. മനസ്സില്ലാമനസ്സോടെ ഞാൻ 'ആ' മിർസാ സാഹിബിനടുത്തെത്തി. ആ വ്യക്തിയോടു എനിക്കു തോന്നിയ വിരക്തിയും നീരസവും വാക്കുകളിലൂടെ വിവരിക്കാനാവില്ല. ആ മനുഷ്യനു സലാം പറയാൻ പോലും എനിക്കു തോന്നിയില്ല; അയാളുടെ രൂപം അത്ര കണ്ട് എന്നിൽ വെറുപ്പുളവാക്കിയിരുന്നു. എന്റെ മനസ്സിൽ ആ നിമിഷം പൊന്തിവന്ന വികാരങ്ങളും വിഷമങ്ങളും വിവരിക്കുവാൻ എനിക്കു മടിയുണ്ട്. ഞാൻ എന്തിനിവിടെ വരാനിടവന്നു എന്നുപോലും ഒരു ദുർബല നിമിഷത്തിൽ ഞാൻ ചിന്തിച്ചുപോയി. ഇങ്ങിനെ വല്ലാത്തൊരവസ്ഥയിൽപെട്ട് ഞാൻ വിഷണ്ണനായി നിൽക്കുമ്പോഴാണ് ആ മനുഷ്യന്റെ, ആ മിർസയുടെ പരുക്കൻ ശബ്ദം കേട്ടത്.

'നിങ്ങൾ എവിടെ നിന്നു വരുന്നു....?'

മലപ്രദേശത്തു നിന്ന്....' തെല്ലു നീരസപൂർവ്വം ഞാൻ ഉത്തരവും പറഞ്ഞു.

'നൂറുദ്ദീൻ എന്നാണോ നിങ്ങളുടെ പേര്. ജമ്മുവിൽ നിന്നാണു വരുന്നത് അല്ലേ...? മിർസാ സാഹിബിനെ കാണാൻ വന്നതായിരിക്കും....' ആ മനുഷ്യന്റെ ഈ വാക്കുകളാണ് എനിക്ക് ഒരു പുതിയ

*(ശേഷം 38 - ൽ)*

ലേഖനം

മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ്

# സാമ്പത്തിക മൂല്യങ്ങൾ (തുടർച്ച)

## ഖുർആൻ നിർദ്ദേശിക്കുന്ന സാമ്പത്തിക മൂല്യങ്ങളാണ് മനുഷ്യന് സമാധാനപരമായ സാമൂഹിക ജീവിതവും വ്യക്തിജീവിതവും സമ്മാനിക്കുന്നത്.

കമ്പോളത്തെ കുറിച്ചും വില നിലവാരത്തെകുറിച്ചുമുള്ള അറിവില്ലായ്മ മുതലെടുക്കപ്പെടാനിടയുള്ളത് ഒഴിവാക്കാൻവേണ്ടിയാണിത്. വിശുദ്ധഖുർആനിൽ അളവുതൂക്കങ്ങൾ കൃത്യമായി പാലിക്കുന്നതിനെ കുറിച്ച് കർശനമായ നിർദ്ദേശങ്ങളുണ്ട്. (26:182-185). അളവിൽ കുറക്കുന്നവർക്ക് മഹാനാശം. ജനങ്ങളിൽ നിന്ന് അളന്നുവാങ്ങുമ്പോൾ അവർ പൂർത്തിയാക്കിവാങ്ങുകയും, അവർക്ക് അളന്നുകൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ചെയ്യുമ്പോൾ അവർ കുറക്കുകയും ചെയ്യുന്നു. (83:2-4).

ഭയാനകമായ ഒരുനാളിൽ എഴുന്നേൽപ്പിക്കപ്പെടുമെന്ന് ഇക്കൂട്ടർ അറിയുന്നില്ലേ, മനുഷ്യരൊന്നടങ്കം പ്രപഞ്ചനാഥന്റെ മുന്നിൽ എത്തുന്ന നാളിൽ നല്ലവസ്തുക്കൾക്ക് പകരമായി കേടായതോ ഉപയോഗമില്ലാത്തതോ ആയവ നൽകരുത് (4:3). ചുരുക്കത്തിൽ ഉന്നതമായ സത്യസന്ധതക്കും നിരക്കാത്ത എല്ലാ ഇടപാടുകളും ഉപേക്ഷിക്കേണ്ടതാണ്. തീർച്ചയായും വഞ്ചകരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല (8:59).

ചൂതുകളി വിരോധിക്കപ്പെട്ടതാണ്, എന്തുകൊണ്ടെന്നാൽ അത് കലഹവും വെറുപ്പും വർദ്ധിപ്പിക്കുകയും അതിലേർപ്പെട്ടിരിക്കുന്നവരെ ദൈവസ്മരണയിൽനിന്നും നമസ്കാരത്തിൽനിന്നും അകറ്റിക്കൊണ്ടുപോകുകയും ചെയ്യുന്നു. അങ്ങിനെ അതിൽനിന്നും ലഭിക്കാവുന്ന എന്തെങ്കിലും നേട്ടങ്ങളുണ്ടെങ്കിൽ അതിനേക്കാളേറെയായി വൻ വിപത്തുകൾക്കു വഴിവെക്കുന്നു. (2:220; 5:91) ചൂതുകളി ആളുകളെ വളരെ പെട്ടെന്ന് അനർഹമായ സമ്പത്തിനുടമയാക്കുന്നു. അങ്ങിനെ അത് ധാരാളിത്തത്തിന് പ്രചോദനമാവുന്നു. ചൂതുകളിയിൽ മുഴുകുന്നത് സർവ്വ നാശത്തിനും കഷ്ടതക്കും വഴിയൊരുക്കുന്നു. നിയമവിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ സ്വത്ത് സമ്പാദിക്കുന്നത് നിഷിദ്ധമാണ്, കാരണം അത് ഒടുക്കം സമൂഹത്തെതന്നെ നശിപ്പിക്കുന്നു (4:30).

അന്യായമായി സ്വത്തും മുതലും കൈവശപ്പെടുത്തുന്നതും തെറ്റാണ്. കോഴകൊടുത്തും തെറ്റായ തെളിവുകൾനിരത്തിയും അനുകൂലമായ വിധി സമ്പാദിച്ച് സ്വത്തിനുമേൽ അവകാശം നേടിയെടുക്കുന്നതും നിയമവിരുദ്ധമാണ്(2:189). റസൂൽ(സ) അരുൾചെയ്യുന്നു, തർക്കത്തിലിരിക്കുന്ന ഏതെങ്കിലും വിഷയത്തിൽ ഒരു കക്ഷി ശരിയല്ലെന്നറിഞ്ഞുകൊണ്ടുതന്നെ അനുകൂല വിധി സമ്പാദിക്കുന്നെങ്കിൽ അതിൽനിന്ന് എന്തെങ്കിലും ഗുണത്തിനുപകരം അയാൾ തനിക്കായി അഗ്നിയെയാണ് സമ്പാദിക്കുന്നത്.*(ബുഖാരി)*

നിയമവിധേയമായി ആർജ്ജിച്ച സ്വത്തുക്കൾ ദൈവാനുഗ്രഹത്താൽ ജീവനോപാധിയായി അവനിൽ നിന്ന് ലഭിച്ചവയാണ്. അവ അനാസ്ഥ കാരണം നശിപ്പിക്കപ്പെടാതെ ശരിയായ രീതിയിൽ പരിപാലിക്കേണ്ടതാണ്. കാര്യപ്രാപ്തിയില്ലാത്ത ഒരാൾക്ക് അവന്റെ സ്വത്ത് നശിപ്പിക്കപ്പെടുമാറ് വിട്ടുക്കൊടുക്കരുത്. അയാൾക്ക് വേണ്ടി അവ നോക്കിനടത്തുകയും അതിൽനിന്നുള്ള ആദായത്തിൽ നിന്ന് ചിലവിനുനൽകുകയും ചെയ്യുക (4:6).

പിശുക്ക് തികച്ചും നിഷേധാത്മകവും വിനാശകരവുമായ അവസ്ഥാവിശേഷമായാണ് വിധിക്കപ്പെട്ടിരിക്കുന്നത്. അതേസമയം മറുവശത്ത് ആഡംബരവും പൊങ്ങച്ചവും വിരോധിച്ചിരിക്കുന്നു. എന്നാൽ സമ്പന്നനായ ഒരുവ്യക്തി മറ്റുള്ളവരെ സഹായിക്കേണ്ടിവന്നേക്കുമോ എന്ന ഭയത്താൽ ദാരിദ്ര്യം നടി

ക്കുന്നത് ശരിയല്ല. അങ്ങിനെ ചെയ്യു കവഴി ഫലത്തിൽ അയാൾ സ്വയം തന്നെ ദരിദ്രനാകുകയും ദൈവ ത്തിൽ നിന്ന് ലഭിക്കേണ്ട അനുഗ്രഹ ങ്ങളെ നഷ്ടപ്പെടുത്തുകയുമാണ് ചെയ്യുന്നത് (4:38). പിശുക്കന്റെ സ മ്പത്ത് അവന് ഗുണകരമാവുന്ന തിന് പകരം ഒരുപ്രതിബന്ധമായി ത്തീരുകയും ധാർമ്മികവും ആത്മീ യവുമായ പുരോഗതിയെ തടയു കയും ചെയ്യുന്നു (3:181). മറുവ ശത്ത് ധൂർത്തും നിഷിദ്ധമാണ്. മറ്റു ള്ളവരിൽനിന്ന് തിരിച്ച് വല്ലതും പ്രതീക്ഷിച്ചുകൊണ്ട് സഹായം ചെ യ്യുകയോ തന്റെ വിഭവങ്ങൾ പങ്കു വെക്കുകയോ ചെയ്യരുത്.(17:30).

പൂഴ്ത്തിവെപ്പ് പൂർണ്ണമായും തടയപ്പെട്ടിരിക്കുന്നു, കാരണം അത് സമ്പത്തിന്റെ വ്യാപനത്തെ തടയു കയും ഉടമസ്ഥനും സമൂഹത്തിനു മുഴുവനായും അതിൽനിന്നുള്ള നേ ട്ടം നിഷേധിക്കപ്പെടുകയും ചെയ്യു ന്നു (9:34). ദൈവം മാത്രമാണ് സ്വാ ശ്രയൻ എന്നതാണ് യാഥാർത്ഥ്യം. എല്ലാപുരോഗതിയുടെയും ഉറവിടം അവനാണ്. മനുഷ്യനാണ് ആവശ്യ ക്കാരൻ. പുരോഗതി പ്രാപിക്കുന്നത് ലുബ്ധിലൂടെയോ സമ്പത്ത് കൂട്ടി വെക്കുന്നതിലൂടെയോ അല്ല, മറിച്ച് സൽകർമ്മങ്ങൾക്കായി ചിലവ് ചെയ്യുന്നത് വഴിയാണ്. അതായത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചില വഴിക്കുക, അവന്റെ സൃഷ്ടികളുടെ സേവനത്തിനായി. (47:39)

മുൻപേ പറഞ്ഞതുപോലെ സ്വത്ത് ഉപയോഗിക്കാനുള്ള അവ കാശം നിക്ഷിപ്തമായിരിക്കുന്നത് അതിന്റെ ഉടമസ്ഥനിൽ മാത്രമല്ല. അതിൽനിന്ന് ചോദിക്കുന്നവർക്കും, ചോദിക്കാൻ കഴിവില്ലാത്തവർക്കും, ചോദിക്കാത്ത ആവശ്യക്കാർക്കും തങ്ങളേക്കാൾ സാമ്പത്തികശേഷി യുള്ളവരുടെ മുതലിൽനിന്ന് അവ കാശമുണ്ട്. എന്തുകൊണ്ടെന്നാൽ എല്ലാസമ്പത്തും അല്ലാഹുവിൽനി ന്നുള്ള അനുഗ്രഹങ്ങളാണ്. മനു ഷ്യകുലത്തിന്റെ ഗുണത്തിനായി അവൻ ഒരുക്കിയിട്ടുള്ള വിഭവങ്ങളു പയോഗിച്ചാണ് അവ ആർജ്ജിക്കു ന്നത് (51:20). അതിനാലാണ് വിശു ദ്ധ ഖുർആൻ നിർദ്ദേശിക്കുന്നത്, ബന്ധുക്കൾക്കും, അഗതികൾക്കും, യാത്രക്കാരനും അവന്റെ അവ കാശം നൽകുക (30:39). ഇക്കാര്യ ത്തെകുറിച്ച് വിശുദ്ധ ഖുർആൻ ശക്തമായി ഉത്ബോധിപ്പിക്കുന്നുണ്ട്. സഹായം നൽകേണ്ടത് അത് ലഭി ക്കേണ്ടവന്റെ ആവശ്യവും നൽകു ന്നവന്റെ കഴിവുമനുസരിച്ചാണ്. സഹായിക്കുന്നത് തരിച്ചെന്തെ ങ്കിലും നേട്ടം പ്രതീക്ഷിച്ചുകൊണ്ടാ വരുത്.(17:27; 74:7)

മനുഷ്യന് അനുയോജ്യമായ രീതിയിൽ കഴിവുകളും പ്രവർത്ത നശേഷിയും പ്രധാനം ചെയ്യുകയും ജീവിതത്തിന്റെ സമസ്ത മേഖലക ളിലും ആ കഴിവുകളെ പരമാവധി വികസിപ്പിക്കാനുതകുമാറ് പ്രപഞ്ച ത്തെ മനുഷ്യനന്മക്കായി ഒരുക്കിത രികയും ചെയ്തത് അല്ലാഹുവിന്റെ അതിമഹത്തായ ഔദാര്യമാണ്. എന്നാൽ ചിലയാളുകളിൽ തങ്ങ ളുടെ കഴിവുകളെ സഹജീവിക ളുടെ സേവനത്തിനായി ഉപയോഗ പ്പെടുത്താൻ വിസമ്മതിക്കുന്ന പ്രവ ണതയാണ് കാണുന്നത്. തികച്ചും സ്വാർത്ഥമായ ഒരു വീക്ഷണത്തിൽ പോലും ഏറ്റവും ഗുണകരമായത്, ചിലവുചെയ്യാതെ ലുബ്ധ് കാണി ക്കുന്നതിനേക്കാൾ സൽകർമ്മങ്ങൾ ക്കായി ചിലവഴിക്കുകയാണെന്ന കാര്യം അവർ തരിച്ചറിയുന്നില്ല. വ്യക്തിപരമായും ദേശീയമായും പ്രാപഞ്ചികവുമായുമുള്ള സർവ്വപു രോഗതിയുടെയും അടിത്തറ പാകു ന്നതിനുള്ള അടിസ്ഥാനതത്വമാ ണിത്. വിശുദ്ധഖുർആൻ ഇക്കാര്യ ത്തിൽ ആവർത്തിച്ച് ഊന്നൽ നൽ കുന്നു. ഉദാഹരണത്തിന്,

ശ്രദ്ധിക്കൂ,അല്ലാഹുവിന്റെ മാർഗ ത്തിൽ ചെലവഴിക്കാനായി വിളിക്ക പ്പെടുന്നവരാണ് നിങ്ങൾ. അപ്പോൾ നിങ്ങളിൽ ലുബ്ധ് കാണിക്കുന്ന ചിലരുണ്ട്. വല്ലവനും ലുബ്ധ്കാണി ക്കുന്നപക്ഷം അവൻ തനിക്കു തന്നെ ദോഷമായിട്ടാണ് ലുബ്ധ് കാ ണിക്കുന്നത്. അല്ലാഹു സ്വാശ്ര യനും നിങ്ങൾ പരാശ്രയരുമാണ്. നിങ്ങൾ പിന്തിരിഞ്ഞുപോകുന്നെ കിൽ നിങ്ങളുടെ സ്ഥാനത്ത് നിങ്ങ ളല്ലാത്ത ഒരു ജനതയെ അവൻ പകരം കൊണ്ടുവരുന്നതാണ്. പി ന്നെ,അവർ നിങ്ങളെപ്പോലെ ആകു കയില്ല (47:39).

ചിലവുചെയ്യാത്തശീലം യഥാർ ത്ഥത്തിൽ ഒരുവനെ ദാരിദ്രത്തിൽ നിന്ന് ദാരിദ്രത്തിലേക്ക് നയിക്കുന്നു. അവൻ തന്റെകഴിവുകളെ നിരർത്ഥ കമാക്കുകയും തന്റെ അധീനതയി ലുള്ളവ ഉപയോഗപ്പെടുത്താതെമാ റ്റിവെച്ച് അവയെ തരിശും ഫലഭൂ യിഷ്ടിയില്ലാത്തതുമാക്കുന്നു. ദാന ധർമ്മവും പരോപകാരപ്രദമായി ചിലവഴിക്കുന്നതുമായും ബന്ധപ്പെട്ട വിഷയത്തിന്റെ വിവിധവശങ്ങൾ അത് സംബന്ധിച്ചുള്ള ഖുർആനിക ദർശനങ്ങളുമായി ചേർത്ത്വെക്കു മ്പോൾ കൂടുതൽ ബോധ്യമാകുന്ന താണ്. ചുവടെ ചേർക്കുന്ന ഖുർആ നിക വചനങ്ങളിൽ ചിലവഴിക്കുന്ന തിനെയും പങ്കുവെക്കുന്നതിനെയും കുറിച്ചുള്ള തത്വദർശനങ്ങളാണ്. അവക്ക് കൂടുതലായൊരു വിശദീ കരണത്തിന്റെ ആവശ്യമില്ല.

അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുന്നവരുടെ ഉപമ ഒരു ധാന്യമണിയുടെത് പോലെയാ കുന്നു.അത് ഏഴു കതിരുകളെ ഉൽ പാദിപ്പിച്ചു.ഓരോ കതിരുകളിലും നൂറ്മണിവീതം ഉണ്ട്.അല്ലാഹു ഉദ്ദേ ശിക്കുന്നവർക്ക് അവൻ (ഇതിനേ ക്കാൾ) ഇരട്ടിയായി നൽകുന്നതാ ണ്. അല്ലാഹു ഔദാര്യവാനും സർ വജ്ഞനുമാകുന്നു.

അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവുചെയ്യു കയും പിന്നീട് അതിനെ തുടർന്ന് തങ്ങൾ ചെലവുചെയ്തത് (അത്

സ്വീകരിച്ചവരോട്) ഔദാര്യമായി എടുത്തുപറയാതിരിക്കുയും (അവരുടെമനസ്സ്) വേദനിപ്പിക്കാതിരിക്കുയും ചെയ്യുന്നവർക്ക് അവരുടെ നാഥന്റെ പക്കൽ അവരുടെ പ്രതിഫലം ഉണ്ട്.അവർക്ക് യാതൊരുവിധ ഭയവും ഉണ്ടായിരിക്കുകയില്ല.അവർ ദുഖിക്കുന്നവരുമല്ല.

നല്ലവാക്ക് പറയുന്നതും (തെറ്റുകുറ്റങ്ങൾ) മാപ്പുചെയ്തുകൊടുക്കുന്നതും ഉപദ്രവവാക്കുകൾ പിൻതുടരുന്ന ദാനധർമത്തെക്കാൾ ഉത്തമമാകുന്നു. അല്ലാഹു സ്വയം പര്യാപ്തനും സഹിഷ്ണുതയുള്ളവനുമാണ്.

വിശ്വസിച്ചവരെ (ചെയ്ത) ഉപകാരങ്ങൾ എടുത്തുപറഞ്ഞും ഉപദ്രവവാക്കുകൾ എടുത്തു പറഞ്ഞും നിങ്ങളുടെ ദാനധർമങ്ങളെ നിങ്ങൾ നിഷ്ഫലമാക്കരുത്.അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാതെ ജനങ്ങളെ കാണിക്കാനായി തന്റെ ധനം ചെലവുചെയ്യുന്നവനെ പോലെ, അവന്റെ സ്ഥിതി ഉറച്ചു മിനുത്ത ഒരു പാറയുടെ സ്ഥിതി പോലെയാണ്. അതിൻമേൽ മണ്ണുണ്ടായിരുന്നു. പിന്നീട് അതിനെ ഒരു പേമാരിബാധിച്ചു. അങ്ങനെ അത് അതിനെ (കഴുകി) ഒരു മിനുത്ത പാറയാക്കി വിട്ടു. അവർ സമ്പാദിച്ചതിൽ നിന്ന് അവർക്ക് യാതൊന്നും കരസ്ഥമാക്കാനാവില്ല (ഇത്തരം നിഷേധികളെ) അല്ലാഹു (വിജയ) മാർഗത്തിലേക്ക് നയിക്കുന്നതുമല്ല.

അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചും തങ്ങളുടെ ആത്മാക്കളെ ദൃഢപ്പെടുത്തിയും കൊണ്ട് തങ്ങളുടെ ധനം ചെലവുചെയ്യുന്നവരുടെ നില പീഠഭൂമിയിലുള്ള ഒരുതോട്ടത്തിന്റേത് പോലെയാണ്.അതിന് കനത്ത മഴകിട്ടി. അങ്ങനെ , അത് അതിന്റെഫലം ഇരട്ടിയായി നല്കി. ഇനി അതിന് സമൃദ്ധമായ മഴ ലഭിച്ചില്ലെകിൽ (തന്നെയും) ലഘുവായ മഴയായാലും (അതിനു മതിയാവും). അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് നല്ലപോലെ കണ്ടുകൊണ്ടിരിക്കുന്നവനാണ്.

നിങ്ങളിൽ ഒരാൾക്ക് ഈന്തപ്പനയുടെയും മുന്തിരിയുടെയും ഒരു തോട്ടമുണ്ട്,(എന്നുവിചാരിക്കുക)അതിന്റെ അടിവാരത്തിലൂടെ അരുവികൾ ഒഴുകികൊണ്ടിരിക്കുന്നു. (മാത്രമല്ല)അയാൾക്ക് അതിൽ നാനാവിധ പഴവർഗ്ഗങ്ങളും ലഭിക്കുന്നുണ്ട് അയാളെ വാർധക്യം ബാധിക്കുകയും ചെയ്തിരിക്കുന്നു.കെൽപില്ലാത്ത സന്താനങ്ങളും അയാൾക്കുണ്ട്. അങ്ങിനെയിരിക്കെ അഗ്നിമയമായ ഒരു ചുഴലിക്കാറ്റ് അതിനെ (തോട്ടത്തെ) ബാധിച്ചു. അപ്പോൾ അത് കരിഞ്ഞുപോയി .നിങ്ങൾ ചിന്തിക്കുന്നതിനായി അല്ലാഹു ഇപ്രകാരം നിങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ വിവരിച്ചുതരുന്നു.

വിശ്വസിച്ചവരെ നിങ്ങൾ സമ്പാദിച്ചുവെച്ചിരിക്കുന്ന നല്ലസാധനങ്ങളിൽനിന്നും ഭൂമിയിൽനിന്ന് നാം നിങ്ങൾക്കായി ഉൽപാദിപ്പിച്ചുതന്നിരിക്കുന്ന വസ്തുക്കളിൽ നിന്നും (ഒരംശം അല്ലാഹുവിന്റെ മാർഗത്തിൽ) നിങ്ങൾ ചെലവുചെയ്യുക. അതിൽനിന്ന് ചീത്തയായത് ചെലവുചെയ്യാൻ നിങ്ങൾ ഉദ്ദേശിക്കരുത്; (നിങ്ങൾ ക്കാണ് അത് നൽകുന്നതെങ്കിൽ) കണ്ണടച്ചുകൊണ്ടല്ലാതെ നിങ്ങൾ അത് സ്വീകരിക്കുന്നവരല്ലല്ലൊ. അല്ലാഹു സ്വയം പര്യാപ്തനും സ്തുത്യർഹനുമാണ് എന്ന് നിങ്ങൾ അറിഞ്ഞുകൊള്ളുക.

പിശാച് നിങ്ങളെ ദാരിദ്ര്യത്തെക്കുറിച്ച് ഭീഷണിപ്പെടുത്തുകയും നീചകൃത്യങ്ങൾക്ക് നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു നിങ്ങൾക്ക് തന്റെ പക്കൽനിന്നുള്ള പാപപ്പൊറുതിയും അനുഗ്രഹവും വാഗ്ദാനം ചെയ്യുന്നു. അല്ലാഹു ഔദാര്യത്തിൽ വളരെ വിശാലതയുള്ളവനും എല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു. (2:262-269)

നിങ്ങൾ ദാനധർമ്മങ്ങൾ പരസ്യമായി നിർവ്വഹിക്കുന്നപക്ഷം അതുവളരെ നല്ലതുതന്നെ. നിങ്ങൾ അതുഗോപ്യമാക്കുകയും അതുദരിദ്രർക്ക് നൽകുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾക്ക് അത് ഏറ്റവും നല്ലതാണ്. (അതിന്റെ ഫലമായി അവൻ) നിങ്ങളുടെ പല തിന്മകളെയും അകറ്റികളയുന്നതുമാണ്. നിങ്ങൾ എന്തു പ്രവർത്തിക്കുന്നുവെന്നതു സംബന്ധിച്ച് അല്ലാഹു സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു.

അവരെ നേർമാർഗത്തിലാക്കുകയെന്നത് നിന്റെ ചുമതലയല്ല. എന്നാൽ അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിൽ നടത്തുന്നു. ഏതൊരു നല്ലമുതൽ (അല്ലാഹുവിന്റെ മാർഗത്തിൽ) നിങ്ങൾ ചെലവഴിക്കുന്നുവോ അതിന്റെ ഫലം നിങ്ങൾക്കുതന്നെയായിരിക്കും. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട ല്ലാതെ നിങ്ങൾ ചെലവഴിക്കുന്നില്ലല്ലൊ. ഏതൊരു നല്ല ധനം നിങ്ങൾ ചെലവഴിക്കുന്നുവൊ അത് (അതിനുള്ള പ്രതിഫലം) നിങ്ങൾക്ക് തന്നെയാണ് (ലഭിക്കുക). നിങ്ങളോട് അനീതി ചെയ്യപ്പെടുകയുമില്ല.

(പ്രസ്തുത ദാനധർമ്മങ്ങൾ) അല്ലാഹുവിന്റെ മാർഗത്തിൽ (ജോലിനിർവ്വഹിക്കുക നിമിത്തം മറ്റു ജോലികളിൽ നിന്നും) തടഞ്ഞു നിർത്തപ്പെട്ട ദരിദ്രന്മാർക്കുള്ളതാണ് .അവർക്ക് നാട്ടിൽ(സ്വൈരമായി ) വിഹരിക്കുവാൻ സാധിക്കുന്നില്ല. മറ്റുള്ളവരോട് ചോദിക്കാതെഅവർ അന്തസ്സ് പാലിക്കുന്നതുനിമിത്തം യാഥാർഥ്യം അറിയാത്തവർ അവരെ സംബന്ധിച്ച് സമ്പന്നരാണെന്ന് ധരിക്കും. അവരുടെ ലക്ഷണങ്ങൾ കൊണ്ട് നിനക്ക് അവരെ മനസ്സിലാക്കാം. ജനങ്ങളോട് അവർ നിർബന്ധംചെലുത്തി (ധനസഹായം) ആവശ്യപ്പെടുകയില്ല. നിങ്ങൾ ഏതൊരു നല്ലധനം ചെലവഴിക്കുന്നുവോ

*(ശേഷം 40-ൽ)*

# മൈത്രിയുടെ രാജപാത

കെ.പി.എ. പുന്നോൽ

ക്രോധകാമാദികളില്ലാതെ ഞങ്ങളെ
ബോധവാന്മാരാക്കി തീർക്കണേ ദൈവമേ
മാലിന്യം ഹൃത്തിലശേഷവും തീണ്ടാത്ത
മാലാഖമാർക്കൊപ്പം ചേർക്കണേ ഞങ്ങളെ
ആര്യധർമ്മം സ്വീകരിച്ചുള്ള ജനങ്ങളും
ആര്യാവർത്തത്തിലെ മുസ്‌ലിം ജനങ്ങളും
ആചാര വൈജാത്യമേറെയുണ്ടെങ്കിലും
ആഗോള സൃഷ്ടാവിലാശ്രയം കാൺമവർ
മാനുഷരെന്നാ പൊരുളിൽ നാമേവരും
മാന്യരാമിന്ത്യരാണെന്നതും ഓർക്കണം
ആത്മസുഹൃത്തുക്കളായി വർത്തിക്കുവിൻ
ആത്മാർത്ഥമായി സഹകരിച്ചീടുവിൻ
അനുകമ്പ നാസ്തിയായുള്ള മതമൊട്ടും
അനുതാപമർഹിക്കാ മതമാണെന്നോർക്കണം
സമസൃഷ്ടിയോടൊട്ടും സഹതാപം കാട്ടാത്തോർ
സന്മനസ്സുള്ള മനുഷ്യനായിടുമോ
ലോകൈകനാഥന്റെ വരദാനമൊന്നുമേ
ലോകാജനങ്ങൾ മറക്കാതിരിക്കട്ടെ
സർവ്വാധിനാഥാ, നീ യുർവിയെ ഞങ്ങൾക്കു
സർവ്വർക്കുമായി വിരിപ്പാക്കിയില്ലയോ.

സർവേശ്വരൻ തന്റെ ആകാശജ്യോതികൾ
സർവ്വജനങ്ങൾക്കും മാസ്വാദ്യമല്ലയോ
രക്ഷകൻ സൃഷ്ടിച്ച ഭൂമിയിൽ നിന്നവർ
ഭക്ഷണം നേടുന്നു രക്ഷയും തേടുന്നു
ഉള്ളത്തിൽ നന്മകളേറെ വിതക്കണം
എള്ളോളമെന്തെങ്കിലും സ്നേഹം കൊയ്തീടണം
ദൈവത്തിൻ സത്തയിലുള്ള ഗുണങ്ങളെ
ദൈവത്തിൻ ദാസർ പകർത്താതിരിക്കുകിൽ
നാശമടഞ്ഞിടും കാലാന്തരെ ജനം
നാശത്തിൽ തന്നെയിളമുറ നിശ്ചയം
ഹിന്ദുകൾ ചേർന്നങ്ങു മുസ്‌ലിം ജനതയെ
ഇന്ത്യയിൽ നിന്നോടിച്ചീടുവാൻ ശക്യമോ
ആര്യാവർത്തത്തിലെ ആർഷാമതമായ
ആര്യധർമ്മത്തെ നിഷ്കാസിതമാക്കാമോ
ഏകനാം ദൈവത്തെ ധ്യാനിച്ചു പോരുന്ന
ഗേഹം തകർത്തങ്ങു നീക്കാതിരിക്കട്ടെ
ഹൈന്ദവം പൂജനം ചെയ്യുന്ന ഗോവിന്റെ
കണ്ഠത്തിൽ കോടാലി വെക്കാതിരിക്കട്ടെ
ഇന്ത്യയിലെന്നെന്നും ശാന്തി പരത്തുവാൻ
സന്ധിയിൽ ചേരട്ടെ ഇന്ത്യനും ഇന്ത്യനും

■

ലേഖനം

പി. മുഹമ്മദ് കുട്ടശ്ശേരി

# ഖിലാഫത്തിനു അന്ത്യംകുറിച്ച പാശ്ചാത്യാധിനിവേശം

**പ്രഗത്ഭ സലഫി പണ്ഡിതനായ ഗ്രന്ഥകർത്താവ് ചന്ദ്രിക ആഴ്ചപ്പതിപ്പിൽ (2002 ഏപ്രിൽ 6-12ന്) ഇസ്‌ലാമിക ഖിലാഫത്തിന്റെ അന്ത്യഘട്ടത്തെ ക്കുറിച്ചെഴുതിയ ലേഖനം ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നു.**

**1914** മുതൽ 1918 വരെ നീണ്ടു നിന്ന ഒന്നാം ലോകമഹായുദ്ധത്തിന്റെ പരിസമാപ്തി ആറു നൂറ്റാണ്ടു കാലം ഭരണം നടത്തിയ ഉസ്മാനിയാ ഖിലാഫത്തിന്റെ ദയനീയമായ തകർച്ചയോടെയാണ് പൂർണ്ണമായത്. ഇസ്‌ലാമിന്റെ ആഗമനത്തിനു ശേഷം മുസ്‌ലിം ലോകത്തിനു ഇത്രയേറെ കഷ്ടനഷ്ടങ്ങളും അപമാനവും വരുത്തിവെച്ച ഒരു സംഭവം വേറേയില്ല. അത്രമാത്രം കനത്ത ആഘാതമുള്ളതായിരുന്നു തുർക്കിയുടെ തോൽവി. അതുകൊണ്ടു തന്നെ ഒരു യുദ്ധത്തിലേക്കു എടുത്തുചാടാൻ രാഷ്ട്രത്തെ പ്രേരിപ്പിച്ച അൻജുമൻ ഇത്തിഹാദ് വത്തറഖിയുടെ നേതാക്കളായ തൽഅത്ത് പാഷ, അൻവർ പാഷ, അഹ്മദി ജമാൽ പാഷ, അസ്മീബേഗ് തുടങ്ങിയ എട്ടോളം തങ്ങൾക്കെതിരിലുള്ള ജനരോഷം ഭയന്നു ബർലിനിലേക്കു ഒളിച്ചോടിപ്പോവുകയാണുണ്ടായത്. കമ്മ്യൂണിസ്റ്റ് റഷ്യയുമായി യുദ്ധത്തിലേർപ്പെട്ടു വൻവിജയം നേടുകയായിരുന്ന അൻവർ പാഷയെ ഒരു ബലിപെരുന്നാൾ സുദിനത്തിൽ അദ്ദേഹത്തിന്റെ സൈന്യം പെരുന്നാൾ ആഘോഷത്തിനുപോയ സന്ദർഭത്തിൽ ബുഖാറസ്റ്റിൽ വെച്ചു പൊടുന്നനവേ ആക്രമിച്ചു കമ്മ്യൂണിസ്റ്റു ശത്രുക്കൾ വധിച്ചു. കൂടെ നാടുവിട്ടിരുന്ന പലരും രക്തസാക്ഷിത്വം വരിച്ചു.

ഖിലാഫത്തിന്റെ തിരോധാനത്തിനു വേണ്ടി ആറ്റുനോറ്റു കാത്തിരുന്ന ക്രൈസ്തവ ലോകം ആഹ്ലാദത്തിമർപ്പിൽ നൃത്തം ചവിട്ടുകയായിരുന്നു. ബ്രിട്ടീഷു സേനാ നായകൻ ജനറൽ അല്ലൻ പി അൽഖുദ്സിൽ പ്രവേശിച്ചപ്പോൾ പറഞ്ഞ വാചകം ഇപ്രകാരമായിരുന്നു: "ഇപ്പോൾ കുരിശ് യുദ്ധം അവസാനിച്ചു." ഫ്രഞ്ചു സേനാ നായകൻ നറൽ ഗോറോ ഡമസ്ക്കസിലെ സലാഹുദ്ദീൻ അയ്യൂബിയുടെ മഖ്ബറക്കു സമീപം നിന്നുകൊണ്ട് ഇപ്രകാരം ആക്രോശിച്ചു: "സലാഹദ്ദീൻ, ഇതാ ഞങ്ങൾ തിരിച്ചെത്തിയിരിക്കുന്നു." ഖിലാഫത്തിന്റെ തകർച്ചക്കും ഫലസ്തീനിലെ ബ്രിട്ടീഷ് അധിനിവേശത്തിനും ദൃക്സാക്ഷിയായ ആ കാലഘട്ടത്തിലെ പ്രസിദ്ധ അറബി കവി അഹ്മദ് ശൗഖീ അദ്ദേഹത്തിന്റെ ഹൃദയവേദന കണ്ണീരിൽ ചാലിച്ചു ഇപ്രകാരം പാടി:

*ഇന്ത്യ കേഴുന്നു!*

*ഈജിപ്ത് തോരാത്ത ചുടുകണ്ണീരൊഴുക്കി.*

*സിറിയയും ഇറാഖും പേർഷ്യയും ചോദിക്കുന്നു.*

*ഭൂമിയിൽ നിന്നു ഖിലാഫത്ത് നിഷ്കാസിതമായോ?*

ഇന്ത്യയിൽ ഖിലാഫത്ത് സമരത്തിന്റെ ചൂട് തണുപ്പിക്കാനും മുസ്‌ലിംകളെ സമാധാനിപ്പിക്കാനും ബ്രിട്ടൻ നടത്തിയിരുന്ന പ്രസ്താവനകളും വാഗ്ദാനങ്ങളും വെറും കള്ളമായിരുന്നുവെന്നു തെളിഞ്ഞപ്പോൾ സ്വാതന്ത്ര്യസമരത്തിന്റെ സ്വഭാവം മാറി. നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചു. മഹാത്മാഗാന്ധിയും ശൗഖത്ത് അലിയും ഇന്ത്യയാകെ ചുററി ജനങ്ങളെ ബോധവൽക്കരിച്ചുകൊണ്ടിരുന്നു. ഇന്ത്യൻ മുസ്‌ലിംകളുടെ നിവേദനങ്ങളും പരാതികളും വൈസ്രോയിയുടെ അടുത്തേക്കൊഴുകി. ഇന്ത്യയിലെ ഖിലാഫത്ത് പ്രക്ഷോഭം ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും പിടിച്ചെടുത്തു.

ഖിലാഫത്ത് നിഷ്കാസിതമാകാനും, ഫലസ്തീൻ അടക്കമുള്ള

മുസ്‌ലിം നാടുകളിൽ ബ്രിട്ടനും, ഫ്രാൻസും ഉൾക്കൊള്ളുന്ന പാശ്ചാത്യശക്തികൾ അധിനിവേശം നടത്താനും പ്രധാന കാരണക്കാരൻ ഹിജാസിലെ ഗവർണ്ണറായിരുന്ന ശരീഫ് ഹുസൈൻ ആയിരുന്നു. അറബ് രാജ്യത്തിന്റെ മുഴുവൻ ഭരണാധികാരിയും മുസ്‌ലിംകളുടെ ഖലീഫയുമാക്കാമെന്നു അദ്ദേഹത്തെ മോഹിപ്പിച്ചു ബ്രിട്ടൻ ചതിക്കുകയായിരുന്നു. തുർക്കി വൽക്കരണമെന്ന പുതിയ നയം സ്വീകരിക്കുകയും, അറബ് രാജ്യങ്ങളുടെ സാമ്പത്തികാഭിവൃദ്ധിക്കു യാതൊരു സഹായവും നൽകാതെ അവിടുത്തെ ധനം ഊറ്റിക്കുടിക്കുകയും, ഗവർണ്ണർമാരിൽ ചിലർ ജനങ്ങളുടെ കടുത്ത പ്രതിഷേധം വിളച്ചുവരുത്തുന്ന മർദ്ദനനടപടികൾ സ്വീകരിക്കുകയും ചെയ്തതിനാൽ തുർക്കിയുടെ കീഴിലുള്ള അറബി നാടുകളിൽ ഉസ്മാനിയാ ഭരണത്തിനെതിരിൽ ദേശീയ സമരം പൊട്ടിപ്പുറപ്പെട്ടിരുന്നു. ലോകമഹായുദ്ധം ആരംഭിക്കുകയും, ശരീഫ് ഹുസൈൻ ബ്രിട്ടനു പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തതോടെ അറബ് ദേശീയവാദികളുടെ വിപ്ലവത്തിന്റെ നേതൃത്വം അദ്ദേഹം ഏറ്റെടുക്കുകയായിരുന്നു. ഹിജാസ് മോചിപ്പിച്ച അറബ് വിപ്ലവകാരികൾ ഹുസൈന്റെ പുത്രൻ ഫൈസലിന്റെ നേതൃത്വത്തിൽ ഡമാസ്ക്കസിലേക്കു നീങ്ങി, തുർക്കി സൈന്യത്തെ തുരത്തി അവിടെ അറബി പതാക നാട്ടി. പിതാവിന്റെ പ്രതിനിധിയായി അവിടെ ഭരണക്രമീകരണങ്ങൾ ഏർപ്പെടുത്തി. തുടർന്ന് ബൈറൂത്തിലും, ത്വർത്വൂസിലും, ഹലപ്പോയിലും അറബ് ഭരണകൂടങ്ങൾ സ്ഥാപിക്കുകയും അവയെല്ലാം ശരീഫ് ഹുസൈൻ ഭരിക്കുന്ന ഹിജാസിന്റെ ഭാഗമായി ഗണിക്കപ്പെടുകയും ചെയ്തു. ഈ സ്വതന്ത്ര അറബ് രാഷ്ട്രവുമായി ചേരാൻ ഇറാഖ് വെമ്പൽകൊണ്ടു. പക്ഷേ, തുർക്കികളെ തോൽപ്പിച്ചാൽ അറബികൾക്കു ഒരു സ്വതന്ത്ര രാഷ്ട്രം സ്ഥാപിക്കാമെന്നു വാഗ്ദാനം ചെയ്ത ബ്രിട്ടൻ പിന്നെ എന്താണു ചെയ്തത്? അറബ് പതാക അഴിച്ചു മാറ്റാൻ നിർദ്ദേശിക്കുകയും ശരീഫ് ഹുസൈൻ ഹിജാസിന്റെ മാത്രം രാജാവാണെന്നു പ്രഖ്യാപിക്കുകയുമാണുണ്ടായത്.

ഫലസ്തീൻ പിടിച്ചടക്കാൻ ബ്രിട്ടീഷ് സൈന്യം കുതിക്കുമ്പോൾ തുർക്കി, തങ്ങളുടെ പക്ഷത്ത് ഉറച്ചു നിന്നു ശത്രുവിനെ നേരിടാൻ കെഞ്ചി യാചിക്കുകയുണ്ടായി. ഫലസ്തീൻ ഉൾക്കൊള്ളുന്ന ഒരു സ്വതന്ത്ര അറബി രാഷ്ട്രം എന്ന ബ്രിട്ടന്റെ വാഗ്ദാനത്തിൽ വഞ്ചിതരായ അറബികൾ ബ്രിട്ടനെ സഹായിച്ചു. അങ്ങനെ 1917 ഡിസംബർ 9ന് അൽ ഖുദ്സ് പട്ടണം ബ്രിട്ടന്റെ കയ്യിൽ അകപെട്ടു. 'ഇപ്പോൾ കുരിശുയുദ്ധം അവസാനിച്ചു' എന്ന് ബ്രിട്ടീഷു സേനാനായകൻ ജനറൽ അല്ലൻപി പറഞ്ഞിട്ടും ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരിൽ ബ്രിട്ടന്റെ കരുനീക്കങ്ങൾ മനസ്സിലാക്കാൻ കഴിയാതെ തുർക്കിക്കെതിരിലുള്ള പടനീക്കവുമായി അറബികൾ മുന്നോട്ടു പോവുകയാണുണ്ടായത്.

അമേരിക്കൻ പ്രസിഡണ്ട് വിത്സന്റെ 14 ഇന നിർദ്ദേശങ്ങൾ അംഗീകരിച്ചു ലോകമഹായുദ്ധത്തിലെ ഇരുസഖ്യങ്ങളും യുദ്ധവിരാമസന്ധിയിൽ ഒപ്പുവെച്ച ശേഷം 1919 ജനുവരിയിൽ സമാധാനവ്യവസ്ഥകളെ പറ്റി ചർച്ച ചെയ്യാൻ ജർമ്മൻ സഖ്യത്തിനെതിരെ യുദ്ധം ചെയ്ത മുപ്പത്തി രണ്ടു രാഷ്ട്രങ്ങളിലെ പ്രതിനിധികൾ പാരീസിൽ സമ്മേളിച്ചു. തുർക്കിക്കെതിരിൽ ബ്രിട്ടനെ പിന്തുണച്ചു യുദ്ധം ചെയ്ത ഭരണാധികാരി എന്ന നിലക്കു ശരീഫ് ഹുസൈൻ ക്ഷണിക്കപ്പെടുമെന്നു പ്രതീക്ഷിച്ചുവെങ്കിലും അത് നടന്നില്ല. ഒരു സാധാരണ നിരീക്ഷകൻ, എന്ന നിലക്കു ഹുസൈന്റെ പുത്രൻ ഫൈസൽ പങ്കെടുത്തുവെങ്കിലും അറബി രാഷ്ട്രത്തലവൻ എന്ന പദവി ഫൈസലിനു നൽകാൻ ബ്രിട്ടനും ഫ്രാൻസും വിസമ്മതിക്കുകയാണുണ്ടായത്. തുർക്കിയുടെ കീഴിലുള്ള അറബി രാജ്യങ്ങൾ പങ്കുവെക്കാൻ നിർദ്ദേശിക്കുന്ന സൈക്കസ് - പിക്കോട്ട് രഹസ്യ കരാർ നടപ്പിലാക്കുകയാണ് സഖ്യകക്ഷികളുടെ ലക്ഷ്യമെന്നു ഫൈസലിനു ബോധ്യമായി.

സഖ്യരാഷ്ട്രങ്ങൾ തമ്മിൽ രാജ്യങ്ങൾ വീതിച്ചെടുക്കുന്നതിൽ ഒരു യോജിപ്പിലെത്താത്തതിനാൽ 1920ൽ ഇറ്റലിയിൽ വീണ്ടും അവർ സമ്മേളിച്ചു. അതനുസരിച്ച് സിറിയയും ലബനാനും ഫ്രാൻസിനും, ഇറാഖും ഫലസ്തീനും ബ്രിട്ടനും നൽകപ്പെട്ടു. ഫലസ്തീനിൽ പെട്ടെന്നു ഒരു ജൂത ഗേഹം സ്ഥാപിക്കുന്നത് അപ്രായോഗികമായിക്കണ്ടതിനാൽ അവിടെ ബ്രിട്ടന്റെ മാണ്ടേറ്ററി ഭരണമാണ് തൽക്കാലം നടപ്പിലാക്കപ്പെട്ടത്. ഈജിപ്ത് നേരത്തെ ത്തന്നെ ബ്രിട്ടന്റെ സംരക്ഷണത്തിൻ കീഴിലായിക്കഴിഞ്ഞിരുന്നു. സിറിയയിൽ തുർക്കികളെ ഓടിച്ചു ഭരണാധികാരിയായി വാഴുകയായിരുന്ന ഫൈസലിനോടു നാലു ദിവസത്തിനകം രാജ്യം വിട്ടുപോകാൻ ഉത്തരവു നൽകുകയാണ് പിന്നെ ഫ്രാൻസ് ചെയ്തത്. ഫൈസലിനെ പുറത്താക്കാൻ ഫ്രഞ്ചു സൈന്യം പടനീക്കം നടത്തിയപ്പോൾ ബ്രിട്ടൻ സഹായിക്കുമെന്നു ഫൈസൽ പ്രതീക്ഷിച്ചുവെങ്കിലും അത് ഒരു ശുദ്ധഗതിക്കാരന്റെ വ്യാമോഹം മാത്രമായിരുന്നു. യൂസുഫുൽ അസമ എന്ന ധീരനായ അറബി പോരാളി അത്ഭുതം സൃഷ്ടിക്കുമാറ് പൊരുതിയെങ്കിലും ഫ്രഞ്ചു വിമാനങ്ങൾക്കും, പീരങ്കികൾക്കും, ടാങ്കുകൾക്കും മുമ്പിൽ രക്തസാക്ഷിയാകാനല്ലാതെ അദ്ദേഹത്തിനു മറ്റൊന്നിനും കഴിയുമായിരുന്നില്ല.

അറബികളുടെ രാജാവും മുസ്‌ലിംകളുടെ ഖലീഫയുമാകാൻ

കൊതിച്ചു ബ്രിട്ടനു പിന്തുണ നൽകുകയും തുർക്കിഭരണം അവസാനിപ്പിക്കാൻ യുദ്ധരംഗത്തിറങ്ങുകയും ചെയ്ത ശരീഫ് ഹുസൈൻ ലോകമഹായുദ്ധത്തിൽ ആഗ്രഹിച്ചതൊന്നും ലഭിക്കാതെ ഹിജാസിലെ രാജാവ് എന്ന പദവികൊണ്ട് മാത്രം തൃപ്തിപ്പെടേണ്ടി വന്നു. 1924ൽ അവസാനത്തെ ഉസ്മാനി ഖലീഫ നിഷ്ക്കാസിതനായപ്പോൾ ആ ഒഴിവിൽ താൻ ഖലീഫയാണെന്നു പ്രഖ്യാപിച്ചു രംഗത്ത് വന്നുവെങ്കിലും സ്വന്തം താൽപര്യങ്ങളെ മാത്രം സംരക്ഷിക്കുന്ന അദ്ദേഹത്തെ ഖലീഫയായി അംഗീകരിക്കാൻ മുസ്‌ലിം ലോകം തയ്യാറാവുകയുണ്ടായില്ല.

തുർക്കികൾക്കെതിരിൽ യുദ്ധം നയിച്ച ശരീഫ് ഹുസൈൻ 1919ൽ മദീനയും പിടിച്ചടക്കിയപ്പോൾ അബ്ദുൽ അസീസ് രാജാവ് അദ്ദേഹത്തിനു ഒരു അനുമോദന സന്ദേശമയച്ചു. ശരീഫ് അയച്ച കടുത്ത ഭാഷയിലുള്ള മറുപടിസന്ദേശത്തിൽ തന്നെ രാജാവായി അംഗീകരിക്കേണമെന്നും, ഖരിമ പ്രദേശം തനിക്കു വിട്ടുതരണമെന്നും, അവിടുത്തെ നിവാസികളായ ബനു ഉതൈബയെ ദ്രോഹിക്കരുതെന്നും നിർദ്ദേശിച്ചു. ഈ സന്ദേശം പുച്ഛിച്ചുതള്ളിയ മലിക് അബ്ദുൽ അസീസ് ഖരിമ പ്രദേശത്ത് തന്റെ ഇസ്‌ലാഹീ ആദർശം പ്രചരിപ്പിക്കാൻ പ്രബോധകരെ അയക്കുകയാണുണ്ടായത്. 1919ൽ ശരീഫ് സുഊദികളൊടൊപ്പം ചേർന്ന് ഖരിമ-തുർബ പ്രദേശങ്ങളിലെ ഗോത്രങ്ങളോടു യുദ്ധം ചെയ്യാൻ പുത്രൻ അബ്ദുല്ലയുടെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയച്ചു. പട്ടാളത്തിൽ ഒരു വലിയ എണ്ണത്തെ ജീവനാശത്തിനു വിധേയമാക്കിയ അബ്ദുല്ല തന്റെ ആയുധങ്ങളും സ്വത്തുക്കളുമെല്ലാം ഉപേക്ഷിച്ചു ഓടിരക്ഷപ്പെടേണ്ടി വന്നു. പിന്നെ ശരീഫ് നജ്ദുകാർ ഹജ്ജിനു വരുന്നത് വിലക്കി. ബ്രിട്ടന്റെ മേൽനോട്ടത്തിൽ 1923ൽ കുവൈത്തിൽ ഒരു അനുരഞ്ജന സമ്മേളനം ചേർന്നുവെങ്കിലും സുഊദികൾ കൈവശപ്പെടുത്തിയ രാജ്യങ്ങളെല്ലാം വിട്ടു തരേണമെന്നു ശരീഫ് നിർബന്ധം പിടിച്ചപ്പോൾ ചർച്ച അലസി. എങ്കിലും രാഷ്ട്രീയ നയതന്ത്രജ്ഞനായ മലിക് അബ്ദുൽ അസീസ് ഇബ്നു സുഊദ് ബ്രിട്ടനെ പിണക്കി ശത്രുവിനു ശക്തി നൽകുന്ന സമീപനരീതി സ്വീകരിച്ചില്ല.

അറബ് ലോകത്തെ രാജാവും ഖലീഫയുമാക്കാമെന്നു മോഹിപ്പിച്ചു തുർക്കിക്കെതിരിലുള്ള യുദ്ധത്തിനു ശരീഫ് ഹുസൈനെ ഇറക്കിയ ബ്രിട്ടൻ പിന്നെ അതിൽ നിന്നു പിൻമാറിയതിനെ തുടർന്നു ശരീഫിനു സിയോണിസത്തിന്റെ സഹായിയായ ആ രാഷ്ട്രത്തോടുള്ള താൽ പര്യവും കൂറും കുറഞ്ഞു. ബ്രിട്ടൻ സംഘടിപ്പിക്കുന്ന സമ്മേളനങ്ങളിൽ ശരീഫ് പങ്കെടുക്കാതെയായി. 1924ൽ ബ്രിട്ടൻ ശരീഫിനു നൽകിവന്നിരുന്ന സഹായങ്ങൾ നിർത്തൽ ചെയ്തു. ഇതോടെ ശരീഫിന്റെ സ്വപ്നങ്ങൾ പൊലിഞ്ഞു. അബ് ദുൽ അസീസ് രാജാവാകട്ടെ, തന്റെ രാഷ്ട്രീയ കരുക്കൾ അതിസമർത്ഥമായി നീക്കുകയായിരുന്നു. ശരീഫിന്റെ ദ്രോഹത്തിൽ നിന്നു ഹിജാസിനെ മോചിപ്പിക്കാൻ സമയമായെന്നു ഇബ്നു സുഊദ് കണ്ടു.

1924ൽ വലിയ ചെറുത്തു നിൽപ്പൊന്നുമില്ലാതെ അബ്ദുൽ അസീസ് ത്വാഇഫ് കീഴടക്കി. 1924 സ്പതംബർ 26ന് ഹദായിൽ വെച്ചു ശരീഫിന്റെ പുത്രൻ അലിയെ തോൽപ്പിച്ചു. തുടർന്ന് അബ്ദുൽ അസീസിന്റെ സൈന്യം മദീന ഉപരോധിച്ചപ്പോൾ ശരീഫിന്റെ സൈന്യം ചിതറി ഓടുകയാണുണ്ടായത്. ശരീഫിന്റെ പുത്രൻ അലി ജിദ്ദയിലേക്കു ഓടി രക്ഷപ്പെട്ടു.

ശരീഫ് ഹുസൈൻ തന്റെ സ്വപ്ന കൊട്ടാരത്തിൽ രാജാവായി വാഴുന്ന ദിനവും കാത്തു ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടി. ഇബ്നു സുഊദിനെ കീഴടക്കാൻ കഴിയുമെന്ന പ്രതീക്ഷ തകർന്നു. അദ്ദേഹം സ്വന്തം പുത്രനുവേണ്ടി അധികാരം വിട്ടൊഴിഞ്ഞു. പുത്രന്മാരെ അധികാരത്തിൽ വാഴിക്കാൻ അദ്ദേഹം നടത്തിയ കുതന്ത്രങ്ങൾ ഏറെയായിരുന്നു.

നിരാശനായ ശരീഫ് ഹുസൈൻ തന്റെ വമ്പിച്ച സ്വത്തുമായി അഖബ തുറമുഖത്തേക്കും അവിടെ നിന്ന് സൈപ്രസിലേക്കും യാത്രയായി. 1931ൽ അവിടെ വെച്ചു അന്തരിച്ചു.

യുദ്ധത്തിൽ പരാജയപ്പെട്ട തുർക്കിക്ക് അറബ് പ്രദേശങ്ങൾ മാത്രമല്ല, തുർക്കിയുടെ പിതൃഭൂമിയായ അനാതൂലിയയും, ഇസ്താമ്പൂളും നഷ്ടപ്പെട്ടു. 1918 നവമ്പർ 13ന് സഖ്യകക്ഷികളുടെ പടക്കപ്പലുകൾ ബോസ്ഫറസ് മുറിച്ചു കടക്കുകയും പിന്നെ ഇസ്താമ്പൂളിൽ പ്രവേശിക്കുകയും ചെയ്തു. നഗരത്തെ നാലു മേഖലകളായി വിഭജിച്ചു. ബ്രിട്ടൻ, ഫ്രാൻസ്, ഇറ്റലി, ഗ്രീസ് എന്നീ രാജ്യങ്ങളുടെ ഹൈക്കമ്മീഷണർമാർ അവരവരുടെ മേഖലകളിൽ അധികാരം ഏറ്റെടുത്തു. അന്താലിയയിൽ ഇറ്റലി ആധിപത്യമുറപ്പിച്ചു. ബ്രിട്ടൻ മൗസിലിൽ നിന്നു വടക്കോട്ടു നീങ്ങി പൂർവ്വ തുർക്കിയിൽ പ്രവേശിച്ചു. ഗ്രീക്കു സൈന്യം ഇസ്മീരിൽ പ്രവേശിച്ചു പല അനാചാരങ്ങളും നടത്തി. ഈ സൈന്യത്തെ നിർവീര്യമാക്കി സമാധാനം സ്ഥാപിക്കാൻ മുസ്തഫാ കമാൽ പാഷ നിയമിക്കപ്പെട്ടത് മുതൽ തുർക്കിയുടെ ഒരു പുതിയ ചരിത്രം ആരംഭിക്കുകയായി.

ലോകമഹായുദ്ധവും അതിനു ശേഷമുള്ള സംഭവവികാസങ്ങളും നടക്കുമ്പോൾ ഉസ്മാനി ഖലീഫമാർ ആരൊക്കെയായിരുന്നു ഭരണം നടത്തിയിരുന്നത്? 35-ാമത്തെ സുൽത്താനായ മുഹമ്മദ് റശാദിന്റെ കാ

ലത്ത് തുടങ്ങിയ യുദ്ധത്തിൽ നാലു വർഷം തുർക്കികൾ ധീരമായി ചെറുത്തുനിന്നു. സമകാലീന ചരിത്രകാരനായ ഡോ. ഇഹ്സാൻ ഹഖീ എഴുതുന്നു: "കൃഷികളും കാലികളും ധാരാളക്കണക്കിൽ നശിച്ചു. തുർക്കി ഭടൻ വിശന്നും, ഉടുക്കാനില്ലാതേയും യുദ്ധം ചെയ്യുന്നു. രോഗങ്ങൾ അവനെ കാർന്നുതിന്നുന്നു. പക്ഷേ, ഇസ്‌ലാമിന്റെ പേരിൽ, വിശ്വാസശക്തികൊണ്ടാണ് അവൻ പൊരുതുന്നത്. അതിനാൽ എല്ലാ വിപത്തുകളും അവനു നിസ്സാരമായി അനുഭവപ്പെട്ടു. പക്ഷേ, പാശ്ചാത്യ ശക്തികൾ അവരുടെ എല്ലാ കഴിവുകളും സജ്ജീകരിച്ച ഈ ദുരന്തത്തിനു ഒരു അന്ത്യം വേണമല്ലോ. 1918ൽ തുർക്കി രാഷ്ട്രം നിലംപതിച്ചു. ആദ്യം ബൾഗേറിയയും പിന്നെ ആസ്ട്രിയയും കീഴടങ്ങിയിട്ടില്ലായിരുന്നുവെങ്കിൽ ഇത് സംഭവിക്കുമായിരുന്നില്ല."

പക്ഷേ മുഹമ്മദ് റശാദിനു ഈ ദുരന്തത്തിനു സാക്ഷിയാകേണ്ടിവന്നില്ല. അത് സംഭവിക്കുന്നതിനു രണ്ടുവർഷം മുമ്പ് അദ്ദേഹത്തിന്റെ അന്ത്യം സംഭവിച്ചു. പിന്നെ രാജകുടുംബത്തിലെ ഏറ്റവും തലമുതിർന്ന വ്യക്തി എന്ന നിലക്കു യൂസുഫ് ഇസ്സുദ്ദീൻ ഉടനെ അധികാരത്തിൽ വന്നുവെങ്കിലും നാളുകൾക്കുള്ളിൽ തന്നെ അദ്ദേഹത്തിന്റെ മരണം സംഭവിച്ചു. മനോരോഗം കാരണം ആത്മഹത്യ ചെയ്യുകയോ, ഇത്തിഹാദികൾ വിഷം കൊടുത്തു കൊല്ലുകയോ ഏതാണ് സംഭവിച്ചതെന്നതിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്.

തുടർന്ന് മുഹമ്മദ് റശാദിന്റെ സഹോദരൻ, മുറാദ് അഞ്ചാമന്റെ പുത്രൻ മുഹമ്മദ് വഹീദുദ്ദീൻ ഖലീഫയായി അധികാരത്തിൽ വന്നു. രാജ്യത്തിനകത്ത് എല്ലാ ഭാഗത്തേക്കും ശത്രു പ്രവേശിച്ചു കഴിഞ്ഞിരുന്നു. 1917ൽ കമ്യൂണിസ്റ്റ് വിപ്ലവം നടന്നതിനാൽ റഷ്യ യുദ്ധത്തിൽ നിന്നു പിന്മാറിയത് കൊണ്ടു മാത്രം അനാത്തൂലിയ ശത്രുവിന്റെ വായിൽ വീഴാതെ രക്ഷപ്പെട്ടു. രാജ്യം ശത്രുവിന്റെ കയ്യിൽ അമരുന്നത് കണ്ടപ്പോൾ രക്ഷക്കായി മുഹമ്മദ് വഹീദുദ്ദീൻ കൈനീട്ടിയത് മുസ്തഫാ കമാൽ പാഷയുടെ നേരെയാണ്. പക്ഷേ, അദ്ദേഹം തന്റെ പ്രതീക്ഷക്കു വിരുദ്ധമായി രാഷ്ട്രത്തെ മറ്റൊരു ദിശയിലേക്കു കൊണ്ടുപോകുന്നതുകണ്ട് മനം നൊന്ത മുഹമ്മദ് വഹീദുദ്ദീൻ ഖാൻ 1922ൽ സ്ഥാനത്യാഗം ചെയ്ത്, രാഷ്ട്രീയത്തിൽ നിന്നു തന്നെ വിട്ടുമാറുകയാണുണ്ടായത്. ഡമാസ്കസിൽ ഉസ്മാനി സുൽത്താന്മാരുടെ മഖ്ബറയിൽ തന്നെ മറവു ചെയ്യേണമെന്നു വസിയ്യത്ത് ചെയ്ത വഹീദുദ്ദീൻ 1922ൽ അന്തരിച്ചു.

37-ാമത്തെ സുൽത്താനായി നിയോഗിക്കപ്പെട്ട അബ്ദുൽ മജീദ് ഇബ്നു അബ്ദുൽ അസീസ് ആണ് അവസാനത്തെ മുസ്‌ലിം ഖലീഫ. തുർക്കിയിലെ ഗ്രേറ്റ് അസംബ്ലിയാണ് അദ്ദേഹത്തെ ഖലീഫയായി തെരഞ്ഞെടുത്തത്. 1923ൽ തുർക്കി ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടതിനെ തുടർന്ന് 1923 മാർച്ച് 3ന് മുസ്തഫാ കമാൽ പാഷ ഖിലാഫത്ത് എന്ന പദവി തന്നെ എടുത്തുകളഞ്ഞു. ഉസ്മാനി രാജകുടുംബം മുഴുവൻ നാടു കടത്തപ്പെട്ടു. ഒരു ബ്രിട്ടീഷ് കപ്പലിൽ പാരീസിലേക്ക് രക്ഷപ്പെട്ട അബ്ദുൽ മജീദ് 1944 ആഗസ്റ്റ് 23ന് അവിടെവെച്ച് അന്തരിച്ചു. അതോടെ 1299ൽ ആരംഭിച്ച ഉസ്മാനിയ ഭരണത്തിന്റെ അവസാനത്തെ കണ്ണിയും അറ്റുവീണു. റസൂലിന്റെ വിയോഗത്തിനുശേഷം ക്രി. 632ൽ അബൂബക്കർ സ്ഥാനമേറ്റതോടെ നിലവിൽ വന്ന ഖലീഫ എന്ന പദവിയും മുസ്‌ലിം ലോകത്തു നിന്ന് നിഷ്കാസിതമായി. ■

*(30-ൽ നിന്ന് തുടർച്ച)*

അറിവു പകർന്നു തന്നത്. എന്നോടു സംസാരിച്ചുകൊണ്ടിരിക്കുന്ന ഈ മനുഷ്യൻ അല്ല, ഞാൻ തെരഞ്ഞുചെന്ന മിർസാ സാഹിബ്. ഇദ്ദേഹം ആരാണെന്നു പോലും അന്വേഷിക്കാൻ നിൽക്കാതെ, ഞാൻ മിർസാ സാഹിബിന്റെ വാസഗൃഹം അയാളോടു ചോദിച്ചറിഞ്ഞു."

"ആ മഹാപുരുഷനെ, ഹദ്റത്ത് അഹ്മദ് (അ)നെ പ്രഥമദൃഷ്ട്യാ കണ്ടപ്പോൾതന്നെ ഞാൻ ഉള്ളിൽ പറഞ്ഞുപോയി, ഇതാ! ഇതുതന്നെയാണ് (ഹദ്റത്ത്) മിർസാ! ഈ തേജസ്വിക്ക് ജീവിതസർവ്വസ്വവും ഞാൻ അടിയറ വയ്ക്കട്ടെ....."

അങ്ങിനെ, ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്, തന്റെ ഗുരുവിനെ പ്രാപിച്ചു. കാലത്തിന്റെ ഇമാമിനെ അദ്ദേഹം സ്വീകരിച്ചു. പിന്നീട് ഗുരുവര്യന്, തന്നെ ആവശ്യമുണ്ടെന്നു ഒരു 'ദർശന'ത്തിലൂടെ വെളിപ്പെട്ടപ്പോൾ, 1893 മുതൽ അദ്ദേഹം ഖാദിയാനിൽ സ്ഥിരവാസമാക്കി.

ജമ്മുവിലേയ്ക്ക് മടങ്ങിപ്പോയ ശേഷവും കത്തിടപാടുകളിലൂടെ അദ്ദേഹം തന്റെ ഗുരുവുമായി ബന്ധം പുലർത്തികൊണ്ടിരുന്നു.

1889-ലാണ് അദ്ദേഹം ലുധിയാനയിൽ വച്ചു ബൈഅത്ത് ചെയ്തത്. ഹദ്റത്ത് അഹ്മദുൽ ഖാദിയാനി ഒന്നാമതായി ബൈഅത്ത് സ്വീകരിച്ചതും ഇദ്ദേഹത്തിൽ നിന്നായിരുന്നു.

1908-ൽ, ഹദ്റത്ത് അഹ്മദ് (അ) ചരമം പ്രാപിച്ചപ്പോൾ ജമാഅത്തിന്റെ ഏകകണ്ഠമായ അഭിപ്രായമനുസരിച്ച് ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ സാഹിബാണ് ഒന്നാം ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടത്. 1914-ൽ അദ്ദേഹം ചരമം പ്രാപി

*(ശേഷം 42-ൽ)*

കുറിപ്പുകൾ

**മുസാഫിർ**

# ജനാധിപത്യം പാകിസ്താനിൽ വേരുപിടിക്കുമോ?

ബ്രിട്ടീഷ് അടിമത്വത്തിൽ നിന്നും മോചനം കിട്ടിയനാൾ മുതൽ പട്ടാളത്തിന്റെ ബൂട്ടുകൾക്കിടയിൽ കഴിയാനാണ് പാക് ജനതയുടെ വിധി. ഫിബ്രുവരി 18ന് നടന്ന തെരഞ്ഞെടുപ്പ്, കഴിഞ്ഞ ഏട്ട് വർഷമായി പട്ടാളസർവ്വാധികാരിയായി പാക്കിസ്ഥാനിൽ വാഴുന്ന ജനറൽ പർവ്വേശ് മുഷർറഫിന്റെ കീഴിൽ ജനാധിപത്യകക്ഷികൾക്ക് ആ നാട് ഭരിക്കാൻ അവസരം നൽകുമോ? കളവിലും അഴിമതിയിലും പൊതുമുതൽ കൊള്ളയടിക്കുന്നതിലും പ്രത്യേക നൈപുണ്യം സിദ്ധിച്ച പാകിസ്താനിലെ രാഷ്ട്രീയ നേതാക്കന്മാരേക്കാൾ ഭേദം പട്ടാളമാണെന്ന് പറഞ്ഞാൽ പറഞ്ഞവരെ കുറ്റപ്പെടുത്താനാവില്ല. മുല്ലായിസത്തിന് മേൽകൈയ്യുള്ള പാകിസ്താൻ രാഷ്ട്രീയം നെറികെട്ടുപോയതിൽ അത്ഭുതപ്പെടാനില്ല.

പാകിസ്താൻ മുൻ പ്രധാനമന്ത്രി ബേനസീർ ഭൂട്ടോവിന്റെ ദാരുണമായ കൊലപാതകത്തിന് ശേഷം നടന്ന ദേശീയ - പ്രവിശ്യാ കൗൺസിൽ തിരഞ്ഞെടുപ്പിൽ ബേനസീറിന്റെ പാർട്ടിയായ പാകിസ്താൻ പീപ്പിൾസ് പാർട്ടിയാണ് ഏറ്റവും വലിയ ഒറ്റകക്ഷിയായി മാറിയത്. 272– സീറ്റിൽ 88 എണ്ണമാണ് പി.പി.ക്ക് ലഭിച്ചത്. നവാസ് ശരീഫിന്റെ പാകിസ്താൻ മുസ്ലീം ലീഗ് (നവാസ്)ന്ന് 67ഉം വടക്കു പടിഞ്ഞാറൻ പ്രവിശ്യയിൽ അവാമി നാഷണൽ പാർട്ടിക്ക് (ANP) 10മാണ് സീറ്റുകൾ ലഭിച്ചത്. നിലവിലെ ഭരണകക്ഷിയായ മുശർറഫിന്റെ പാകിസ്ഥാൻ മുസ്ലിംലീഗിന് (ഖായിദെ അഹ്സം). വെറും 40 സീറ്റുകൊ ണ്ട് തൃപ്തിപ്പെടേണ്ടിവന്നു.

ബേനസീർ ഭൂട്ടോവിന്റെ കൊലപാതകം, തിരഞ്ഞെടുപ്പിൽ തീർച്ചയായും പി.പി.പിക്ക് അനുകൂലമായ ഒരു തരംഗം സൃഷ്ടിച്ചിട്ടുണ്ടായിരിക്കും. എങ്കിലും മുശർറഫിനെതിരെയുള്ള വിധിയെഴുത്തായിട്ടാണ് ഇത് പൊതുവെ കരുതപ്പെടുന്നത്. പി.പി.പി., പി.എം.എൽ. (നവാസ്) എ.എൻ.പി. എന്നീ കക്ഷികൾ ചേർന്ന് പി.പി.പി.ക്കാരനായ മഖ്ദൂം ഫാഹിം അമീനെ പ്രധാനമന്ത്രിയാക്കി മന്ത്രിസഭ രൂപികരിക്കാനുള്ള തത്രപാടിലാണ്. ദേശീയ മന്ത്രിസഭ രൂപീകരിക്കുന്ന വിജയിച്ച രാഷ്ട്രീയകക്ഷികൾ അതനുസരിച്ച് പ്രവിശ്യ അസംബ്ലികളിലും നീക്കുപോക്കുകളുണ്ടാക്കി, സംസ്ഥാന മന്ത്രിസഭകളും രൂപീകരിക്കുമെന്നാണ് സൂചന. ഈ മൂന്ന് പ്രബലകക്ഷികൾ ചേർന്ന് മൂന്നിലെന്ന് ഭൂരിപക്ഷമുണ്ടെങ്കിൽ പ്രസിഡണ്ട് മുശർറഫിനെ ഇംപീച്ച് ചെയ്ത് പുറത്താക്കുമെന്ന് കേട്ടിരുന്നു. പക്ഷേ ആ പൂതി നടപ്പാവുമെന്ന് തോന്നുന്നില്ല. 'ഇട്ടിയമ്മ ചാടിയാൽ കൊട്ടിയമ്പലത്തോളം' എന്നാണല്ലോ. പാക്കിസ്താനിൽ അത്തരത്തിലുള്ള വല്ല ആഗ്രഹങ്ങളും നടക്കണമെങ്കിൽ ഇവരുടെയെല്ലാം ബിഗ്ബോസായ അമേരിക്ക കനിയണം. അമേരിക്കക്ക് അത്രമാത്രം വിധേയപ്പെട്ട ഒരു രാജ്യമാണ് പാകിസ്താൻ. തിരഞ്ഞെടുപ്പ് കഴിഞ്ഞ് മന്ത്രിസഭ രൂപീകരിക്കുന്നതിന്റെ തിരക്കിൽ പോലും പി.പി.പി. ചെയർമാനും ബേനസീർ ഭൂട്ടോവിന്റെ ഭർത്താവുമായ ആസിഫലി സർദാരി ഇസ്ലാമാബാദിലെ അമേരിക്കൻ എംബസിയിൽ പോയി അടച്ചു പൂട്ടിയ മുറിയിലിരുന്ന് അമേരിക്കൻ അംബാസഡറുമായി ദീർഘനേരം ചർച്ച നടത്തിയതിന് ശേഷമാണ് പുറത്തേക്ക് വന്നത്. അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചേ ഇനി പി.പി.പി. നേതാവിന് പ്രവർത്തിക്കാനാവൂ. പാകിസ്താനിൽ ജീവിക്കണമെങ്കിലും ഭരണകസേരയിലിരിക്കണമെങ്കിലും അമേരിക്കയുടെ കടാക്ഷം വേണമെന്ന് പാകിസ്താനിലെ രാഷ്ട്രീയക്കാർക്കറിയാം.

ജനങ്ങൾ അമേരിക്കയെ വെറുക്കുന്നുണ്ടെങ്കിലും അമേരിക്കയുടെ മനസ് മുഷിയാതിരിക്കാൻ ഭരണാധികാരികൾ എന്ത് വില നൽ കാനും തയ്യാറാണ് എന്നതാണ് വാസ്തവം. പാകിസ്താനിൽ ബേനസീർ വാണരുളിയിരുന്ന കാലത്ത് മന്ത്രിപദത്തിലിരുന്നയാളാണ് അവരുടെ ഭർത്താവും ഇപ്പോൾ പി.പി.പി. നേതാവുമായ ആസിഫലി സർദാരി. ഈ അഭിവന്ദ്യനേതാവിന് പാകിസ്താൻ പത്രങ്ങൾ ചാർത്തി കൊടുത്ത പേരാണ് 'മിസ്റ്റർ ടെൻ പ്രസന്റ്'

അതായത് ഗവൺമെന്റിൽ കാര്യങ്ങൾ സാധിക്കണമെങ്കിൽ ടിയാന്റെ കമ്മീഷന്റെ ശതമാനമാണ് മേൽപറഞ്ഞ അഭിധാനത്തിലെ ഉള്ളടക്കം. അത്രമാത്രം ക്ലീൻ ഇമേജുള്ള ദേഹമാണ് സർദാരി. അദ്ദേഹത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത എല്ലാ കേസുകളും മുശർറഫ് നിരുപാധികം പിൻവലിച്ചിട്ടുണ്ട്. തന്റെ മുന്നിൽ ഭീഷണിയായേക്കാവുന്ന ഇംപീച്ച്മെന്റിനെ മറികടക്കാനുള്ള ഒരു അഡ്ജസ്റ്റ്മെന്റായിട്ടാണ് ഇതിനെ രാഷ്ട്രീയ നിരീക്ഷകർ കാണുന്നത്. അമേരിക്കയുടെ ഭീകരതക്കെതിരെയുള്ള യുദ്ധത്തിൽ സർവ്വാത്മനാ സഹകരിക്കുന്ന മുശർറഫിനെ അധികാരഭ്രഷ്ടനാക്കാൻ അമേരിക്ക ഒരിക്കലും ആഗ്രഹിക്കില്ല.

ഈ തിരഞ്ഞെടുപ്പിലെ ഏറ്റവും ശ്രദ്ധേയമായൊരു വശം മുല്ലാ പാർട്ടികളെ വേണ്ടത് പോലെ ജനം ശിക്ഷിച്ചു എന്നതാണ്. പാക്കിസ്ഥാനിലെ ഏറ്റവും വലിയ മത പിൻന്തിരിപ്പൻ പാർട്ടിയായ ജമാഅത്തെ ഇസ്‌ലാമിയടക്കം ആറ് മതരാഷ്ട്രീയ പാർട്ടികൾ ചേർന്ന് രൂപീകരിച്ചത് മുത്തഹിദ് മജ്‌ലിസെ അമലിന് (M.M.A) വൻ സ്വാധീനമുണ്ടായിരുന്ന സംസ്ഥാനമായിരുന്നു വടക്ക് പടിഞ്ഞാറൻ പ്രവിശ്യ.2002 ലെ തെരഞ്ഞെടുപ്പിൽ 59 സീറ്റുകൾ നേടിയ M.M.Aക്ക് ഇത്തവണ 5 സീറ്റുകൾ മാത്രമാണ് ലഭിച്ചത്. വടക്ക് പടിഞ്ഞാറൻ പ്രവിശ്യയിൽ താരതമ്യേന സെക്കുലർ പാർട്ടിയായ അവാമി നാഷണൽ പാർട്ടിയാണ് ജയിച്ചത്. പാകിസ്താനിലെ ജമാഅത്തെ ഇസ്‌ലാമി ഇവിടുത്തെ പോലെ തന്നെ മതഭ്രാന്തിന്റെ വിടുവായത്വം കൊണ്ടും, തെരുവിൽ ആളെയിറക്കിയും പൊതുജനശ്രദ്ധ പിടിച്ചുപറ്റുകയല്ലാതെ ജനങ്ങൾക്കിടയിൽ വേരുകളില്ലാത്ത പാർട്ടിയാണ്. ഒരു കൈയ്യിൽ വാളും മറുകൈയ്യിൽ ഖുർആനുമായി തെരുവിൽ പ്രകടനം നയിക്കുന്ന ജമാഅത്തെ ഇസ്‌ലാമി സുപ്രിമോ ഖാദി ഹുസൈൻ തിരഞ്ഞെടുപ്പിൽ തോറ്റ് തുന്നം പാറുമെന്ന് മുൻകൂട്ടി കണ്ടറിഞ്ഞ് തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കുകയായിരുന്നു. അദ്ദേഹത്തോടൊപ്പം ക്രിക്കറ്റ് ഗ്ലാമർ താരമായിരുന്ന ഇമ്രാൻഖാന്റെ തെഹ്‌രീക്കെ ഇൻസാഫ് എന്ന ഈർക്കിൾ പാർട്ടിയും തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുകയുണ്ടായി. ആറു മതപാർട്ടികളുടെ സഖ്യമായ എം.എം.എ. മൊത്തം തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കാൻ തീരുമാനിച്ചതായിരുന്നു. എന്നാൽ മറ്റൊരു കടുത്ത മത പാർട്ടിയായ ജംഇയ്യത്തുൽ ഉലമായെ ഇസ്‌ലാം നേതാവായ മൗലാനാ ഫസലു റഹ്മാൻ തിരഞ്ഞെടുപ്പുമായി സഹകരിക്കുകയും എം.എം.എ.യെ പിളർത്തി മുശർറഫിനനുകൂലമായി നിൽക്കുകയുമാണുണ്ടായത്. മൗലാനായുടെ അത്ഭുതകരമായ ഈ നയം മാറ്റത്തിന് കാരണം തന്റെ യൂറോപ്യൻ യാത്രയിലുണ്ടായ ഒരു ബലഹീനതയെ പിടിച്ച് മുശർറഫ് വിരട്ടി വറുതിയിൽ നിർത്തിയതിനാലാണെന്നാണ് ചില മാധ്യമങ്ങളുടെ ആക്ഷേപം. അതുകൊണ്ടാണ് അദ്ദേഹം തിരഞ്ഞെടുപ്പ് ബഹിഷ്കരിച്ച് മറ്റ് മൗലാനാമാരുടെ കൂട്ടത്തിൽ ഇറങ്ങിവരാത്തത്. ഏതായാലും മത തീവ്രവാദം പാകിസ്താൻ ജനത ഇഷ്ടപ്പെടുന്നില്ല എന്ന കാര്യം തിരഞ്ഞെടുപ്പിൽ പ്രകടമാണ്. എന്നാൽ ഭീരുക്കളായ രാഷ്ട്രീയക്കാരാണ് ഇവരെ ഭയപ്പെടുന്നത്. പ്രശസ്ത പത്രപ്രവർത്തകനായ കുൽദീപ് നയ്യാർ പറഞ്ഞത് വളരെ ശ്രദ്ധേയമാണ്.

*'മതവികാരത്തിന്റെ ഭാവമുണർത്തുന്ന ഈ ശക്തികൾ സ്വാധീനമുറപ്പിച്ചു വരികയാണെന്നതാണ് ഭീതിജനകം. പള്ളികളിൽ തങ്ങളെ (രാഷ്ട്രീയക്കാരെ) തള്ളി പറയാൻ കഴിയുന്ന മുല്ലമാരെയും മൗലവിമാരെയും ഭയപ്പെടുന്നതിനാൽ രാഷ്ട്രീയക്കാരിലൊരാൾ പോലും ഇവരെ പരസ്യമായി കുറ്റപ്പെടുത്താൻ തയ്യാറാവുന്നില്ല. നമ്മൾ വിതച്ചതാണ് നമ്മൾ കൊയ്യുന്നതെന്നാണ് രഹസ്യമായി എല്ലാവരും നടത്തുന്ന നിരീക്ഷണം (അനിശ്ചിതരാഷ്ട്രം - മാധ്യമം - ഫിബ്രവരി - 25-2008).*

പാകിസ്താനിൽ ഇപ്പോൾ മന്ത്രിസഭയുണ്ടാക്കാൻ പോകുന്ന രാഷ്ട്രീയ സഖ്യം ഏറെ നീണ്ടു നിൽക്കില്ല എന്നുറപ്പാണ്. സ്വാർത്ഥ മോഹികളായ ഈ രാഷ്ട്രീയകക്ഷികൾ സമീപഭാവിയിൽ തന്നെ തല്ലി പിരിയുമെന്ന് അവർക്ക് തന്നെ അറിയാം. പാകിസ്താനിൽ ജനാധിപത്യവും നീതിയും സമാധാനം വരണമെങ്കിൽ - മുല്ലായിസത്തിന്റെ പിടിയിൽ നിന്നും ആ രാജ്യം പ്രാഥമികമായി മോചിതമാവേണ്ടതുണ്ട്. പിന്നീട് മുല്ലായിസത്തെ ഭയപ്പെടുന്ന അഴിമതിക്കാരായ രാഷ്ട്രീയ നേതൃത്വത്തിൽ നിന്നും പാകിസ്താൻ മോചിതമാവണം. അത്തരം ഭരണാധികാരികൾക്കെ പാകിസ്താനെ രക്ഷിക്കാൻ കഴിയൂ. അത് പട്ടാളക്കാരനായാലും തരക്കേടില്ല. അത്രക്ക് നാറിയിരിക്കുന്നു അവിടുത്തെ മതവും രാഷ്ട്രീയവും. ■

---

*(33-ൽ നിന്ന് തുടർച്ച)*

അല്ലാഹു അതിനെക്കുറിച്ച് നല്ല വണ്ണം അറിവുള്ളവനാണ്.

രഹസ്യമായും പരസ്യമായും (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) രാവും പകലും ചെലവുചെയ്യുന്നവർ, അവർക്ക് തന്റെ നാഥന്റെയടുക്കൽ അവരുടെ പ്രതിഫലം ഉണ്ട്. അവർക്ക് യാതൊരു ഭയവുമുണ്ടായിരിക്കയില്ല. അവർ ദുഃഖിതരാവുകയുമില്ല. (2:272275) ■

വിവ : **അഹമ്മദ് ഷാഫി. എച്ച്**

# അനുസ്മരണം



## ജനാബ് ടി. ആലി സാഹിബ്

കോഴിക്കോട്: കോഴിക്കോട് ജമാഅത്തിലെ പ്രവർത്തക സമിതി അംഗമായിരുന്ന ജനാബ് ടി. ആലി സാഹിബ് (84). 7-2-2008 വ്യാഴാഴ്ച രാവിലെ പന്നിയങ്കരയിലുള്ള വസതിയിൽ വഫാത്തായി. ഇന്നാലില്ലാഹി....

കോഴിക്കോട് ജില്ലയിലെ കൊടുവള്ളിക്കടുത്ത് കൊട്ടക്കടവ് വയൽ' എന്ന ഗ്രാമത്തിൽ ജനിച്ച അദ്ദേഹം പിതാവിനെ സഹായിക്കാൻ കോഴിക്കോടു വരികയായിരുന്നു. കോഴിക്കോട്ടു വെച്ചായിരുന്നു അഹമ്മദിയ്യാ ജമാഅത്തിനെ കുറിച്ച് മനസ്സിലാക്കാൻ അവസരം ലഭിച്ചത്. പിന്നീട് 1951 മെയ് 26-ാം തിയ്യതി അദ്ദേഹം ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. അതിനെതുടർന്ന് അദ്ദേഹത്തിന് നാട്ടിൽ നിന്നും വമ്പിച്ച എതിർപ്പുകൾ നേരിടേണ്ടിവന്നു. ഭാര്യയെ വേർപ്പെടുത്തി. പിന്നീട് അദ്ദേഹം കോഴിക്കോട് ജമാഅത്തിലെ കെ.ടി, മുഹമ്മദ് സാഹിബിന്റെ മകൾ ഇമ്പിച്ചിഫാത്തിമ സാഹിബയെയാണ് വിവാഹം ചെയ്തത്. അതിന് ശേഷം ആദ്യ ഭാര്യയിലുള്ള പെൺകുഞ്ഞിനെ കോഴിക്കോട്ടേക്ക് കൊണ്ടുവന്ന് വളർത്തി. അഹ്മദിയ്യത്തിൽ വിവാഹം കഴിപ്പിക്കുകയായിരുന്നു.

ഉർജ്ജ്വസ്വലനും കർമ്മനിരതനുമായിരുന്ന ടി ആലിസാഹിബ് ജമാ അത്തിന്റെ എല്ലാ മേഖലകളിലെ പ്രവർത്തനങ്ങളിലും ഒരു മുന്നണിപോരാളിയായിരുന്നു. എൺപതുകളിൽ സത്യദൂതന്റെ സേവനത്തിനായി അദ്ദേഹം അക്ഷീണം പ്രവർത്തിക്കുകയുണ്ടായി. അതുപോലെ സാമ്പത്തിക രംഗത്തും അദ്ദേഹത്തിന്റെ ത്യാഗങ്ങൾ മാതൃകാപരമായിരുന്നു. ജമാഅത്തിന്റെ പ്രസിദ്ധീകരണരംഗത്തെ സംഘാടനത്തിനും പ്രവർത്തനത്തിനും സമർപ്പിച്ച സേവനം അവിസ്മരണീയമാണ്. അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യമുണ്ടായിരുന്ന മിനാറത്ത് പബ്ളിക്കേഷനാണ് ഇസ്ലാം മതതത്വജ്ഞാനം, യേശു കാശ്മീരിൽ, നമ്മുടെ ബുദ്ധൻ എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയത്. മയ്യത്ത് സംസ്കരണവുമായി ബന്ധപ്പെട്ടരംഗത്ത് നിസ്തുലമായ സേവനമാണ്. അദ്ദേഹം നടത്തിയത്. കോഴിക്കോട് ജമാഅത്തിലെ അൻസുല്ലാഹ് സയീം, സിക്രട്ടറി മാൽ (ധനകാര്യം) ജാ ഇദാദ സിക്രട്ടറി (സ്വത്ത് കാര്യം) എന്നീ സ്ഥാനങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. കോഴിക്കോട് ബൈത്തുൽ ഖുദ്ദുസ് നിർമ്മാണവുമായി ബന്ധപ്പെട്ട് എല്ലാ നിലയിലും അദ്ദേഹം പ്രവർത്തിച്ചു. പണ്ഡിതവരേണ്യനായ മൗലാനാ അബ്ദുല്ലാ സാഹിബിന്റെ സാന്ത്വനം വളരെയേറെ അനുഭവിച്ച വ്യക്തിയായിരുന്നു അദ്ദേഹം. അതുപോലെ മർഹൂം മൗലാനാ അഹ്മദ് റഷീദ് സാഹിബ്, മർഹൂം മൗലാനാ മുഹമ്മദ്, അബ്ദുൽ വഫാ സാഹിബ്, മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, മൗലവി മുഹമ്മദ് യൂസഫ് സാഹിബ് എന്നിവരുമായെല്ലാം ടി ആലി സാഹിബിന് വ്യക്തിപരമായി വളരെ അടുത്ത ബന്ധമാണുണ്ടായിരുന്നത്. 1985-ൽ ലണ്ടനിൽ ഖലീഫത്തുൽ മസീഹ് നാലാമന്റെ (റഹ്) സാന്നിദ്ധ്യത്തിൽ നടന്ന ആദ്യ സമ്മേളനത്തിൽ പങ്കെടുക്കുവാനും ഹുസുറിനെ നേരിട്ടു കാണുവാനും. അദ്ദേഹത്തിന് സൗഭാഗ്യം ലഭിച്ചിട്ടുണ്ട്.

1964-ൽ തന്നെ അദ്ദേഹം അനുഗൃഹീതമായ വസിയ്യത്ത് പദ്ധതിയിൽ അംഗമായി. സദർ അൻജുമൻ അഹ്മദിയ്യ നാസിർ ബൈത്തുൽ മാൽ മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ കോഴിക്കോട്ട് ജനാസ നമസ്കാരത്തിന് നേതൃത്വം നൽകി. വിമാനമാർഗ്ഗം ഖാദിയാനിലേയ്ക്ക് കൊണ്ടുപോയ ജനാസ അവിടെ ബഹിശ്തിമഖ്ബറയിൽ കബറടക്കുകയാണുണ്ടായത്. നാസിർ ആലാ മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറി ഖാദിയാനിൽ ജനാസ നമസ്കാരത്തിന് നേതൃത്വം നൽകി.

മക്കൾ : അഹമ്മദ് റശീദ്, അഹമ്മദ് സഊദ്, അഹ്മദ് ബശീർ, ഖദീജ, ജമീല, സഊദ, സാജിദ, റാഷിദ, വഹീദ പരേതനായ കെ.പി. അബൂബക്കർ, എം. റഫീഖ് അഹ്മദ്, കെ.എ. നദീർ അഹ്മദ്, സി.ജി. അബ്ദുൾ ഖയ്യൂം, എം. മഹമൂദ്, എം. ഖമറുദ്ദീൻ മൈനൂന, സിദ്ദീഖ ബീവി, അമീറ എന്നിവർ മരുമക്കളുമാണ്.

അല്ലാഹു പരേതന് മഗ്ഫിറത്തും റഹ്മത്തും നൽകി ജന്നത്തിൽ ഉന്നതമായ സ്ഥാനം നൽകുമാറാകട്ടെ ആമീൻ

**ടി.എ.എസ്., കോഴിക്കോട്**

## കെ. ഉമ്മാച്ചുബി സാഹിബ

കോഴിക്കോട് ജമാഅത്ത് മുൻ പ്രസിഡന്റ് മർഹൂം കെ.എ. മൊയ്തീൻ കോയ (കോയമോൻ സാഹിബ്) സാഹിബിന്റെ ഭാര്യ കെ. ഉമ്മാച്ചുബി സാഹിബ (80) 06-12-07ന് നിര്യാതയായി. ഇന്നാലില്ലാഹി......

കോഴിക്കോട് അത്തോളിയിൽ

ജനിച്ച അവർ ഭർത്താവ് അഹ്മദി യത്ത് സ്വീകരിച്ചതിന്റെ പേരിൽ ഒരു പാട് ത്യാഗങ്ങൾ സഹിക്കുകയു ണ്ടായി. ഭർത്താവിൽ നിന്നും വേർപെടുത്താൻ സ്വകുടുംബ ത്തിൽ ബന്ദിയാക്കപ്പെട്ട അവർ കൈക്കുഞ്ഞുമായി പോലീസിന്റെ അകമ്പടിയോടെ ഭർത്താവിനെ പ്രാപിക്കുകയായിരുന്നു. മുസ് ലിം ലീഗ് നേതാവും മുൻ മുഖ്യമന്ത്രിയു മായ പരേതനായ സി.എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ അടുത്ത ബന്ധുവായ ഉമ്മാച്ചുബി സാഹിബ അദ്ദേഹത്തിന്റെ മരണം വരെ നല്ല ബന്ധം പുലർത്തിയിരുന്നു.

ഒരുപാട് സൽഗുണങ്ങളുമുള്ള വരുമായിരുന്നു അവർ. അവരുടെ എല്ലാ ത്യാഗങ്ങളും സൽക്കർമ്മ ങ്ങളും അല്ലാഹു സ്വീകരിക്കുമാറാ കട്ടെ! അവർക്കു ജന്നത്തും മഗ്ഫി റത്തും നൽകി അനുഗ്രഹിക്കു കയും ചെയ്യുമാറാകട്ടെ! ആമീൻ.

മക്കൾ : ആലിക്കോയ, മഹ്മൂ ദ്, ഖദീജ, മറിയംബി, പരേതനായ ബഷീർ, നദീർ അഹ്മ്മദ്, പരേത യായ ഹാജറ, മുഹമ്മദ് സഫറുല്ല (ഇൻസ്പെക്ടർ വക്ഫെ ജദീദ്) പരേതയായ ഇമ്പിച്ചിപ്പാത്തുമ്മബി.

മരുമക്കൾ : അബ്ദുൽകരീം, പി. ആലിക്കോയ, എം.പി. ഇബ്രാഹിം (മഞ്ചേശ്വരം), ആയിശ ബി, സഈദ, ബുഷ്റ, പരേതനായ അബൂബക്കർ.

**കെ. നദീർ**

## കെ.ആമിന സാഹിബ

കോഴിക്കോട് : കോഴിക്കോട് ജമാഅത്തിലെ കെ.ടി. മുഹമ്മദ് സാഹിബിന്റെ (മർഹും) ഭാര്യയും മർ ഹും ടി ആലി സാഹിബിന്റെ ഭാര്യമാതാവുമായ കെ ആമിന സാഹിബ (ആമിൻത്താത്ത) (90 വ യസ്സ്) 15-2-2008 വെള്ളിയാഴ്ച വഫാത്തായി. ഇന്നാലില്ലാഹി........

കോഴിക്കോട് ജമാഅത്തിൽ ലജ്നാ ഇമാഇല്ലാഹ് രൂപീകരിക്കപ്പെ ട്ടപ്പോൾ അതിന്റെ ആദ്യത്തെ പ്രസി ഡണ്ട് അവരായിരുന്നു. നാൽപതു കളുടെ ആദ്യത്തിലാണ് അവർ തന്റെ ഭർത്താവിനോടൊപ്പം ബൈ അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേ ശിച്ചത്. അതിന് മുമ്പ് അവർ ഒരു സജീവ കോൺഗ്രസ്സ് പ്രവർത്തക യായിരുന്നു. പൊതുവെ യാഥാസ്ഥി തികമായിരുന്ന അക്കാലത്ത് തന്നെ സാമൂഹ്യബോധവും പ്രബുദ്ധത യും നേടിയ ഒരു മഹതിയുമായിരു ന്നു അവർ. തന്റെ ബന്ധുമിത്രാതി കളുടേയും അയൽവാസികളുടേയു മെല്ലാം വിദ്യാഭ്യാസം, ശിക്ഷണം, ആരോഗ്യം, എന്നീകാര്യങ്ങളിൽ അവർ അസാധാരണമായ നിലയിൽ ശ്രദ്ധപതിപ്പിക്കുകയും അത്തരം കാര്യങ്ങളിൽ തന്റെ കഴിവിന്റെ പര മാവധി അവരെ സഹായിക്കുകയും ചെയ്തു. മറ്റുജീവകാരുണ്യ പ്രവർ ത്തനങ്ങളിലും അവർ വ്യാപൃത യായിരുന്നു. തബ്ലീഗ് രംഗത്ത് ആവേശപൂർവ്വം പ്രവർത്തിക്കുമാ യിരുന്ന അവരുടെ പ്രവർത്തനഫ ലമായി ബൈഅത്തുകളും നടന്നി ട്ടുണ്ട്. മുൻ സംസ്ഥാന അമീർ മർഹം ഏ.പി. കുഞ്ഞാമുസാഹിബ് സംസ്ഥാന തബ്ലീഗ് സിക്രട്ടറി ആയിരുന്ന കാലത്ത് 1968- ൽ കരു നാഗപള്ളി സംസ്ഥാന സമ്മേളന ത്തോടനുബന്ധിച്ച് നടന്ന "ഓപ്പറേ ഷൻ ട്രാവൻക്കൂർ" എന്ന തബ്ലീഗ് പരിപാടിയിൽ പങ്കെടുത്ത് കൊണ്ട് ചങ്ങനാശ്ശേരി, കൊല്ലം, കോട്ടയം, ആലപ്പുഴ, തിരുവന്തപുരം, എന്നീ തിരുവിതാംകൂറിലെ പട്ടണങ്ങളിൽ അഹ്മദിയ്യത്തിന്റെ സന്ദേശം എത്തി ക്കാൻ അവർക്ക് സൗഭാഗ്യം ലഭിച്ചു.

മലബാറിലെ വിവിധ ജമാഅ ത്തുകളിൽ നിന്ന് ചികിത്സാർത്ഥം കോഴിക്കോടെത്തുന്ന അഹ്മദിക ളെ ആശുപത്രി കാര്യങ്ങളിൽ സഹാ യിക്കുകയും ആവശ്യാനുസരണം അവരെ പരിരക്ഷിക്കുകയും ശുശ്രൂ ഷിക്കുകയും ചെയ്യുന്ന അവരുടെ ശീലം ഒരുപാടു സൗഹൃദങ്ങൾ അവർക്കു നേടിക്കൊടുത്തു. പരന്ന വായനശീലമുള്ള അവർ പൊതു സാഹിത്യങ്ങൾക്ക് പുറമെ അഹ്മ ദിയ്യാ, സാഹിത്യങ്ങളും, സത്യദൂ തനും മുടക്കം കൂടാതെ വായിച്ചി രുന്നു. കൂടാതെ പത്രപാരായ ണതൽപരയുമായിരുന്നു. അവരുടെ വിജ്ഞാന തല്പരതയും പ്ര ബുദ്ധ തയും മാതൃകാപരമാണ്. അല്ലാഹു അവർക്ക് തക്കതായ പ്രതിഫലം നൽകുമാറാകട്ടെ.

ആമീൻ

മക്കൾ : ഇമ്പിച്ചായിശ, ഇബിച്ചി ഫാത്തിമ, കദീജ, ജാമാതാക്കൾ കെ.പി. മുഹമ്മദ് കാസിം സാഹിബ് ടി. ആലിസാഹിബ, എ.കെ. മുഹമ്മ ദലി സാഹിബ്.

**ടി.എസ്.**

---

*(38-ൽ നിന്ന് തുടർച്ച)*

ച്ചു. അദ്ദേഹത്തിന്റെ വിശുദ്ധ ഖബർ, ഖാദിയാനിൽ, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടേതിന്നു തൊട്ടടുത്തായി സ്ഥിതി ചെയ്യുന്നു.

വാഗ്ദത്ത മസീഹിന്, തന്റെ ശിഷ്യനായ നൂറുദ്ദീൻ സാഹിബി നോടു അത്യധികമായ ആദരവും സ്നേഹവും ഉണ്ടായിരുന്നു. അതു പോലെതന്നെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിനോട് നൂറുദ്ദീൻ സാഹി ബിനും.

ഹദ്റത്ത് അഹ്മദ് (അ) തന്റെ ഈ ശിഷ്യനെപ്പറ്റി ഒരിക്കൽ ഇപ്ര കാരം പാടുകയുണ്ടായി. ആ പാർ സി കവിതയുടെ കാവ്യാർത്ഥം ഇതാണ്.

*''സമുദായത്തിലെ ഓരോ വ്യക്തിയും നൂറുദ്ദീൻ ആയെങ്കിൽ ഹാ, എത്ര നന്നായിരുന്നു. പക്ഷേ, ഓരോ ഹൃദയവും വിശ്വാസദാർഢ്യ ത്തിൽ പ്രഭാപൂരിതമായിത്തീരു മ്പോൾ മാത്രമേ അതുണ്ടാവുകയു ള്ളൂ."*

(തുടരും)